പെരുമാട്ടി ഗ്രാമ പഞ്ചായത്ത്

വികസന രേഖ





പഞ്ചായത്ത്‌രാജ്

ജനങ്ങളാൽ
ജനങ്ങൾക്കുവേണ്ടി



ഒൻപതാം പദ്ധതി ജനകീയ പദ്ധതി

പെരുമാട്ടി ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ



"എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്
എന്നാൽ
ആരുടേയും
ദുരയെ തൃപ്തിപ്പെടുത്താൻ
വിഭവങ്ങളില്ല
താനും "

- മഹാത്മാഗാന്ധി

എഡിറ്റോറിയൽ ബോർഡ്

കെ. ചെന്താമര
കെ. ശശിധരൻ
സി. ചന്ദ്രൻ
കെ. ലത
ടി. ഷീന

നമ്പർ	വിഷയവിവരം	പേജ്

1. ആമുഖം

2. പ്രവർത്തന രേഖ

3 പഞ്ചായത്ത് പൊതുവിവരണം


4 സാമൂഹിക സാംസ്കാരിക ചരിത്രം

5. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

6. സാമൂഹിക സാമ്പത്തിക മേഖലകൾ

- 6.1 കൃഷിയും ജലസേചനവും
- 6.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
- 6.3 വ്യവസായം
- 6.4 വിദ്യാഭ്യാസം
- 6.5 കുടിവെള്ളവും പൊതുജനാരോഗ്യവും
- 6.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- 6.7 പാർപ്പിടവും സാമൂഹ്യക്ഷേമവും
- 6.8 സംസ്കാരം
- 6.9 വനിത
- 6.10 സഹകരണം
- 6.11 പട്ടികജാതി പട്ടികവർഗക്ഷേമം
- 6.12 വിഭവസമാഹരണം
- 6.13 ടൂറിസം


7. ഉപസംഹാരം



ശ്രീ. കെ. ചെന്താമര
പ്രസിഡൻറ്



ശ്രീ. എ.വി. അരവിന്ദാക്ഷൻ
വൈസ് പ്രസിഡൻറ്



ശ്രീ. കെ. ആറുമുഖൻ
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർ പേഴ്സൺ

എഡിറ്റോറിയൽ ബോർഡ്




ഇരിക്കുന്നവർ (ഇടത്തുനിന്ന്)

1. കെ. ശശീധരൻ
2. കെ. ചെന്താമര
3. സി. ചന്ദ്രൻ

നിൽക്കുന്നവർ (ഇടത്തുനിന്ന്)

4. കെ. ലത
5. ടി. ഷീന

ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ



ഇരിക്കുന്നവർ (ഇടത്തുനിന്ന്)

1. ആർ. പങ്കജാക്ഷൻ
2. വി. ഭാസ്കരൻ
3. എം.കെ. രങ്കൻ
4. വി. കനകരാജ്

നിൽക്കുന്നവർ (ഇടത്തുനിന്ന്)

5. ഓമന ജേക്കബ്
6. വി. പാറു
7. ജലജാ പ്രേം കുമാർ
8. കൗസല്യാ വരദരാജ്

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. കൃഷിയും ജലസേചനവും
   - വി. ഭാസ്കരൻ
   - കെ. സുദേവൻ
   - സി. സൗദാമിനി
   - സി. മുരളീധരൻ
   - സി. വിജയൻ

2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും
   - കെ. ആറുമുഖൻ
   - ടി. ശേഖരൻ
   - സി. ദേവകി
   - രവിന്ദ്രൻ
   - സബൈദ

3. വ്യവസായം
   - എ.വി. അരവിന്ദാക്ഷൻ
   - വി. സുന്ദരി
   - ജി. സുരേഷ് കുമാർ
   - വി. അമ്മുക്കുട്ടി
   - രാജൻ
   - സി. ഷൺമുഖൻ

4. വിദ്യാഭ്യസം
   - ഓമനാ ജേക്കബ്
   - കെ.പ്രഭാകരൻ
   - വി. രാമകൃഷ്ണൻ
   - പ്രഭാവതി
   - എൻ. പുങ്കോത
   - എ. നീന

5. കുടിവെള്ളവും, പൊതുജനാരോഗ്യവും
   - ജലജാ പ്രേംകുമാർ
   - എ. കൃഷ്ണൻ കുട്ടി
   - കെ. ചിന്താമണി
   - ആർ. മല്ലിക
   - സി. ജയപ്രകാശൻ

6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - ആർ. പങ്കജാക്ഷൻ
   - വി. കൃഷ്ണൻ
   - കെ. രുഗ്മണി
   - പി.വി. പ്രേംകുമാരൻ
   - ഗിരിജാ ദേവി
   - സി. ദേവകി

7. പാർപ്പിടവും സാമൂഹ്യക്ഷേമവും
   - കൗസല്യാ വരദരാജ്
   - ഭരതൻ
   - കെ.വി അച്ചുതൻ
   - ധനലക്ഷ്മി
   - അംബിക
   - വി. വാസു

8. സംസ്ക്കാരം
   - വി. പാറു
   - ബി. റാണിചന്ദ്ര
   - കെ. വി. സുദേവൻ
   - വി.രോഹിണി
   - എം. ഗിരിജ


9. വനിത
   - വനജാ ചന്ദ്രൻ
   - ടി. കെ. പ്രമീള
   - എം. സിറാജ്
   - ടി. മീനാലക്ഷമി
   - ഭാനുമതി


10. സഹകരണം
    - എൻ.സി. വേലപ്പൻ
    - ജി. പൊന്നുകുട്ടൻ
    - ജലജ
    - ചന്ദ്രിക
    - സി. രാജൻ


11. പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമം
    - എം. കെ. രങ്കൻ
    - കെ. ശിവരാജൻ
    - എം. കല്യാണി
    - പങ്കജം
    - പി. ചന്ദ്രവല്ലി

12. വിഭവ സമാഹരണം
    - എം. ചിന്നതമ്പി
    - ആർ. രവീന്ദ്രൻ
    - സി. പുഷ്പലത
    - എം. ദേവി
    - പി. സുന്ദരി
    - ചന്ദ്രക്കലാധരൻ എ.പി.

പെരുമാട്ടി ഗ്രാമപഞ്ചായത്ത്
സ്ഥാനം




അതിർത്തി വിവര ഭൂപടം
പെരുമാട്ടി പഞ്ചായത്ത്
ചിറ്റൂർ
നടുപ്പുണി
നരണി
U.P.S. വിമയോടി
വണ്ടിത്താവളം വില്ലേജ്
കുഴൽക്കുളം
പുതുശ്ശേരി
പുതുശ്ശേരി
വേന്ദ്രു
വണ്ടിത്താവളം
എത്തൽപ്പാലം
നരണി
കൊല്ലങ്കോട്
കൊല്ലങ്കോട്
കൊല്ലങ്കോട്


ജല ശ്രോതസ്
പെരുമാട്ടി പഞ്ചായത്ത്
വ
കിലോ മീ
പുഴ
തോട്
കനാൽ
കുളങ്ങൾ
ഡാം
റെയിൽവേലൈൻ

1

ആമുഖം

തമിഴ്പെരുമയും മലയാളതനിമയും പാലക്കാടൻ ചുരത്തിൽ സമന്വയിച്ചത് ചരിത്രാതീത കാലത്താണ്. അവിടുന്നിങ്ങോട്ടു ഈ ഇരു സംസ്കാരങ്ങളും ഇടചേർന്ന് പോന്ന കഥകളയവിറക്കി, പെരുമാട്ടി എന്ന ഗ്രാമം, ഏതോ നാടോടിക്കഥയിലെ കന്നിപ്പെണ്ണായി, ശോകനാശിനി തീരത്ത് പെരുമയെ പാലൂട്ടി നിലനിൽക്കുന്നു. ആര്യമാലയും, രാജ ഹരിശ്ചന്ദ്രയും, സത്യവാൻ സാവിത്രിയും പെരുമാട്ടിയുടെ ഹരിത ധന്യതയിൽ എത്രയോ രാവുകൾക്ക് താളലയങ്ങൾ കൊടുത്തു. കാർഷിക വൃത്തി ജീവിത വൃത്തിയായി ഇന്നും നിലനിർത്തിപ്പോരുന്ന പെരുമാട്ടിയിലെ പൗരസമൂഹം, വിത്തും മണ്ണും മനസ്സിലേക്കു നടക്കുന്ന മറ്റേതു കർഷക ഗ്രാമത്തിനും ഉദാത്തമായ മാതൃകയാണ്.

കാലത്തിന്റെ കുളമ്പടിയൊച്ചകൾ കാതോർത്തു നിന്ന ഗ്രാമം, കേരളപ്പിറവിയെത്തുടർന്നു വന്ന കർഷകബന്ധ നിയമത്തിന്റെ നിയതമായ മൂല്യങ്ങൾ ആവാഹിച്ചെടുത്ത്, സമഗ്ര വികസനത്തിന്റെ വഴിത്താരയിലൂടെ മുന്നോട്ടു നടന്നു. തൽഫലമായി തൊഴിൽ, വിദ്യാഭ്യാസം, സംസ്ക്കാരം തുടങ്ങിയ തലങ്ങളിൽ ഗണനീയമായ പുരോഗതി കൈവരിക്കാനും ഈ ഉൾനാടൻ കാർഷിക ഗ്രാമത്തിനു കഴിഞ്ഞു.

ജനാധിപത്യ ഭരണ സംവിധാനത്തിന്റെ സമ്പൂർണ്ണ സാക്ഷാത്ക്കാരം ലക്ഷ്യമാക്കി, സമൂഹത്തിന്റെ അടിവേരുകളായ സാമാന്യ ജനങ്ങളിലേക്ക് അധികാരവും ആസൂത്രണവും ചെന്നെത്തിക്കുക എന്ന മഹാദൗത്യം സാധിതമാക്കാൻ സംസ്ഥാന സർക്കാർ 1996 ആഗസ്റ്റ് 17ന് ജനകീയാസൂത്രണ പ്രസ്ഥാനവുമായി മുന്നോട്ടു വന്നപ്പോൾ പെരുമാട്ടി സഹർഷം അതിനെ സ്വാഗതം ചെയ്തു. സൃഷ്ട്യുന്മുഖമായ ഏതു പ്രസ്ഥാനത്തെയും വരവേറ്റ ചരിത്രമാണല്ലോ ഈ ഗ്രാമത്തിന്റെ ചരിത്രം.

1947 ആഗസ്റ്റ് 15ന് തലസ്ഥാന നഗരിയിലെ ചെങ്കോട്ടയിലുയർന്ന ത്രിവർണ്ണ പതാക, പൗരകോടികളുടെ മനസിൽ വിരിയിച്ചത് വികസനത്തിന്റെ സഹസ്രാരപത്മമാണ്. പക്ഷേ "നിങ്ങളുടെ അഭിപ്രായത്തോടെനിക്കു യോജിപ്പില്ല; എങ്കിലും ആ അഭിപ്രയം പ്രകടിപ്പിക്കാനുള്ള നിങ്ങളുടെ അവകാശത്തിനു വേണ്ടി മരിക്കാനും ഞാൻ തയ്യാറാണ്" എന്ന പ്ലാറ്റോവിന്റെ ജനാധിപത്യ ദർശനത്തിലേക്കെത്താൻ, സ്വാതന്ത്ര്യം ലഭിച്ച് അര നൂറ്റാണ്ടോളം ചെന്നിട്ടും നമുക്കായില്ല എന്ന സത്യം ഇപ്പോഴും നമ്മെ നൊമ്പരപ്പെടുത്തുന്നു. ഇതേക്കുറിച്ച് അവഗാഢം ചിന്തിച്ച രാഷ്ട്രീയ വിചക്ഷണർ ചെന്നെത്തിയത് ഈ അവസ്ഥക്ക് കാരണമായ അധികാരകേന്ദ്രീകരണത്തിലാണ്. മേൽ സ്ഥാനത്തു നിന്ന് പല തട്ടുകളിലൂടെ ഒരു തരം അനുശാസനത്തിന്റെ ഭാവത്തിൽ കീഴ്സ്ഥാനങ്ങളിലേയ്ക്ക് ആസൂത്രണവും, പദ്ധതികളും ഇറങ്ങി ചെല്ലുമ്പോൾ, പ്രായോഗികമായി ഏറെ ന്യൂനതകൾ പ്രസ്തുത പരിപാടികളിൽ വന്നു ചേരുന്നു. നാടിന്റെ സമഗ്ര വികസനത്തെ ഈ ന്യൂനതകൾ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. ഇക്കാര്യം സൂക്ഷ്മമായ പഠനത്തിനും ചിന്തയ്ക്കും വിധേയമാക്കിയതിന്റെ ഫലമായാണ് സമൂഹ പ്രതിബദ്ധതയുള്ള നമ്മുടെ സർക്കാർ ജനകീയാസൂത്രണ പരിപാടിയ്ക്കു തുടക്കമിട്ടത്. നാടിന്റെ പുരോഗതിയ്ക്ക് നാട്ടുകാരുടെ സജീവ പങ്കാളിത്തമാണ് പരമപ്രധാനമെന്നറിഞ്ഞ മേൽ അധികാരികൾ, നമ്മുടെ ഗ്രാമങ്ങളെ തൊട്ടുണർത്തി. ആ ഉണർവ്വിന്റെ ആവേശവുമായി പെരുമാട്ടി ഗ്രാമവും അവിടുത്തെ നാട്ടുകാരും മുന്നോട്ടു നീങ്ങുന്നു. ഏറെ ഊർജ്ജസ്വലതയോടെ, ഏറെ പ്രതീക്ഷയോടെ.....

2

പ്രവർത്തനരേഖ

കാർഷിക വ്യവസായിക മേഖലകളിൽ രൂക്ഷമായ ഉൽപ്പാദന മാന്ദ്യവും സേവന മേഖലകളിൽ നിലവാര തകർച്ചയുമാണ് ഇന്നു നാം നേരിടുന്ന പ്രധാന വെല്ലുവിളികൾ. വൈദ്യുതി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ കൂട്ടി വൻകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സംസ്ഥാനതലത്തിൽ പരിപാടികൾ രൂപം നൽകുകയും അതേ സമയം കൃഷി, ചെറുകിട വ്യവസായങ്ങൾ എന്നീ ഉൽപ്പാദന മേഖലകളിലും, ഗതാഗതം, ഊർജ്ജം, സഹകരണം, വിപണി എന്നീ പശ്ചാത്തല മേഖലകളിലും വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, സാമൂഹ്യക്ഷേമം, വനിതാക്ഷേമം, സംസ്ക്കാരം, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം എന്നീ സേവന മേഖലകളിലും ഉൽപ്പാദനതോതും, ഉൽപ്പാദനക്ഷമതയും,നിലവാരവും ഉയർത്തുവാൻ ഗ്രാമതലത്തിൽ ജനപങ്കാളിത്തത്തോടെ പരിപാടികൾ തയ്യാറാക്കുക. ഇങ്ങനെ ബഹുമുഖകർമ്മ പരിപാടികളാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അജണ്ടയിലുള്ളത്.

ഒന്നാം ഘട്ട പരിശീലനത്തിയന്റെ ആദ്യപടിയായി നല്ലേപ്പിള്ളി കമ്മ്യൂണിറ്റി ഹാളിൽ സെപ്തംബർ 10,11,12 തീയ്യതികളിൽ നടന്ന പരിശീലന പരിപാടിയിൽ 6 പേർ പങ്കെടുത്തു. തുടർന്ന് പഞ്ചായത്തു പ്രദേശത്തെ വിവിധ രാഷ്ട്രീയ, സാമൂഹ്യ സന്നദ്ധ സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് 17-9-96ന് സ്വാഗത സംഘം വിളിച്ചു കൂട്ടുകയും അതിൽ നിന്നും പഞ്ചായത്ത് പ്രതിനിധികളെ കൂടാതെ 11 അംഗങ്ങളുള്ള ഒരു നിർവാഹക സമിതി രൂപീകരിക്കുകയും ചെയ്തു.

20-9-96ന് പഞ്ചായത്തു തലത്തിൽ നടത്തിയ ഏകദിന ശില്പശാലയിൽ 76 പേർ പങ്കെടുത്തു. ഗ്രാമസഭാ നടത്തിപ്പുകൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനെ കുറിച്ച് ആലോചിക്കാൻ 25-9-96ന് വിളിച്ചു കൂട്ടിയ യോഗത്തിൽ 37 പേർ പങ്കെടുത്തു. ഇതിൽ പങ്കെടുത്ത പ്രതിനിധികൾ ഗ്രാമസഭകൾ വിജയിപ്പിക്കാൻ വേണ്ട സഹായസഹകരണങ്ങൾ നൽകാമെന്ന് ഏൽക്കുകയും, അവർ

ഓരോ വാർഡിലും അയൽക്കൂട്ടം വിളിച്ചുകൂട്ടി ഗ്രാമസഭയുടെ പ്രാധാന്യം ജനങ്ങൾക്കു മനസ്സിലാക്കി കൊടുക്കുകയും ചെയ്തു.

രണ്ടാംഘട്ട വിഭവശേഖരണത്തിനു വേണ്ടി 4-10-96 ൽ വിളിച്ചു കൂട്ടിയ യോഗത്തിൽ 85 പേർ പങ്കെടുത്തു. ഇവരെ ഓരോ കൺവീനർമാരുടെ നേതൃത്വത്തിൽ വിവിധ ഗ്രൂപ്പുകളായി തിരിച്ച് വിവരം ശേഖരിക്കാൻ നിയോഗിച്ചു. ഒക്ടോബർ 5,7,8 ദിവസങ്ങളിൽ പഠന പര്യടനം നടന്നു. ഇതിൽ 20 പേർ പങ്കെടുത്തു. പഞ്ചായത്തിലെ പ്രായം കൂടിയവരെ കണ്ട് നാട്ടറിവുകൾ ശേഖരിച്ചു.

പഞ്ചായത്തിൽ 22-9-96 മുതൽ 6-10-96 വരെയുള്ള ദിവസങ്ങളിൽ 11 നിയോജകമണ്ഡലങ്ങളിലും ഗ്രാമസഭകൾ നടന്നു. ഗ്രാമസഭകളിലെ സ്ത്രീ പങ്കാളിത്തം 24 ശതമാനമായിരുന്നു.

ഗ്രാമസഭാ പട്ടിക

ഗ്രാമസഭാ തിയ്യതി	വാർഡ്	പങ്കെടുത്തവർ		
		സ്ത്രീ	പുരുഷൻ	ആകെ
27/9/96	1	16	95	11
22/9/96	2	22	142	164
27/9/96	3	44	167	211
28/9/96	4	26	79	105
29/9/96	5	26	144	170
5/10/96	6	17	116	133
22/9/96	7	51	102	153
29/9/96	8	35	301	126
5/10/96	9	45	102	147
28/9/96	10	27	101	128
5/10/96	11	17	116	133
ആകെ		409	1293	1702

ഒക്ടോബർ 24,25,26 എന്നീ ദിവസങ്ങളിൽ വെച്ചു നടന്ന രണ്ടാം ഘട്ട പരിശീലനത്തിൽ 5 പേർ പങ്കെടുത്തു.

വിവി ധ വകുപ്പു നടപ്പാക്കുന്ന പദ്ധതികളുടെ അവലോകന റിപ്പോർട്ട് ലഭിക്കുന്നതിലേ യ്ക്കായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 2-11-96ന് വിളിച്ചു. പ്രാദേശിക പരിശീലകർക്ക് രണ്ടാം ഘട്ട പരിശീലനം 8-11-96 ൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തി. പ്രസ്തുത ക്ലാസ്സിൽ വീഡിയോ പ്രദർശനം നടത്തുകയും വിവിധ വിഷയങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ 12 ഗ്രൂപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

പഞ്ചായത്തിൽ ഉൾപ്പെട്ട 27 പാടശേഖര സമിതികളിലെ പ്രസിഡണ്ട്, സെക്രട്ടറി എന്നിവരെയും പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്ക്, മൂലത്തറ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയിലെ പ്രസിഡണ്ടുമാരെ ഉൾപ്പെടുത്തി കർഷക സംഗമം 13-11-96 ൽ സംഘടിപ്പിക്കുക യും അവരിൽ നിന്നും വിലയേറിയ നിർദ്ദേശങ്ങൾ ലഭിക്കുകയും ചെയ്തു.

വിഭവ ഭൂപട നിർമ്മാണത്തിന്റെയും, സാമൂഹ്യ സാമ്പത്തിക സർവ്വേയുടെയും അഭാവം മൂലം വികസന റിപ്പോർട്ടിൽ ചില പരിമിതികളുണ്ട്.

അടിസ്ഥാന മേഖലകളായ ജലവിതരണം, പൊതുജനാരോഗ്യം, ഗതാഗതം ദാരിദ്യ നിർമ്മാർജ്ജനം, സാമൂഹ്യക്ഷേമം എന്നിവയ്ക്ക് പ്രാമുഖ്യം നൽകി വികസന പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രമെ പഞ്ചായത്തിന്റെ വികസനം യാഥാർത്ഥ്യമാവൂ.

3

പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	:	പെരുമാട്ടി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പെരുമാട്ടി, മൂലത്തറ, വണ്ടിത്താവളം മുഴുവനും പട്ടഞ്ചേരി. തത്തമംഗലം , ഇവയിൽ അൽപം മാത്രവും
ബ്ലോക്ക് പഞ്ചായത്ത്	:	ചിറ്റൂർ
ബ്ലോക്ക് ഡിവിഷൻ	:	മീനാക്ഷിപുരം, വണ്ടിത്താവളം
ജില്ല	:	പാലക്കാട്
ജില്ലാപഞ്ചായത്ത് ഡിവിഷൻ	:	പട്ടഞ്ചേരി
താലൂക്ക്	:	ചിറ്റൂർ
അസംബ്ലി മണ്ഡലം	:	ചിറ്റൂർ
പാർലമെൻറ് മണ്ഡലം	:	പാലക്കാട്
അതിരുകൾ	:	വടക്ക് : ശോകനാശിനിപ്പുഴ കിഴക്ക് : തമിഴ്നാട് തെക്ക് : തമിഴ്നാടും പട്ടഞ്ചേരി പഞ്ചായത്തും പടിഞ്ഞാറ് : പട്ടഞ്ചേരി പഞ്ചായത്ത്
ജനസംഖ്യ	:	29658
പുരുഷന്മാർ	:	14918
സ്ത്രീകൾ	:	14740
ജനസാന്ദ്രത	:	488
വാർഡുകൾ	:	11
പഞ്ചായത്ത് പ്രസിഡണ്ട്	:	ശ്രീ. കെ. ചെന്താമര
വൈസ് പ്രസിഡണ്ട്	:	ശ്രീ. എ.വി. അരവിന്ദാക്ഷൻ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	:	ശ്രീ. കെ. ആറുമുഖൻ
ബ്ലോക്ക് മെമ്പർമാർ	:	1. വനജാ ചന്ദ്രൻ 2. ആർ. മുത്തു

ഈ പഞ്ചായത്തിന്റെ മുൻ ഭരണസമിതി അംഗങ്ങൾ

1948 - 53

പ്രസിഡണ്ട്	:	ശ്രീ. ഗോവിന്ദൻ നായർ
വൈസ് പ്രസിജണ്ട്	:	ശ്രീ. നാഗുമണി
മെമ്പർമാർ	:	ശ്രീ. കെ. മല്ലി
		ശ്രീ. മുത്തുസ്വാമി കൗണ്ടർ

1953 - 63

പ്രസിഡണ്ട്	:	ശ്രീ. ടി. ചാത്തു
വൈസ് പ്രസിജണ്ട്	:	ശ്രീ. കെ. ചാമി
മെമ്പർമാർ	:	ശ്രീ. കെ. ചാമിയാർ
		ശ്രീ. ചീർമ്പൻ
		ശ്രീ. പി.കെ. ചാമിയാർ
		ശ്രീ. എൻ. വി. ചാമുണ്ണി
		ശ്രീ. വരദരാജ കൗണ്ടർ

1963 - 79

പ്രസിഡണ്ട്	:	ശ്രീ. സി. നാഗപ്പൻ
വൈസ് പ്രസിജണ്ട്	:	ശ്രീ. എം. കെ. ആറുമുഖൻ
മെമ്പർമാർ	:	ശ്രീ. കെ. മാധവൻ
		ശ്രീ. കെ. കിട്ട
		ശ്രീ. കെ. എം. ചാത്തു
		ശ്രീ. ആർ. തങ്കപ്പൻ
		ശ്രീ. കെ. കെ. മാധവൻ
		ശ്രീ. കെ. പി. കണ്ടച്ചാമി
		ശ്രീമതി ലക്ഷിമി നേത്യാർ

1980- 84

പ്രസിഡണ്ട്	:	ശ്രീ. എൻ. വി. സുന്ദരൻ
വൈസ് പ്രസിജണ്ട്	:	ശ്രീ. എ. വി. സുന്ദരേശൻ
മെമ്പർമാർ	:	ശ്രീ. പി. എൻ. വേലായുധൻ
		ശ്രീ. എ. കുഞ്ചൻ കുട്ടി
		ശ്രീ. കെ. ആറുമുഖൻ
		ശ്രീ. എ. പാർത്ഥൻ
		ശ്രീ. കെ. രാധ
		ശ്രീ. കെ. ആരാൻ
		ശ്രീ. പി. സുബ്ബയ്യൻ

1985- 88 വരെ സ്പെഷൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ഭരണം

1988 - 95

പ്രസിഡണ്ട്	:	ശ്രീ. യു. താജുദ്ദീൻ
വൈസ് പ്രസിജണ്ട്	:	ശ്രീ. പി. കെ. പത്മനാഭൻ
മെമ്പർമാർ	:	ശ്രീ. വി. ഭാസ്ക്കരൻ
		ശ്രീ. സി. ചന്ദ്രൻ
		ശ്രീ. എൻ. വി. സുന്ദരൻ
		ശ്രീമതി. ഇന്ദിരാ പാർത്ഥൻ
		ശ്രീ. മുസ്തർജാൻ
		ശ്രീ. പി. സുബ്ബയ്യൻ
		ശ്രീ. ദണ്ഡപാണി
		ശ്രീ. പശുപതി
		ശ്രീ. എൻ. സി. വേലപ്പൻ

പെരുമാട്ടി പഞ്ചായത്തിൽ ജനിച്ച്
നിയമസഭയെ പ്രതിനിധീകരിച്ച വ്യക്തി : ശ്രീ. കെ. കൃഷ്ണൻകുട്ടി, എഴുത്താണിക്കളം

4

സാമൂഹിക സാംസ്കാരിക ചരിത്രം

പാലക്കാട് ജില്ലയിൽ തമിഴ്നാടിനോടു ചേർന്നു കിടക്കുന്ന ഒരു കൊച്ചു കാർഷിക ഗ്രാമമാണ് പെരുമാട്ടി.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്ത് 7 പട്ടിക ജാതി കുടുംബങ്ങൾ താമസിക്കുന്ന സ്ഥലമാണ് പെരുമാട്ടി എന്ന് 1085 കർക്കിടം 25-ാം തിയ്യതി തയ്യാറാക്കിയ ലിത്തോ മാപ്പിൽ രേഖപ്പെടുത്തി കാണുന്നു. ഊ സ്ഥലം ഇന്ന് അണപ്പാടം എന്ന പേരിലാണ് അറിയപ്പെടുന്നത്.

മുൻകാലങ്ങളിൽ തമിഴ്നാട്ടിലേയ്ക്ക് കച്ചവട ആവശ്യത്തിനായി ധാരാളം കാളവണ്ടികൾ ഈ പഞ്ചായത്തിലൂടെയാണ് കടന്നു പോയിരുന്നത്. അവർ വിശ്രമത്തിനായി തമ്പടിച്ച സ്ഥലം ഇന്ന് വണ്ടിത്താവളം എന്ന പേരിലറിയപ്പെടുന്നു.

വിളയോടി, നമ്പൂരിചളള എന്നിവിടങ്ങളിൽ പണ്ഡിത ശ്രേഷ്ഠന്മാർ താമസിച്ചിരുന്നതായും അവരുടെ ശിക്ഷണം നേടാനായി കാഞ്ചീപുരം, തഞ്ചാവൂർ എന്നിവിടങ്ങളിൽ നിന്ന് പലരും വന്ന് താമസിച്ചിരുന്നതായി ചരിത്ര രേഖകൾ കാണുന്നു. ഒരു പക്ഷേ തുഞ്ചത്താചാര്യൻ തൊട്ടടുത്ത ശോകനാശിനി പുഴയുടെ തീരത്ത് ആശ്രമം സ്ഥാപിച്ച് താമസിച്ചതും ഇതുകൊണ്ടാവാം.

വേമ്പ്ര എന്ന സ്ഥലത്ത് നൂറ്റാണ്ടുകൾ പഴക്കമുള്ള വേപ്പു മരവും അപസ്മാര കോവിലുമുണ്ട്. അപസ്മാര രോഗശമനത്തിനായി ജാതിമതഭേദമന്യേ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ പോലും ഇവിടെ വരുന്നു. ഇത് ഇവിടെ മാത്രം കാണുന്ന പ്രത്യേകതയാണ്.

പണ്ടു മുതലേ മതസൗഹാർദ്ദം നിലനിന്നിരുന്നതിന് ഉദാഹരണമാണ് വണ്ടിത്താവളം 40 അടി അവുലിയ, ചിന്നമീരാൻ പള്ളിയുമായി ബന്ധപ്പെട്ടു നടത്തിയിരുന്ന ചന്ദനക്കുടം മഹോത്സവം. ഇതിന്റെ ഒരു ചടങ്ങ് എന്ന നിലയിൽ ആരംഭിക്കുന്ന പറതൊടീയിക്കൽ, കൈതറവിലേ കടുക്കൻ പഴണിമല എന്ന ആളുടെ വീട്ടിൽ നിന്നാണ് ആരംഭികുന്നത്. ഇതുപോലെ അയ്യപ്പൻകാവിൽ നടത്തപ്പെടുന്ന അയ്യപ്പൻ വിളക്കു മഹോത്സവത്തിലും എല്ലാ മതവിഭാഗക്കാരും പങ്കു ചേരുന്നു. 1968ൽ പെരുമാട്ടി പഞ്ചായത്തിൽ എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന കൃഷ്ണൻകുട്ടിയും സ്റ്റാഫംഗങ്ങളും തെന്നമ്പാടം കുടുംബക്കാരും മുൻകൈയെടുത്ത് ക്ഷേത്ര പുനരുദ്ധാരണവും ലക്ഷാർച്ചനയും തുടർന്ന് അയ്യപ്പൻ വിളക്ക് മഹോത്സവവും നടത്തി. പൊതുജനങ്ങൾ പിന്നീട് ഉത്സവകമ്മറ്റി രൂപീകരിച്ച് പൂർവ്വാധികം ഭംഗിയായി ഇന്നും നടത്തി വരുന്നു.

കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ചില പ്രാദേശികോത്സവങ്ങളും ഇവിടെ നടത്തി വരുന്നു. വൃശ്ചിക മാസം അവസാനത്തെ ഞായറാഴ്ച പനയോല കൊണ്ട് നെൽകതിർക്കൂട് ഉണ്ടാക്കി വാദ്യാഘോഷങ്ങളുടെ അകമ്പടിയോടെ ആർപ്പു വിളിച്ച് ക്ഷേത്രങ്ങളിലേയ്ക്ക് കൊണ്ടു പോവുക പതിവായിരുന്നു. " കതിർ" എന്ന പേരിൽ അറിയപ്പെടുന്ന ഉത്സവം ഇന്ന് ഒരു ചടങ്ങ് മാത്രമായി മാറിയിരിക്കുന്നു. നന്ദിയോട് സുബ്രഹ്മണ്യ ക്ഷേത്രത്തിൽ "ശൂരസംഹാരം" എന്ന ഉത്സവം നല്ല നിലയിൽ നടത്തി വരുന്നു. രണ്ടാം വിളവെടുപ്പിന് ശേഷം "പൊങ്കൽ" ഉത്സവങ്ങളും തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന മൂലത്തറ വില്ലേജിൽ തമിഴ്നാട്ടിലെ പ്രധാന ഉത്സവമായ പട്ടിപൊങ്കലും നടത്തി വരുന്നു.

മുൻകാലങ്ങളിൽ കൃഷിപ്പണി ആരംഭിച്ചിരുന്നത് വിഷുപുലരിയിൽ കൃഷിയിടങ്ങളിൽ ചാലിടുക എന്ന പരമ്പാരഗത ചടങ്ങോടു കൂടിയാണ്. തൊഴിലാളികൾക്ക് വിഷു അളവായി നിറപറ നെല്ല്, നാളികേരം, ചക്ക, മാങ്ങ എന്നിവ നൽകിയിരുന്നു.

പഞ്ചായത്തിലെ ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ് .ചെറിയ ഒരു ഭാഗം മുസ്ലീങ്ങളും നാമമാത്രമായി ക്രിസ്ത്യാനികളും കാണുന്നു.

ഇവിടത്തെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ മുൻ എം.എൽ.എ. കെ.എ.ശിവരാമ ഭാരതി, എൻ.പി. വേലു, എൻ.വി. ചാമുണ്ണി എന്നിവരുടെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് പ്രസ്ഥാനവും ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാവായ ആർ. തങ്കപ്പനും ഈ പ്രദേശത്തെ സാമൂഹ്യ രാഷ്ട്രീയ പുരോഗതിയ്ക്ക് അടിത്തറ പാകിയവരായിരുന്നു.

ജന്മി കുടിയാൻ വ്യവസ്ഥിയിൽ കർഷക കർഷകത്തൊഴിലാളി പ്രശ്നങ്ങളും ഉച്ച നീചത്വങ്ങളും കൊടുപ്പമ്പിരി കൊണ്ടിരിക്കുന്ന ഒരു കൊച്ചു ഗ്രാമമായിരുന്ന പെരുമാട്ടി. മുൻകാലങ്ങളിൽ പാട്ടനെല്ല് ജന്മിയുടെ വീട്ടിൽ കൊണ്ടു ചെന്ന് ഉണക്കി അവരുടെ പാട്ടപറയിലളന്ന് പത്തായത്തിൽ കൊട്ടികൊടുക്കുന്ന വ്യവസ്ഥ നിലനിന്നിരുന്നു. നിത്യ ചിലവിന് വകയില്ലാത്ത ദരിദ്രരായ കൃഷിക്കാരും തങ്ങാനൊരിടമില്ലാതെ രായിക്കുരാമാനം കൂടു വിട്ടു പോകുന്ന തൊഴിലാളികളും ഒത്തു ചേർന്ന് കൃഷികാരന് കൃഷിഭൂമി എന്ന അവകാശത്തിനു വേണ്ടി സമരം ചെയ്യുകയും അത്

നേടിയതിനു ശേഷം വർഗ്ഗ സ്വഭാവമുള്ള ഇവർ രണ്ടു ചേരിയായി തിരിഞ്ഞ് തൊഴിലാളികൾ കൂലി കൂടുതലിനും കുടിയിരുപ്പവകാശത്തിനും വേണ്ടി നിരന്തരം സമരം ചെയ്ത് രക്തസാക്ഷിത്വം വഹിച്ച ചരിത്രവും ഈ മണ്ണിലുണ്ട്.

മുൻകാലങ്ങളിൽ കൊയ്ത്തിന് കൂലി 24 ചുരുട്ടിന് 2 ചുരുട്ടായിരുന്നു. അതിനു ശേഷം 20നു ഒന്നും, 16നു ഒന്നും പതമ്പിൽ നിന്ന് 6ൽ ഒന്ന് പതമ്പിലേക്കുള്ള മാറ്റവും കൂടിയിരുപ്പവകാശം കർഷകത്തൊഴിലാളിയ്ക്ക് ലഭ്യമായതും എടുത്തു പറയേണ്ടതാണ്. ആ കാലങ്ങളിൽ അതാതു ദിവസങ്ങളിൽ കൊയ്യുന്ന കണ്ടം പുലരുന്നതിനു മുമ്പു തന്നെ പുരുഷന്മാർ കിളച്ചു കൂട്ടി ചവിട്ടി നിരത്തി നടാൻ പാകമാക്കുകയും സ്ത്രീ തൊഴിലാളികൾ ഞാറു നടുകയും ചെയ്തിരുന്നു. ഇത് വെട്ടിപ്പണി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഈ പണിക്ക് കൃഷിക്കാരന്റെ ഔദാര്യത്തിനൊത്ത് ഒന്നോ രണ്ടോ കുത്ത് നെല്ല് കൊടുക്കുകയാണ് പതിവ്. ഇത് കള്ളുകുടി എന്ന പേരിലാണ് അറിയപ്പെടുന്നത്. അർദ്ധരാത്രിയിൽ കൃഷിപ്പണി തുടങ്ങുകയും പുലർച്ചയ്ക്ക് വയൽ വരമ്പിൽ വെച്ച് ഭക്ഷണം കഴിച്ച് വീണ്ടും പണിയിലേർപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ നിന്ന് ഇന്നത്തെ സ്ഥിതിയിലെത്താൻ സഹിച്ച യാതനകൾ ഏറെയാണ്.

പട്ടഞ്ചേരി ഗ്രൂപ്പ് പഞ്ചായത്തിൽ ഉൾപ്പെട്ട ഈ പഞ്ചായത്ത് 1948 മെയ് 15ന് പെരുമാട്ടി പഞ്ചായത്തായി രൂപം കൊള്ളുകയും തൃശ്ശിവപ്പേരൂർ ചിറ്റൂർ ഡിവിഷൻ പഞ്ചായത്ത് ഇൻസ്പെക്ടറുടെ അധ്യക്ഷതയിൽ തിരുകൊച്ചി ഗവൺമെന്റ് നോമിനേറ്റ് ചെയ്തതായ 5 മെമ്പർമാരിൽ ശ്രീ. ഗോവിന്ദൻ നായർ പ്രസിഡണ്ടായി, ശ്രീ. നാഗുമണി വൈസ് പ്രസിഡണ്ടായും 1953 വരെ ഭരണം നടത്തി. തുടർന്നു വന്ന ഭരണ സമിതികളിൽ നാഗപ്പൻ മാസ്റ്റർ പ്രസിഡണ്ടായിരുന്ന കാലത്ത് പഞ്ചായത്തിനു സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ചു. ശ്രീ. എൻ.വി.സുന്ദരൻ പഞ്ചായത്തിനകത്തുള്ള കമ്മ്യൂണിറ്റി ഹാളും വിജയനഗർ, കുഞ്ചുമേനോൻപതി എന്നിവിടങ്ങളിലെ സെറ്റിൽമെന്റ് കോളനി നിർമ്മിക്കുകയും അയ്യപ്പൻകാവിൽ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്തു. തുടർന്നു വന്ന ശ്രീ. യു.താജുദ്ദീൻ മീനാക്ഷിപുരം കോളനി കേന്ദ്രീകരിച്ച് ബസ്സ് സ്റ്റാന്റും കോംപ്ലക്സും നെല്ലിമേട് പ്രാഥമിക ആരോഗ്യ കേന്ദ്രവും , പെരുമാട്ടി പഞ്ചായത്ത് ഹൈസ്ക്കുഴളും, ശിശു വിഹാർ നഴ്സറിയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു മരുതം പാറയിൽ പൈപ്പ് ലൈനും സ്ഥാപിച്ചു. ഇവ മുൻ ഭരണ സമിതിയുടെ എടുത്തു പറയേണ്ട നേട്ടങ്ങളാണ്.

പഞ്ചായത്തിന്റെ സന്തതിയായ കെ.കൃഷ്ണൻകുട്ടി ചിറ്റൂർ അസംബ്ലി നിയോജക മണ്ഡലത്തെ പ്രതിനിധാനം ചെയ്ത് കേരള നിയമസഭയിൽ മൂന്നു പ്രാവശ്യം അംഗമായിരുന്നു എന്നത് നമുക്കേവർക്കും അഭിമാനകരമായ വസ്തുതയാണ്.

പുതിയ പഞ്ചായത്ത് ഭരണസമിതി 1995 ഒക്ടോബർ മാസം 2-ാം തിയ്യതിയാണ് നിലവിൽ വന്നത്. ശ്രീ.കെ.ചെന്താമരയാണ് പുതിയ ഭരണസമിതിയിൽ നേതൃത്വം നൽകുന്നത്.

5

ഭൂപ്രകൃതി - ജനപ്രകൃതി
ജലപ്രകൃതി

തമിഴ്നാട്ടിലെ ആനമലയിൽ നിന്നും ഉത്ഭവിച്ച് തമിഴ്നാട്ടിലൂടെ ഒഴുകി അതിർത്തി കടന്നു കേരളത്തിലേക്ക് വരുന്ന ശോകനാശിനി പുഴയുടെ തെക്കു ഭാഗത്ത് കിഴക്കു പടിഞ്ഞാറായി കിടക്കുന്ന പഞ്ചായത്താണിത്.

പഞ്ചായത്തിന്റെ പടിഞ്ഞാറ് പട്ടഞ്ചേരി പഞ്ചായത്തും കിഴക്ക് തമിഴ്നാടും തെക്ക് പട്ടഞ്ചേരി പഞ്ചായത്തും തമിഴ്നാട്ടിന്റെ കുറച്ചു ഭാഗവും വടക്ക് ശോകനാശിനി പുഴയുമാണ്.

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്നു മേഖലകളായി തരം തിരിക്കാം.

1. സമതല പ്രദേശം
2. താണ പ്രദേശം
3. പുന്തൽ പ്രദേശം

ഈ പഞ്ചായത്തിന്റെ കിഴക്കേ അറ്റം കിഴക്കു നിന്ന് പടിഞ്ഞാറോട്ടും ശേഷിച്ച ഭാഗം തെക്കു നിന്ന് വടക്കോട്ടും ചെരിഞ്ഞു കിടക്കുന്നു.

ചരൽകലർന്ന മണ്ണ്, ചെമ്മണ്ണ്, കരിമണ്ണ്, ചുക്കാമണ്ണ്,പുളിമണ്ണ്,കളിമണ്ണ് എന്നിവയാണ് ഇവിടത്തെ പ്രധാന മൺതരങ്ങൾ.

ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
സമതല പ്രദേശം	2999.3329	57.27
താണപ്രദേശം	2085.5313	39.83
പുന്തൽ പ്രദേശം	152,0053	2.90

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം ജനസംഖ്യ 27693 ആയിരുന്നു. ഇതിൽ 13852 പുരുഷന്മാരും 13841 സ്ത്രീകളുമാണ്. സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരാണ് കൂടുതൽ. ആകെ വീടുകൾ 6673 ആയിരുന്നു അതായത് ശരാശരി വീടൊന്നിന് 4 ആളുകൾ വീതമുണ്ട്, 1996 ലെ പഞ്ചായത്ത് മേൽനോട്ടത്തിൽ എടുത്ത കണക്കു പ്രകാരം ജനസംഖ്യ 29658 ആണ്. ഇതിൽ 14918 പുരുഷന്മാരും 14740 സ്ത്രീകളുമാണ്.

വിദ്യാഭ്യാസ രംഗത്ത് പാലക്കാട് ജില്ലയിൽ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണിത് ഇതിനു പ്രധാന കാരണം തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന അതിർത്തി പ്രദേശമായതാണ്. ഈ പ്രദേശത്തെ പഠനനിലവാരം വളരെ മോശമാണ്. ഇതു മാറ്റിയെടുക്കാൻ ദ്രുതഗതിയിലുള്ള പ്രവർത്തനം ആവശ്യമാണ്. അഭ്യസ്തവിദ്യർ ഭൂരിഭാഗവും തൊഴിൽ രഹിതരാണ്. ഇതിനു പ്രധാന കാരണം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവമാണ്.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായ നെൽകൃഷി ഇന്ന് തകർച്ചയിലേക്ക് നീങ്ങികൊണ്ടിരിക്കുകയും മറ്റു മേഖലയിലേക്ക് പോകാൻ കഴിയാത്ത ഒരവസ്ഥ വരുകയും ചെയ്തതോടെ മൊത്തം തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിച്ചു. ഇവരിൽ ചെറിയ ഒരു വിഭാഗം തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ വസ്ത്ര നിർമ്മാണ രംഗത്തും അന്യ ജില്ലകളിൽ വീടുപണി, റോഡുപണി, മണൽവാരൽ, ഇഷ്ടിക നിർമ്മാണം മുതലായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുകയാണ്. കാർഷികവൃത്തി ആകർഷണീയവും ആദായകരവുമല്ലാത്തതും സാർവത്രിക വിദ്യാഭ്യാസവുമാണ് കാരണം.

ജലപ്രകൃതി

ജൂൺ ജൂലായ് മാസങ്ങളിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നു. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്.

ഈ പഞ്ചായത്തിലെ മുഴുവൻ തോടുകളും ശോകനാശിനി പുഴിയിൽ ചെന്നു ചേരുന്നു. പ്രധാന തോടുകളുടെയും കുളങ്ങളുടെയും പട്ടിക ചുവടെ ചേർക്കുന്നു.

മാർച്ച് , ഏപ്രിൽ, മെയ് മാസങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. മൂലത്തറ വില്ലേജിൽ പൂർണ്ണമായും വണ്ടിത്താവളം വില്ലേജിൽ ചില ഭാഗങ്ങളിലും ഗുരുതരമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

നമ്പർ	അകമ്പാടം തോടിന്റെ പേര്	നീളം കി.മീ	വീതി മീ	താഴ്ച മീ.
1	കരിമ്പാറ തോട്	3.5	4	4
2	ആഴം തോട്	1.5	6	4
3	മുതലാം തോട് 1	5.75	7	3
4	മുതലാം തോട് 2	1	4	2
5	കൈതാറവ് ചാൽ	1.85	5	2.5
6	തണ്ണികുണ്ട് ചാൽ	1.85	5	0.5
7	അനലിപ്പാറ ചാൽ	1.25	5	1.2
8	തിമ്മിചെട്ടി ചാൽ	2.57	4.5	1.5
9	ഏറാട്ടുചള്ള ചാൽ	2.5	5	2.5
10	വാണുവം പാടം ചാൽ 1	2.25	5	2.5
11	വാണുവം പാടം ചാൽ 2	10	2	1
12	കയ്യേം കൊളമ്പ് ചാൽ	1.5	3.1	1.5
13	നന്ദിയോട് ചാൽ	15	3.4	1.2
14	കാരിയക്കരകൊളമ്പ് ചാൽ	3.8	5.2	1.8
15	കിഴക്കേ മരുതാംപാറ ചാൽ	1.5	4.3	1.2
16	അഞ്ചുവെള്ളക്കാട് ചാൽ	1.52	4.6	1.7
17	സ്രാമ്പിക്കൽ	3.2	4.3	1.6
18	വീട്ടുക്കുഴിചാൽ	1.45	3	2
19	കരക്കരകൊളമ്പ് ചാൽ	2.3	5.6	2.3

നമ്പർ	അകമ്പാടം തോടിന്റെ പേര്	നീളം കി.മീ	വീതി മീ	താഴ്ച മീ.
20	അണ്ണാക്കോട് ചാൽ	5.8	5.6	2.3
21	കല്യാപ്പേട്ട - മല്ലൻചള്ള ചാൽ	3.25	3.8	1.3
22	അപസ്മാര കോവിൽ - ചിന്നപ്പയൻചള്ള ചാൽ	2.62	6.1	2.4
23	വളയൻപാറ ചാൽ	0.75	4.1	1.7
24	എഴുത്താണി ചാൽ	1.53	5.3	2.3
25	ഒടുകുറുഞ്ഞി ചാൽ	1.48	6.32	2.3
26	വിളയോടി - ചെമ്മണം ചാൽ	2.5	4.2	1.6
27	പനംകൊളമ്പ് ചാൽ	1.61	4.36	1.45
28	താഴത്തുപാടം ചാൽ	1.51	3.63	1.24
29	പോത്തനായ്ക്കൻ ചള്ള ചാൽ	1.3	4.21	1.31
30	ഉപ്പുകാരൻ ചള്ള ചാൽ	2.3	3.75	1.25
31	മരുഇമ്പാറ ചാൽ	4.3	3.12	1.31
32	ദഫേദാർ ചള്ള ചാൽ	2.31	4.25	1.65
33	പ്ലാച്ചിമട	3.1	5.23	2.47
34	മുളൻ തോട്	1.54	4.75	1.64
35	പുതുശ്ശേരി ചാൽ	2.81	6.21	2.31
36	പുറയോരം ചാൽ	1.32	4.12	1.35
37	അമ്പാടുകൊളമ്പ് ചാൽ	3.12	3.21	1.25
38	പനയടിയൻ ചള്ള ചാൽ	1.32	4.21	1.6
39	മേൽപ്പാടം ചാൽ	1.02	4.85	1.64
40	വരവരചള്ള ചാൽ	1	3.85	2.1
41	മല്ലൻചള്ള ചാൽ	1	4	1.5
42	കല്ലൻതോട് ചാൽ	2.5	4.5	1.6

നമ്പർ	വറ്റാത്ത കുളങ്ങളുടെ പേര്	വാർഡ്	വില്ലേജ്
1	വീട്ടുകുഴി കുളം	I	വണ്ടിത്താവളം
2	പനംകൊളമ്പ്കുളം	"	"
3	പുതുശ്ശേരി താമരക്കുളം	"	"
4	കൂമൻകാട് കുളം	II	"
5	പാറക്കളം കുളം (2 എണ്ണം)	"	"
6	താഴത്തുപാടം കുളം	"	"
7	വയലുകുളം കുളം	"	"
8	പെരുമാട് കുളം	"	"
9	പെരുമാട് താമരക്കുളം	"	"
10	മണ്ണാക്കോട് കുളം	"	"
11	മൂപ്പൻ കുളം	"	"
12	അലയാർ കുളം	III	"
13	കാരിയക്കാരകൊളമ്പ് കുളം	"	"
14	പോത്തനായിക്കൻ ചള്ള താമരക്കുളം	"	"
15	നമ്പൂരി ചള്ള കുളം (2 എണ്ണം)	"	"
16	അപസ്മാരകോവിലിനു സമീപമുള്ള കുളം	IV	പെരുമാട്ടി
17	ദഫേദാർ ചള്ള കുളം	"	"
18	വേമ്പ്ര കുളം	"	"
19	ചിന്നപ്പൻ ചള്ള കുളം	"	"

നമ്പർ	വറ്റാത്ത കുളങ്ങൾ പേര്	വാർഡ്	വില്ലേജ്
20	എഴുത്താണി കുളം	VII	വണ്ടിത്താവളം
21	അമ്പാട്ടു കൊളമ്പു കുളം	"	"
22	കല്യാണപേട്ട കുളം	VIII	പെരുമാട്ടി
23	തിമ്മിചെട്ടി കുളം	"	"
24	കാളി മേനോൻ ചള്ള കുളം	"	"
25	മുല്ലയ്ക്കൽ ചള്ള കുളം	"	"
26	ഒടുകുറുഞ്ഞി കുളം	X	"
27	നന്ദിയോടു കുളം	"	"
28	കയ്പേം കൊളമ്പു കുളം	"	"
29	ഏറാട്ട് ചള്ള കുളം	"	"
30	തട്ടാൻ ചള്ള കുളം	"	"
31	അയ്യപ്പൻകാവ് കുളം	"	"

കാഡ പ്രവർത്തനം പൂർത്തീകരിക്കാത്ത ചാലുകൾ	പൂർത്തീകരിക്കാത്ത നീളം കി. മീ
അയ്യമ്പാടം ബ്രാഞ്ച്	2.5
മടപ്പള്ളം	1
താഴത്തുപ്പാടം	0.1
വീട്ടുക്കുഴി	0.75
എഴുത്താണി	0.4
തട്ടാൻ ചളള ഏറാട്ടു ചളള	0.75
വാണുവംപാടം	0.5
മരുതമ്പാറ	0.5
നമ്പൂരി ചളള	0.5
കല്ല്യാണ പേട്ട	0.6
മുതലാം തോട്	0.45
കയ്പേം കൊളമ്പ്	0.4
പാട്ടിക്കുളം	0.5
പ്ലാച്ചിമട	0.35
അഞ്ചുവളളക്കാട്	0.5
മുളളൻ തോട്	0.4
കമ്പാലതറ	0.35
ഒടുക്കുറുഞ്ഞി	0.3
അമ്പാട്ടുകൊളമ്പ്	0.25
കോരിയർ ചളള	0.25

ചരിത്രാതീതകാലം മുതൽക്കുള്ള മനുഷ്യന്റെ പരിണാമത്തിന്റെ ഘട്ടങ്ങൾ

ശാസ്ത്രനാമം	ഭൗതിക സവിശേഷതകൾ	ജീവിതരീതി	കണ്ടെത്തിയ സ്ഥലം
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ
ഓസ്ട്രലോപിത്തക്കസ് അഫാറെൻസിസ്	ഏകദേശം 3.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ്	ഭാഗികമായി നിവർന്നു നടന്നിരുന്നു	എത്യോപ്യ

6.1

കൃഷിയും ജലസേചനവും

പെരുമാട്ടി പഞ്ചായത്ത് പൂർണ്ണമായും കാർഷിക മേഖലയാണ്. ഇവിടുത്തെ പ്രധാന വിളകൾ നെല്ല്, തെങ്ങ്, കടല, കരിമ്പ്, പരുത്തി, വാഴ, കപ്പ, പച്ചക്കറികൾ എന്നിവയാണ്. ഇവിടുത്തെ ജനങ്ങളുടെ പ്രധാന ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മേഖലയുമാണ്. പഞ്ചായത്തിലെ ഭൂമികൾ മൊത്തം ഭൂപരിഷ്കരണ നിയമം വരുന്നതിനു മുമ്പ് ഏതാനും ജന്മിമാരുടെ കൈവശമായിരുന്നു.

മുൻകാലങ്ങളിൽ നെല്ല്, പരുത്തി, കൊള്ള്, ഉഴുന്ന്, ചാമ, ചോളം എന്നിവയായിരുന്നു പ്രധാന കൃഷികൾ. നെൽകൃഷി ഒഴികെയുള്ള മറ്റു കൃഷികൾക്ക് മഴയെ ആശ്രയിക്കേണ്ടി വന്നു. ജൈവ വളമായിരുന്നു കൃഷിക്കുപയോഗിച്ചിരുന്നത്. തമിഴ് നാട്ടിൽ നിന്നും പറ്റം പറ്റമായി വരുന്ന ആടുകളുടെ കാഷ്ടം കന്നുകാലി വളം, പച്ചില വളം, ചാരം എന്നിവയാണ് പ്രധാന ജൈവ വളങ്ങൾ, ആനക്കൊമ്പൻ, പാപ്പാർമണിയൻ, നവര, ചെറുമണിയൻ, തവളക്കണ്ണൻ (കഴമ) ചിറ്റേനിയൽ, ചന്നിനായകം, ചമ്പാൻ, സ്വർണ്ണാലി, വൃശ്ചികപാണ്ടി, സിയോ 19 എന്നിവയായിരുന്ന പ്രധാന നെൽവിത്തുകൾ.

1970 ൽ ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതോടു കൂടി കുടിയൊഴിപ്പിക്കലും കൃഷി ഭൂമി യൊഴിപ്പിക്കലും ഇല്ലാതായി . അതോടു കൂടി കൈവശ ഭൂമിയുടെ പരിധി നിശ്ചയിക്കുകയും ചെയ്തു. കൃഷിഭൂമി ഒഴിപ്പിക്കൽ നിർത്തിയതിനു ശേഷം കർഷകർ അത്യുത്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുവാൻ തുടങ്ങി. യന്ത്രവൽക്കരണ ഉപകരണങ്ങൾ (ട്രാക്ടർ, ടില്ലർ) ഉപയോഗിച്ച് ഉൽപ്പാദനം കൂട്ടുകയും പുതിയ വിത്തിനങ്ങളും കീടനാശിനികളും രാസവളങ്ങളും ഉപയോഗിച്ച് തുടങ്ങി. കൃഷിയ്ക്ക് സഹകരണ ബാങ്കിൽ നിന്നും ക്രോപ്പ് ലോൺ ലഭിച്ചിരുന്നു.

അതോടു കൂടി കൃഷി ചെയ്യുവാനുള്ള പ്രചോദനം കർഷകർക്ക് ലഭിച്ചു. പറമ്പ് നിരപ്പാക്കി കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് തെങ്ങ്, കവുങ്ങ് മുതലായവയും ഇഞ്ചി, വാഴ, കപ്പ സോയാബീൻ എന്നീ ഇടവിളകളും ചെയ്തു വന്നു. മുൻകാലങ്ങളിലേതു പോലെ കൃഷിപ്പണിക്ക് തൊഴിലാളികളെ ലഭിക്കുന്നില്ല എന്നത് എടുത്തു പറയേണ്ട ഒരു കാര്യമാണ്.

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്തു വരുന്നു. പറമ്പിലിപ്പോൾ പ്രധാനമായും തെങ്ങ് കൃഷി വ്യാപകമായി തീർന്നിരിക്കുന്നു. ഈ പഞ്ചായത്തിൽ നാളികേരത്തിന്റെ ഉൽപ്പാദക്ഷമത വളരെ കൂടുതലാണ്. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ താരതമ്യേന കുറവാണ്.

ജലസേചനത്തിനായി മുൻകാലങ്ങളിൽ ചിലയിടങ്ങളിൽ തേക്ക് കൊട്ട ഉപയോഗിച്ചിരുന്നു. എലികളേയും മറ്റും നശിപ്പിക്കുന്നതിനു വേണ്ടി എലിക്കെണിയും പുൽപൊന്തുകളെ നശിപ്പിക്കാൻ മുറം വീശലും, പുഴു നശിപ്പിക്കാൻ മീൻ നെയ്യ് കയറിൽ മുക്കി വയലിന്റെ രണ്ടു ഭാഗങ്ങളിൽ രണ്ടാളുകൾ നിന്നു പിടിച്ച് വലിച്ചു കൊണ്ടു പോകുന്ന രീതിയും ഉപയോഗിച്ചിരുന്നു.

തെങ്ങു കൃഷിയോടു മുൻകാലങ്ങളിൽ ആർക്കും തന്നെ താൽപര്യമില്ലായിരുന്നു. പറമ്പ് കൃഷിക്ക് കടലയാണ് പാട്ടം നിശ്ചയിച്ചിരുന്നത്. നെൽകൃഷിയിൽ പാട്ടം അളന്നതിനു ശേഷം മിച്ചം വരുന്ന നെല്ല് വിൽക്കുന്നു.

അടുത്ത കാലത്തായി വണ്ടിത്താവളം മീനാക്ഷിപുരം, വണ്ടിത്താവളം ചിറ്റൂർ എന്നീ പ്രധാന റോഡുകളുടെ സമീപപ്രദേശത്തുള്ള ഏതാനും വയലുകൾ നികത്തി വീടു വെയ്ക്കാൻ തുടങ്ങി. വയലുകളിൽ ഉണ്ടായിരുന്ന പനയുടെ സ്ഥാനം തെങ്ങ് കയ്യടക്കാൻ തുടങ്ങി. വിൽപ്പനയ്ക്കു വേണ്ടി വയലുകൾ നികത്തുന്ന രീതി ഇപ്പോൾ കണ്ടു വരുന്നു. ഇത് വെള്ളക്കെട്ടിനും ജലദൗർലഭ്യത്തിനും ഇടയാകുന്നു.

ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഏറ്റെടുത്ത മിച്ച ഭൂമി കോടതിയിലും മറ്റും കേസ് നിലവിലുള്ളതു കൊണ്ട് ഈ സ്ഥലങ്ങൾ തരിശായി കിടക്കുന്നു. ഇതുകൊണ്ട് സാരമായ ഉൽപ്പാദന നഷ്ടം ഉണ്ടാവുന്നു. കൂടാതെ മൂലത്തറ ഇറിഗേഷൻ കനാലിനു വേണ്ടി പൊന്നും വിലയ്ക്കെടുത്തതും കനാലൊഴിച്ചുള്ളതുമായ ധാരാളം കൃഷിയുക്തമായ ഭൂമി തരിശായി കിടക്കുന്നു. ഇത് കൃഷിയാവശ്യത്തിനു വേണ്ടി ലേലം ചെയ്താൽ ഉൽപ്പാദന നഷ്ടം കുറയ്ക്കാവുന്നതും തന്മൂലം സാമ്പത്തിക മെച്ചം ഉണ്ടാകുന്നതുമാണ്. ഇത് കൂടുതലായും മൂലത്തറ വില്ലേജിലാണ്.

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവത്രികമായതും കർഷക തൊഴിലാളികളുടെ പിൻതലമുറക്കാരെ മറ്റ് തൊഴിലുകളിലേക്ക് ആകർഷിച്ചു. ഹൗസ് പ്ലോട്ടുകളായിതിരിക്കാൻ വേണ്ടി വയലുകൾ നികത്തുന്ന പ്രക്രിയ പുരോഗമിക്കാനും തുടങ്ങി . കടല, പയറുവർഗ്ഗങ്ങൾ മുതലായ പറമ്പ് കൃഷി സ്ഥലങ്ങൾ 90 ശതമാനവും തെങ്ങിന് വഴി മാറി കൊടുക്കുന്നു. ഭാരിച്ച ഉൽപ്പാദനച്ചിലവ് നിമിത്തം നെൽകൃഷി നഷ്ടം നേരിടുന്നതു കൊണ്ട് ഉൽപ്പാദനച്ചിലവും പരിചരണവും തുലോം കുറവായ തെങ്ങ് കൃഷിയ്ക്ക് നെൽകൃഷിക്കാരൻ

കടക്കാൻ തയ്യാറാകുന്നു. ഭൂവിനിയോഗ നിയമമാണ് ഇതിനു വിലങ്ങു തടിയായി നിൽക്കുന്നത്. ഈ പഞ്ചായത്തിൽ ചെറിയൊരു ഭാഗം പൂന്തലും കൃഷിയോഗ്യമല്ലാത്തതാണ്. ഇതിൽ ചുണ്ണാമ്പിന്റെ അംശം കൂടിയതിനാൽ നെൽച്ചെടി വളരാറില്ല. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ നിയമപരമായ സംരഷണം നൽകി ബണ്ടുകളിട്ട് തെങ്ങ് വച്ചാൽ ഒരു തെങ്ങിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ മൂന്നിരട്ടി കൂടുതൽ ഉൽപ്പാദനം ഉണ്ടാവും.

മൂലത്തറ ഇറിഗേഷൻ സിസ്റ്റത്തിൽ നിന്ന് കൃഷിക്ക് വെള്ളം കിട്ടാൻ തുടങ്ങിയ ശേഷം ഇവിടെയുണ്ടായിരുന്ന ഏരികളിൽ 75 ശതമാനവും നെൽകൃഷി ചെയ്യുന്ന പാടങ്ങളായി മാറി. ഇതുമൂലം ഏരികളുടെ താഴെയുള്ള പാടങ്ങൾ ചില സന്ദർഭങ്ങളിൽ വരൾച്ച കാരണം നശിക്കുകയും തൊട്ടടുത്ത കിണറുകളിൽ ആവശ്യത്തിന് വെള്ളം കിട്ടാതാവുകയും ചെയ്യുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന് 6079.39 ഹെക്ടർ വിസ്തീർണ്ണമുണ്ട്.ഇതിൽ മൂലത്തറ വില്ലേജ് കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ചെറുചെരിവോടു കൂടിയ സമതലവും പെരുമാട്ടി, വണ്ടിത്താവളം വില്ലേജുകളിൽ പറമ്പ് ഉയർന്നും നെൽവയലുകൾ തട്ടുതട്ടായും കിടക്കുന്നു.

പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങൾ ചെമ്മണ്ണും, കരിമണ്ണും (മൂലത്തറ വില്ലേജ്) പെരുമാട്ടി, വണ്ടിത്താവളം വില്ലേജുകളിൽ ചെമ്മണ്ണ്,കളിമണ്ണ്,ചുക്കാമണ്ണ്, ചരൽ കലർന്ന ചെമ്മണ്ണ് എന്നിവയും പാറക്കുളം, കോട്ടപ്പാടം,അണപ്പാടം,ഇറളംപുള്ളി എന്നീ ഭാഗങ്ങളിൽ പുളിമണ്ണും കാണുന്നു.

വിള വിസ്തീർണ്ണവും ഉത്പാദനവും

വിള	വിസ്തീർണം	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത ഹെക്ടറിൽ
നെല്ല് (ഒന്നാം വിള)	2050	8200 Mt	4000
നെല്ല് (രണ്ടാം വിള)	1950	6225	3500
നെല്ല് (മൂന്നാം വിള)	-	-	-
പയർ	145	72.5	500
എള്ള്	10	5	500
പച്ചക്കറികൾ	225	510	2000
തെങ്ങ്	458	120225500 Nm	26250
വാഴ	85	17000	2000
മരച്ചീനി	150	1875	1250
നിലക്കടല	292	511	1750
കരിമ്പ്	100	10000	100

കരിമ്പ്

100 ഏക്കർ സ്ഥലത്ത് കരിമ്പുകൃഷിയുണ്ട്. ഇവ ആയിരം ഏക്കറായി മാറ്റാൻ കഴിയും. ആയതിന് ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ നിന്നും കരിമ്പു വിത്ത് സൗജന്യമായി നൽകേണ്ടതും ഫാക്ടറി നേരിട്ടു വായ്പ നൽകുകയും ഇതിനു വേണ്ട ഒവൈദ്യുതി കണക്ഷൻ നൽകേണ്ടതുമാണ്.

നെൽകൃഷിക്ക് ശേഷം വയലുകളിൽ നാമമാത്രമായി പച്ചക്കറി കൃഷി ചെയ്യുകയും ബാക്കി ഭാഗം തരിശിടുകയുമാണ് പതിവ്. ഇത് മണ്ണിന്റെ ഉത്പാദനക്ഷമതയെ ബാധിക്കുന്നു.

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ										
വാർ	തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്					
	തെങ്ങ് കൃഷിവിസ്തീർണ്ണം ഏ	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിറ്റൽ	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിങ്ങ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10	11
I	25	750	1250	1750	-	-	50	-	-	50
II	50	1000	2500	3500	-	-	75	-	-	75
III	75	2000	3250	5250	-	-	100	-	55	155
IV	85	2100	1750	3850	-	-	75	-	-	75
V	150	5500	500	10500	-	-	150	-	-	150
VI	135	5450	4000	9500	-	-	200	-	25	225
VII	75	2250	3000	5250	-	-	100	-	30	130
VIII	40	1300	1500	2800	-	-	25	-	20	45
IX	175	5250	7000	12250	-	-	75	-	30	105
X	165	4300	7250	11550	-	-	125	-	55	180
XI	150	3500	8400	11900	-	-	150	-	75	225

നെൽകൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ		
ഇനം	വിസ്തീർണ്ണം ഹെ	ഏ
നിലം	2085	5313
പുരയിടം	2993	6325
പുറമ്പോക്ക്	934	7478
കൃഷിയോഗ്യതരിശ്	152	53
കൃഷിയോഗ്യമല്ലാത്ത തരിശ്	5	7004
ആകെ	6171	6173

തെങ്ങിന്റെ വാർഷിക ഉത്പാദനക്ഷമത 50-100 വരെയാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. ശരിയായ രീതിയിൽ ജലസേചന സൗകര്യം ഉണ്ടെങ്കിൽ ഉല്പാദനശേഷി ഇതിലും വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. ഇവിടത്തെ കൃഷിക്കാർ വിത്ത് തേങ്ങ സംഭരിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാറില്ല. ശരാശരി ഒരു ഏക്കറിന് 65 മുതൽ 80 വരെ തെങ്ങുകളാണ് നിലവിലുള്ളത്.

വളം

സഹകരണ മേഖലയിൽ രണ്ടും സ്വകാര്യ മേഖലയിൽ 4ഉം രാസവള വിപണന കേന്ദ്രങ്ങളാണ് ഇവിടെയുള്ളത്. നെൽകൃഷിക്ക് 90 ശതമാനം രാസവളങ്ങളാണ് ഉപയോഗിക്കുന്നത്. ഇത് കൃഷിച്ചെലവിന്റെ വർദ്ധനവിനും ഉല്പാദനക്ഷമതയുടെ കുറവിനും കാരണമാകുന്നു.മണ്ണ് പരിശോധിച്ച് നാളിതു വരെ വളം ഉപയോഗിച്ച ചരിത്രം ഇല്ല. ജൈവവളങ്ങളുടെ ലഭ്യതകുറവു മൂലം ഉപയോഗിക്കാറില്ല. 1-ാം വിളയ്ക്ക് മുമ്പ് 3 ശതമാനം കൃഷിസ്ഥലത്ത് ഡൈഞ്ച് ഉപയോഗിക്കാറുണ്ട്.

കീടനാശിനി

നെല്ലിനും കടലയ്ക്കുമാണ് സാധാരണ കീടനാശിനി ഉപയോഗിക്കാറുള്ളത്. ഇതിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ച യാതൊരു ശാസ്ത്രീയ രീതിയും അവലംബിക്കാതെയാണ് ഇത് ചെയ്യാറുള്ളത്. വളം, കീടനാശിനി എന്നിവ ഉപയോഗിക്കുന്നതു സംബന്ധിച്ച ബോധവല്ക്കരണ പ്രക്രിയയിലൂടെ മാത്രമെ കൃഷി ഗുണകരമാവുകയുള്ളൂ.

കാർഷികോപകരണങ്ങൾ

4 പവ്വർ ട്രില്ലർ, 95 നാടൻ കലപ്പ, 15 പവ്വർ സ്പ്രെയർ, 55 കുറ്റിപമ്പ്, 150 മൺവെട്ടി, 100 കൊടുവാൾ എന്നിവ കൃഷി ഭവൻ മുഖേന വിതരണം ചെയ്തു.

പാടശേഖര സമിതികൾ

ഈ പഞ്ചായത്തിൽ 27 പാടശേഖര സമിതികൾ ഇപ്പോഴുണ്ട്. കൃഷിക്കാർക്ക് സബ്സിഡി വാങ്ങി എത്തിക്കുന്നതിൽ കവിഞ്ഞുള്ള പുരോഗമന പ്രവർത്തനങ്ങൾ കുറവാണ്.

കൂലി നിരക്ക്

കൃഷിയോടുള്ള താത്പര്യക്കുറവും വിദ്യാഭ്യാസ നിലവാരത്തിൽ ഉണ്ടായ മാറ്റവും കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറയാനിടയാക്കി. 4309 കർഷക കുടുംബങ്ങളുള്ളതിൽ

നമ്പർ	പാടശേഖര സമിതിയുടെ പേര്	കൃഷിക്കാ എണ്ണം	പാടശേഖ വിസ്തൃതി	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
1	കല്യാണപേട്ട സമിതി	55	60	നെല്ല്	നെല്ല്	വാഴ
2	മേപ്പാടം സമിതി	46	50	"	"	"
3	അയ്യപ്പൻകാവ് സമിതി	106	120	"	"	" സോയാ ബീൻ
4	എഴുത്താണി സമിതി	28	40	"	"	വാഴ
5	കമ്പാലത്തറ സമിതി	38	75	"	"	പയർ കടല
6	മുള്ളൻ തോട് സമിതി	52	60	"	"	കടല വാഴ
7	നമ്പൂരിചള്ള സമിതി	93	100	"	"	വാഴ
8	പ്ലാച്ചിമട സമിതി	43	40	"	"	കടല
9	അലയാർ സമിതി	405	100	"	"	വാഴ ചേമ്പ്
10	അത്തിക്കൊളംമ്പ് സമിതി	43	40	"	"	വാഴ ചേന

നമ്പർ	പാടശേഖര സമിതിയുടെ പേര്	കൃഷിക്കാ എണ്ണം	പാടശേഖ വിസ്തൃതി	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
11	മുതലാം തോട് സമിതി	167	120	നെല്ല്	നെല്ല്	വാഴ സോയാ ബീൻ
12	വീട്ടുകുഴി സമിതി	139	120	"	"	"
13	തണ്ണികുന്ന് സമിതി	45	75	"	"	–
14	നറണി സമിതി	57	60	"	"	വാഴ
15	ഒടചിറ സമിതി	64	70	"	"	വാഴ
16	മടപ്പള്ളം സമിതി	46	50	"	"	വാഴ പയർ
17	ഏന്തൽപ്പാലം സമിതി	36	50	"	"	വാഴ
18	ചോണുകവാര സമിതി	55	60	"	"	"
19	വിളയാടി സമിതി	110	75	"	"	"
20	വേമ്പ സമിതി	56	100	"	"	"
21	കാരികുളം സമിതി	65	73	"	"	–
22	പോത്തനായ്ക്കൻ ചള്ള സമിതി	74	100	"	"	വാഴ
23	ശിൽവാംപതി സമിതി	30	45	"	"	കടല വാഴ
24	മല്ലൻചള്ള സമിതി	27	35	"	"	–
25	കാളിമേനോൻ ചള്ള സമിതി	54	60	"	"	കടല
26	കന്നിമാരി സമിതി	72	65	"	"	കടല
27	പാറക്കളം സമിതി	72	110	"	"	–

2576 കുടുംബങ്ങൾ മാത്രമെ കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നുള്ളൂ. ഏകദേശം 11000 പേരാണ് കർഷകതൊഴിലാളികളായി പഞ്ചായത്തിലുള്ളത്. ഇപ്പോൾ കൂലി നിരക്ക് പുരുഷന് 60 ഉം സ്ത്രീയ്ക്ക് 35 ഉം ആണ്. എന്നാൽ പഞ്ചായത്തിൽ എല്ലാ ഭാഗത്തും ഏകീകൃതമായ കൂലി നിരക്ക് ഇല്ല.

കാർഷിക വായ്പ

രണ്ട് സഹകരണ ബാങ്ക് ഉൾപ്പെടെ 4 ബാങ്കുകളാണ് പഞ്ചായത്തിൽ ഉള്ളത്. അവ പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്ക്, മൂലത്തറ സർവ്വീസ് സഹകരണ ബാങ്ക്, കനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവയാണ്. സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ഓരോ ബ്രാഞ്ചുകളും നിലവിലുണ്ട്. കൂടാതെ പാലക്കാട് കാർഷിക വികസന ബാങ്കിന്റെ ചിറ്റൂർ ശാഖയിൽ നിന്നും കാർഷിക വായ്പ നൽകാറുണ്ട്. കാർഷികാവശ്യം പറഞ്ഞ് വാങ്ങുന്ന വായ്പകൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായാണ് കണ്ടു വരുന്നത്. ചൊവ്വ, വെള്ളി ദിവസങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് ശാഖയുണ്ട്.

ബാങ്കു വായ്പകളെ സംബന്ധിച്ച വിവരം

	ബാങ്ക്	വർഷം	തുക
1.	പെരുമാടി സർവ്വീസ് സഹകരണ ബാങ്ക്	96–97	39,80,094
2.	മൂലത്തറ സർവ്വീസ് സഹകരണ ബാങ്ക്	96–97	53,05,071
3.	കാർഷിക വികസന ബാങ്ക്	96–97	14,70,0000

ജലസേചനം

പ്രധാനമായും ചിറ്റൂർ പുഴ പദ്ധതിയെ ആശ്രയിച്ചാണ് ഇവിടെ കൃഷി ചെയ്യുന്നുത് ഈ പദ്ധതിയിൽ കൂടി കൃത്യമായ സമയത്തും കൃത്യമായ അളവിലും വെള്ളം ലഭിക്കാറില്ല തന്മൂലം യഥാസമയത്ത് കൃഷിയിറക്കാൻ കഴിയാതെ വരുകയും ഉല്പാദനക്കുറവ് ഉണ്ടാവുകയും ചെയ്യുന്നു. മൂലത്തറ മെയിൻ കനാലിന്റെ ബണ്ടുകൾ പല ഭാഗങ്ങളിലും പൊട്ടിപൊളിഞ്ഞു കിടക്കുന്നതു കൊണ്ടും ബ്രാഞ്ച് കനാലുകളിലേക്കുള്ള ഷട്ടറുകൾ കൃത്യമായി പരിപാലിക്കാത്തതുകൊണ്ടും വളരെയധികം വെള്ളം കൃഷിക്ക് ഉപയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടു പോകുന്നു. കമ്പാലത്തറ ഏരിയുടെ വികസനത്തിനു വേണ്ടി 1980 ശേഷം എടുത്ത സ്ഥലത്ത് ഇന്നുവരെ വെള്ളം കയറിയിട്ടില്ല. ഏരിയുടെ മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് പൊക്കം കൂടുതലുള്ള സ്ഥലമായതാണ് ഇതിനു കാരണം യാതൊരു മാനദണ്ഡവുമില്ലാതെ സ്പൗട്ടുകൾ അനുവദിക്കുന്നതും കനാലുകളുടെ നീളം ക്രമാധീതമായി കൂട്ടിയതും ജലനഷ്ടത്തിനു കാരണമാകുന്നു.

തോടുകൾ

ഈ പഞ്ചായത്തിൽ കൃഷിയാവശ്യത്തിനു ശേഷം മിച്ചം വരുന്ന വെള്ളവും പുന്തൽ പാടങ്ങളിലെ ഊറ്റും ഒഴുകി തോടായി രൂപാന്തരപ്പെട്ടിരിക്കുന്നു. ഇവ ഒഴുകി പുഴയിൽ അവസാനിക്കുന്നു. പ്രധാന തോടുകളുടെ പട്ടിക ചേർത്തിട്ടുണ്ട്.

കുളങ്ങൾ

പഞ്ചായത്തിൽ വലുതും ചെറുതുമായ നിരവധി കുളങ്ങളുണ്ട്.ഇതിൽ 32 വറ്റാത്ത കുളങ്ങളാണുള്ളത്. (പട്ടിക നോക്കുക) കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കപ്പെടുകയോ എല്ലാം കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല.

മണ്ണ് ജല സംരക്ഷണം

മുൻകാലങ്ങളിൽ ഇവിടെയുള്ള ഭൂരിഭാഗം പറമ്പിലും വേങ്ങ,കരിമരുത്,പുല്ലമരുത്, മഞ്ഞപ്പാവുട്ട, വേപ്പ്, തേക്ക് എന്നീ മരങ്ങൾ ഇടതൂർന്ന് നിന്നിരുന്നു.വയൽ വരമ്പുകളിൽ ധാരാളം കരിമ്പനകൾ ഉണ്ടായിരുന്നു. ഇത് ഒരു പരിധി വരെ മണ്ണൊലിപ്പിനെ നിയന്ത്രിച്ചു. ഭൂപരിക്ഷ്കരണ നിയമത്തിന്റെ ആദ്യകാൽവയ്പ്പോടു കൂടി ജന്മികൾ തന്നെ മരങ്ങൾ മുറിച്ച് മാറ്റാൻ തുടങ്ങി. വേമ്പ അപസ്മാര കോവിലിൽ 200 വർഷത്തിനു മുകളിൽ പ്രായമുള്ള വേപ്പ് മരം നിലവിലുണ്ട്.

കൃഷി ഭവൻ

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കൃഷിഭവന്റെ പ്രവർത്തനം ലഭ്യമല്ല. തന്മൂലം കൃഷിഭവനിൽകൂടി കൃഷിക്ക് കിട്ടുന്ന ആനുകൂല്യങ്ങളെ കുറിച്ച് കൃഷിക്കാർ അറിയുന്നില്ല. വ്യത്യസ്തമായ മൺതരങ്ങളുള്ള പഞ്ചായത്തായതിനാൽ മണ്ണ് പരിശോധിച്ച് വേണ്ട നിർവ്വഹിക്കാറില്ല. പഞ്ചായത്തിന്റെ വിസ്തീർണ്ണമനുസരിച്ച് കൃഷി അസിസ്റ്റന്റുമാരുടെ എണ്ണം കുറവാണ്.

പ്രശ്നങ്ങൾ

മൂലത്തറ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലുകളും സബ് കനാലുകളും കാലാകാലങ്ങളിൽ അറ്റകുറ്റ പണി ചെയ്യാറില്ല. ഉല്പാദനച്ചെലവിൽ വന്ന വർദ്ധനവും കൃഷിപ്പണിയോട് ജനങ്ങൾക്കുണ്ടായ വിമുഖതയും ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതും കൃത്യസമയങ്ങളിൽ വെള്ളം ലഭിക്കാത്തതും, യന്ത്രവല്കരണത്തിന്റെ അഭാവവും ഉല്പാദനം കുറയാൻ കാരണമാകുന്നു. തന്മൂലം നെൽകൃഷി നില നിർത്താൻ കഴിയുന്നില്ല.

രണ്ടാമത്തെ പ്രധാനവിളയായ തെങ്ങിന് ജലസേചന സൗകര്യം ഇല്ലാത്തതുകൊണ്ട് ഉല്പാദനം കുറയുന്നു. നെൽകൃഷിയുടെ ഉല്പാദനക്ഷമത കുറഞ്ഞതും നെൽകൃഷി ചെയ്യാതെ വെറുതെ കിടക്കുന്നതുമായ പുന്തരി പാടങ്ങളിൽ ബണ്ടുകളിട്ട് തെങ്ങ് വയ്ക്കാൻ നിലവിലുള്ള കെ.എൽ.യു. നിയമം അനുവദിക്കുന്നില്ല. തന്മൂലം തേങ്ങയുടെയും നെല്ലിന്റെയും ഉല്പാദനം ഉണ്ടാകുന്നില്ല.

മണ്ണ് പരിശോധിക്കാതെ അശാസ്ത്രീയമായ രീതിയിൽ വളം പ്രയോഗിക്കുന്നതും ജൈവവളത്തിന്റെയും ജീവാണു വളത്തിന്റെയും ലഭ്യതക്കുറവും പ്രധാന വിളകളുടെ ഉല്പാദനം കുറയ്ക്കുന്നു.

പഞ്ചായത്തിന്റെ അതിർത്തി പ്രദേശത്തും തമിഴ് നാടിനോടു തൊട്ടുകിടക്കുന്നതുമായ മൂലത്തറ വില്ലേജിൽ ഇടവിളയായും പ്രധാന വിളയായും ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇവിടെ വിപണന സൗകര്യം ഇല്ലാത്തതു കൊണ്ട് തമിഴ്നാട്ടിലേക്ക് കയറ്റി അയക്കുന്നു. എന്നാൽ തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളാണ് ഇവിടെ വിൽപ്പന നടത്തുന്നത്.

നെല്ല്, തെങ്ങ്, പച്ചക്കറി എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ യഥാസമയം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ കൃഷി ഭവനിൽ നിന്ന് നൽകാറില്ല. പാടശേഖര സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.

മാവ്, കവുങ്ങ്, കരിമ്പ്, പരുത്തി, പച്ചക്കറികൾ എന്നിവയുടെ ഉൽപ്പാദനത്തിനും യാതൊരുവിധ പ്രോത്സാഹനവും നൽകുന്നില്ല. കടല കൃഷിയുടെ ഉൽപ്പാദനം കുറഞ്ഞു വരുന്നു.

പ്രശ്നങ്ങൾ	നിർദ്ദേശങ്ങൾ
പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും നെൽകൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പഞ്ചായത്തു കാർഷിക മേഖലയായി പ്രഖ്യാപിച്ചിട്ടില്ല.	പഞ്ചായത്തു പരിപൂർണ്ണ കാർഷിക ലേഖലയായി പ്രഖ്യാപിക്കണം.
ജനങ്ങളുടെ പ്രധാന കാർഷിക ഉൽപ്പന്നം നെല്ല്, നാളികേരം, കടല, പരുത്തി, കരിമ്പ് എന്നിവയാണ് . കൃത്യമായ ഒരു മാർക്കറ്റിങ്ങ് സിസ്റ്റം നിലവിലില്ല.	റെഗുലേറ്റിങ്ങ് മാർക്കറ്റിങ്ങ് സിസ്റ്റം പഞ്ചായത്തിൽ നടപ്പിലാക്കണം. അതു നിലവിൽ വരുന്നതു വരെ സഹകരണ സംഘം, മറ്റു സാമ്പത്തിക സ്ഥാപനം എന്നിവയുടെ മേൽനോട്ടത്തിൽ താൽകാലിക മാർക്കറ്റ് രൂപീകരിക്കുക.
പാടശേഖര സമിതി അംഗങ്ങൾക്ക് ശാസ്ത്രീയമായ കൃഷി രീതി അറിയില്ല.	പാടശേഖര സമിതി അംഗങ്ങൾക്ക് ശാസ്ത്രീയ കൃഷി രീതിയെ പറ്റി പരിശീലനം നൽകുക.

മോഡേൺ റൈസ്മിൽ നിലവിലില്ല.	മോഡേൺ റൈസ് മിൽ സ്ഥാപിച്ച് നെല്ല് സംഭരിച്ച് വിപണനം ചെയ്യുക.
മണ്ണ് പരിശോധിച്ച് വളപ്രയോഗത്തെ പറ്റി ശരിയായ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കാറില്ല. ശാസ്ത്രീയമല്ലാത്ത വളപ്രയോഗം കൃഷി വിളകളെ നഷ്ടത്തിലെത്തിക്കുന്നു.	പഞ്ചായത്തിൽ എല്ലായിടത്തും മണ്ണ് പരിശോധിച്ച് വിവരം കൃഷിക്കാരനു നൽകണം. ഇതിന്റെ ഒരു കോപ്പി സഹകരണ ബാങ്കുകൾക്ക് നൽകി ആവശ്യമുള്ള വളം ശേഖരിച്ച് വെക്കണം.
നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറികൾ എന്നിവക്കുണ്ടാകുന്ന രോഗങ്ങളെ കുറിച്ചറിവില്ല.	രോഗങ്ങൾ യഥാസമയം പരിശോധന നടത്തി വേണ്ട നിർദ്ദേശം കൃഷിക്കാർക്ക് നൽകുക.
കാർഷിക സർവ്വകലാശാലകളുടെ പുതിയ സാങ്കേതിക വിദ്യകൾ കൃഷിക്കാർക്ക് നേരിട്ട് നൽകാറില്ല.	തമിഴ്നാട്ടിനോട് സാമ്യമുള്ള സ്ഥലമാകയാൽ തമിഴ്നാട് കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക വിദ്യകൾ കൃഷിക്കാർക്കു ലഭ്യമാക്കണം
കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റുമാരുടെ കുറവു കാരണം എല്ലായിടത്തും സഹായം ലഭ്യമാകുന്നില്ല.	കൃഷി അസിസ്റ്റന്റുമാരുടെ എണ്ണം വർദ്ധിപ്പിക്കണം. കൃഷി ഭവൻ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കൃഷിക്കാർക്ക് എത്തിപ്പെടാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് സൗകര്യപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കണം.
എല്ലാ വിളകൾക്കും ഇൻഷുറൻസ് സംവിധാനമില്ല.	എല്ലാ വിളകളേയും ഇൻഷുറൻസിന്റെ പരിധിയിൽ കൊണ്ടു വരിക.
നെല്ലിന്റെ താഴ്ന്ന വില നിശ്ചയിക്കുന്നത് ശരിയായ മാനദണ്ഡമനുസരിച്ചല്ല.	50 കി.ഗ്രാം നെല്ലിന്റെ വില 100 പുരുഷ തൊഴിലാളികളുടെ കൂലിയ്ക്കു തുല്യമാക്കുക.
കൃഷിഫാം പഞ്ചായത്തിന്റെ നേതൃത്വത്തിലോ സഹകരണ ബാങ്കിന്റെ നേതൃത്വത്തിലോ ഇല്ല.	പഞ്ചായത്തിന്റെയോ, സഹകരണ ബാങ്കുകളുടേയോ മേൽനോട്ടത്തിൽ കൃഷി ഫാം സ്ഥാപിക്കണം.
പൂന്തൽ നിലയിടങ്ങളിൽ നെൽകൃഷി ചെയ്യാൻ കഴിയുന്നില്ല.	കൃഷിയോഗ്യമല്ലാത്ത പൂന്തൽ പാടങ്ങളിൽ തെങ്ങു കൃഷി ചെയ്യുന്നതിന് കെ.എൽ.യു. നിയമ ഭേദഗതി വരുത്തണം
പച്ചക്കറി ഇനങ്ങൾ ഇവിടെ ഉൽപ്പാദിപ്പിക്കുകയും തമിഴ്നാട്ടിൽ വിപണനം നടത്തുകയും ചെയ്യുന്നു.	പച്ചക്കറി ഇവിടെ സംഭരിക്കുകയും വിപണനം നടത്തുകയും വേണം.

പച്ചക്കറി ഉൽപ്പാദനത്തിന്റെയും ഉപയോഗത്തിന്റെയും കണക്കെടുത്തിട്ടില്ല.	പച്ചക്കറി ഉൽപ്പാദനത്തിന്റെയും , ഉപഭോഗത്തിന്റെയും കണക്ക് ശാസ്ത്രീയമായി എടുക്കുക.
ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങൾക്ക് തമിഴ്നാട്ടിൽ ശരിയായവില ലഭ്യമല്ല.	ഒരേ സമയത്ത് ഒരേ തരം പചക്കറിയാണ് ഉൽപ്പാദിപ്പിക്കുന്നത്. സർവ്വേയുടെ അടിസ്ഥാനത്തിൽ തമിഴ്നാട്ടിൽ ലഭ്യമല്ലാത്ത ഇനം പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാൻ നിർദേശം നൽകണം.
അത്യുൽപ്പാദനശേഷിയുള്ള പച്ചക്കറി വിത്തിനങ്ങൾ ലഭ്യമല്ല.	സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായത്തോടെ നല്ലയിനം പച്ചക്കറി വിത്ത് ശേഖരിക്കുകയും കൃഷിക്കാർക്ക് നൽകുകയും വേണം. എല്ലായിനം പച്ചക്കറി കൃഷിക്കും സഹായധനം കൃഷി ഭവൻ മുഖേന നൽകുക.
പരുത്തി, കരിമ്പ് എന്നീ വിളകൾക്ക് സഹായധനം ലഭ്യമല്ല.	പരുത്തിക്ക് കൃഷി ഭവൻ മുഖേനയും കരിമ്പിന് ചിറ്റൂർ കോപ്പറേറ്റീവ് ഷുഗർഫാക്ടറി മുഖേനയും ധനസഹായം നൽകുക.
വീട്ടു വളപ്പുകളെ കമ്മ്യൂണിറ്റി ഇറിഗേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.	വീട്ടു വളപ്പുകളെ കമ്മ്യൂണിറ്റി ഇറിഗേഷൻ ഗ്രൂപ്പിൽ ഉൾപ്പെടുത്തി ധനസഹായം വർദ്ധിപ്പിക്കുക.
മാവു കൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ ഏതൊക്കെ എന്നു വ്യക്തമായറിയില്ല. ഇപ്പോൾ മാവു കൃഷിയെ പ്രോത്സാഹിപ്പിക്കുന്നില്ല.	മാവുകൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ സർവ്വെ നടത്തി വിവരം ശേഖരിക്കുക. നല്ലയിനം മാവിൻതൈകൾ വിതരണം ചെയ്യുകയും മാവ് കൃഷി ചെയ്യാൻ പ്രോത്സാഹനം നൽകുകയും വേണം.
കെട്ടുതെങ്ങ് സമ്പ്രദായം നിലവിലില്ല. (തെങ്ങിന്റെ വിളവു കണക്കാക്കി അതിന്റെ വിലയുടെ 80 ശതമാനം സർവ്വീസ് ബാങ്കുകളിൽ നിന്ന് ഒ.ഡി.യായി തെങ്ങു കർഷകനു നൽകാനുള്ള പദ്ധതിയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.)	കെട്ട് തെങ്ങ് സമ്പ്രദായം നടപ്പിലാക്കുക.
നെൽവയലിന്റെ വരമ്പിൽ നിൽക്കുന്ന തെങ്ങിന് പറമ്പിൽ കൃഷി ചെയ്യുന്ന തെങ്ങിന് ലഭിക്കുന്ന ആനുകൂല്യം ലഭ്യമല്ല.	വയൽ വരമ്പിലുള്ള തെങ്ങുകൾക്കും എല്ലാ ആനുകൂല്യങ്ങളും നൽകണം.

നാളികേരത്തിന്റെ ഉൽപ്പാദനം കൂടുതലുള്ള പഞ്ചായത്താണിത്. നാളികേരത്തിന്റെ ശരിയായ വില ലഭ്യമല്ല.	സഹകരണാടിസ്ഥാനത്തിൽ നാളികേര കോംപ്ലക്സ് സ്ഥാപിക്കുക. ഇളനീർ പാർലറും സ്ഥാപിക്കണം
മരച്ചീനിക്ക് ശരിയായ വില ലഭിക്കുന്നില്ല.	സ്റ്റാർച്ച് ഫാക്ടറി സ്ഥാപിക്കുക.
തക്കാളി മറ്റു പഴവർഗ്ഗങ്ങൾ എന്നിവ സീസണിൽ ധാരാളം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ശരിയായ വില ലഭിക്കുന്നില്ല.	പഴവർഗ്ഗ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.
കടല മൂലത്തറ വില്ലേജിൽ 75 ശതമാനം സ്ഥലത്തും കൃഷി ചെയ്യുന്നു. ഇതിന് ശരിയായ വില ലഭിക്കുന്നില്ല.	കടലസംസ്ക്കരണ മില്ലുകൾ സ്ഥാപിക്കുക
നെൽകൃഷിയെപ്പോലെ മറ്റു വിളകൾക്കും വൈദ്യുതി സൗജന്യമായി നൽകുന്നില്ല. പല കൃഷിക്കാർക്കും വൈദ്യുതകണക്ഷൻ ലഭിച്ചിട്ടില്ല.	എല്ലാ വിളകൾക്കും വൈദ്യുതി സൗജന്യമാക്കുകയും 1213 മോട്ടോർ പമ്പുസെറ്റുകൾക്ക് കണക്ഷൺ നൽകുകയും വേണം.
കൃഷി ഭവൻ നിർദ്ദേശിക്കുന്ന കമ്പനികളിൽ നിന്നും മോട്ടോർ, പമ്പ് സെറ്റ് ഇവ വാങ്ങുന്നതു കൊണ്ട് സാമ്പത്തിക നഷ്ടം സംഭവിക്കുന്നു.	ഏതു സംസ്ഥാനത്തുനിന്നായാലും സർക്കാർ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന മോട്ടോർ, പമ്പുസെറ്റുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കണം.
കല്യാണപേട്ട, നറണി, കോരിയാർ ചള്ള, മുല്ലയ്ക്കൽ ചള്ള എന്നിവിടങ്ങളിലെ കൃഷിക്കാർക്ക് വളം, കീടനാശിനി എന്നിവ വാങ്ങാൻ 8 കി.മീ. കൂടുതൽ യാത്ര ചെയ്യേണ്ടി വരുന്നു.	പെരുമാട്ടി സഹകരണ ബാങ്കാണ് വളം കീടനാശിനി എന്നിവ വിപണനം ചെയ്യുന്നത് ഒരു സബ് ഡിപ്പോ കല്യാണ പേട്ട കേന്ദ്രീകരിച്ച് തുടങ്ങണം.
കള്ള് ചെത്തി അന്യ ജില്ലകളിലേക്ക് കൊണ്ടു പോകുന്നു. ഭീമമായ നികുതി വെട്ടിപ്പ് നടക്കുന്ന ഒരു മേഖലയാണിത്.	പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കള്ള് ശേഖരിച്ച് കോൺട്രാക്ടർമാർക്ക് നൽകാനുള്ള നിയമഭേദഗതി വരുത്തണം.
കാർഷിക മേഖലയിൽ യന്ത്രവത്കരണം ഇല്ല.	സഹകരണ മേഖലയിൽ കാർഷിക യന്ത്രങ്ങൾ വാടകയ്ക്കു കൊടുക്കുന്ന ഒരു സ്ഥാപനം

	തുടങ്ങുക. ഇതിൽ താഴെപ്പറയുന്ന ഉപകരണങ്ങൾ ഉണ്ടാകണം. ട്രില്ലർ – 29, ട്രാക്ടർ – 20 മെതിയന്ത്രം –85, പവ്വർ സ്പ്രെപയർ –90, കുറ്റിപമ്പ് – 30 കൃഷിക്കാർക്ക് യന്ത്രസാമഗ്രി വാങ്ങാൻ സബ്സിഡി
കോപ്പർ സൾഫേറ്റ് ജൈവ വളങ്ങൾ(N.P.K.യുടെ അടിസ്ഥാനത്തിൽ)ക്ക് സഹായധനം നൽകുന്നില്ല.	അനുവദിക്കണം. കോപ്പർ സൾഫേറ്റിനും ജൈവ വളങ്ങൾക്കും കൃഷി ഭവൻ മുഖേന ധനസഹായം നൽകുക.
രാസവളങ്ങളുടെ സഹായധനം കൃഷിക്കാരന് നേരിട്ട് ലഭ്യമല്ല.	കമ്പനികൾക്ക് നൽകുന്ന രാസവള സബ്സിഡി കൃഷിക്കാർക്ക് നേരിട്ട് നൽകണം.
പറമ്പിക്കുളം–അലിയാർ കരാർ കാലഹരണപ്പെട്ടതും നാളിതുവരെ പുതുക്കിയിട്ടുമില്ല.	കരാർ പുതുക്കണം. ആയകെട്ട് പ്രദേശം കൂടിയതിനാൽ കൂടുതൽ വെള്ളം ലഭ്യമാക്കുകയും വേണം.
വോൾട്ടേജ് ക്ഷാമവും മോട്ടോറിന്റെ കേടും കാരണം മൂലത്തറ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിക്കുന്നില്ല.	വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും മോട്ടോറിന്റെ അറ്റകുറ്റപണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും കനാൽ കോൺക്രീറ്റ്
ചിറ്റൂർ പുഴ ജലവിനിയോഗ ഉപദേശക സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.	ചെയ്ത് സംരക്ഷിക്കുകയും ചെയ്യുക പഞ്ചായത്തിലെ ജനപ്രതിനിധികളേയും കർഷകരേയും ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിക്കുകയും പ്രവർത്തനം ഉറപ്പു
അകമ്പാടം തോടുകളിലെ വെള്ളം ഉപയോഗ ശൂന്യമായി ഒഴുകി പുഴയിൽ ചേരുന്നു.	വരുത്തുകയും വേണം. സാമൂഹ്യ ജലസേചന പദ്ധതി പ്രകാരം അകമ്പാടം ചാലുകളിൽ തടയണ കെട്ടി വെള്ളം സംഭരിച്ച് ലിഫ്റ്റ് ചെയ്ത് പറമ്പു കൃഷിക്കു പയുക്തമാക്കണം. (അകമ്പാടം ചാലു കളുടെ പട്ടിക നോക്കുക) അകമ്പാടം തോടുകൾ ഇല്ലാത്തിടങ്ങളിൽ സാമൂഹ്യ ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി 1. മീനാക്ഷിപുരം 2. കരുപ്പട്ടിതുറകാട്ട് സൂര്യപാറകാട്, ഗോവിന്ദൻഅമ്മ കാട്, വേമ്പ്ര എന്നിവിടങ്ങളിൽ ജലസേചനം നടത്തണം.

കൃഷിക്കു ജലസേചനത്തിനു വേണ്ടി കിണറു കുഴിക്കാനും ഏരികൾ സൈഡ് കെട്ടി സംരക്ഷിച്ച് പമ്പ് സെറ്റു വയ്ക്കാനുമുള്ള ധനസഹായം പര്യാപ്തമല്ല.

വെള്ളം വറ്റാത്ത കുളങ്ങൾ കൃഷിക്കുപ യോഗപ്രദമാവുന്നില്ല.

സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്ത ഏരികൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.

കാഡാ പദ്ധതിയിൽ ഉൾപ്പെടുത്തി പണി ചെയ്ത ചാലുകൾ ഭാഗികമായി മാത്രമെ പൂർത്തീകരിച്ചിട്ടുള്ളു. ഇത് വെള്ളത്തിന്റെ ഒഴുക്കിനെ ബാധിച്ച് ജലദൗർലഭ്യം അനുഭവപ്പെടുന്നു.

മൂലത്തറ ഇറിഗേഷൻ മെയിൻ കനാൽ സർക്കാർ പതി, പാട്ടികുളം, നന്ദിയോട് എന്നിവിടങ്ങളിൽ സ്ലാബ് ഇളകി ബണ്ട് ഇടിഞ്ഞു കിടക്കുന്നു.

മൂലത്തറ മെയിൻ കനാലിൽ നിന്നും പുറപ്പെടുന്ന മുള്ളൻ തോട്, അഞ്ചുവള്ളക്കാട്, തണ്ണികുണ്ട്, തിമ്മിചെട്ടി, മേലേ പുതുശ്ശേരി, വാണുവംപാടം, വവ്വാക്കോട്, അയ്യൻപാടം, അലയാർ എന്നീ ബ്രാഞ്ചുകൾ കൃത്യസമയങ്ങളിൽ അറ്റകുറ്റ പണി ചെയ്യുന്നില്ല.

നരണി മെയിൻ കനാൽ സ്ലാബ് ഇട്ടതല്ല. ഇതിനാൽ കൂടുതൽ വെള്ളം ഒഴുകി വരുമ്പോൾ വവ്വാക്കോട്, വേലാംകൊളമ്പ്, പുതുശ്ശേരി എന്നിവിട ങ്ങളിലുള്ള ബണ്ടുകൾ പൊട്ടി ജലനഷ്ടവും കൃഷി നാശവുമുണ്ടാകുന്നു.

മൊത്തം 60 ഏക്കർ പറമ്പ് ഉണ്ട്. കുഞ്ചുമേനോൻ പതിവാട്, കുളപ്പുരകാട്, കുഞ്ചപ്പുകൗണ്ടർ കാട് എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിച്ച് ജലസേചനം ചെയ്യണം.

ധനസഹായം വർദ്ധിപ്പിക്കണം.

വറ്റാത്ത കുളങ്ങൾ സൈഡ് കെട്ടി സംരക്ഷിച്ച് കൃഷിക്കും മത്സ്യം വളർത്തലിനും ഉപ യോഗിക്കാം (കുളങ്ങളുടെ പട്ടിക നോക്കുക)

മിച്ചഭൂമികൾ പഞ്ചായത്തിനെ ഏൽപ്പിക്കുക യും അറ്റകുറ്റപണി ചെയ്ത് കൃഷിക്ക് ഉപ യുക്തമാക്കുകയും വേണം.

പണി പൂർത്തിയാക്കാത്ത ചാലുകളുടെ പണി പൂർത്തിയാക്കണം. (ചാലുകളുടെ പട്ടിക നോക്കുക)

അറ്റകുറ്റപണി ചെയ്ത് ജലനഷ്ടം ഒഴിവാക്കണം.

കാലാകാലങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ അറ്റകുറ്റ പണി ചെയ്യണം. തൊഴിലാളികൾക്കുള്ള ഭക്ഷണം പൊതുജനപങ്കാളിത്തത്തിലൂടെ നൽകും.

നരണി മുതൽ കോട്ടപ്പാടം വരെയുള്ള കനാൽ ഭാഗങ്ങളിൽ ബലക്ഷയമുള്ള ഭാഗങ്ങൾ പരിശോധിച്ച് ബലപ്പെടുത്തണം.

6.2

മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക വൃത്തിയിൽ മൃഗസംരഷണവും മത്സ്യബന്ധനവും പരസ്പര പൂരകങ്ങളായ ഒന്നു മറ്റൊന്നിന് ആവശ്യവും സഹായകവുമാണ്. പെരുമാട്ടിപോലെ കാർഷികാടിത്തറയുള്ള ഗ്രാമത്തിൽ മൃഗസംരക്ഷണവും മത്സ്യബന്ധനവും ആസൂത്രിതമായി വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞാൽ ഗ്രാമത്തിന്റെ മൊത്തം സാമ്പത്തികാവസ്ഥ തന്നെ ഗണനീയമായി മെച്ചപ്പെടും.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായി കാള, എരുമ, പോത്ത് എന്നീ മൃഗങ്ങളേയും വളർത്തി വരുന്നു. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയും താറാവുമാണ്. പഞ്ചായത്തിൽ 5506 പശുക്കളും 1479 ആടുകളും 781 കാളകളും 384 എരുമയും 73 പോത്തുകളുമാണ് നിലവിലുള്ളത്. 70 ശതമാനം വീടുകളിലും കോഴി വളർത്തുന്നുണ്ടെങ്കിലും വേനൽക്കാലത്ത് കോഴിവസന്ത പടർന്നു പിടിക്കുകയും കോഴികൾ നാമാവിശേഷമാവുകയും ചെയ്യുന്നു.

യന്ത്രവൽക്കരണം വന്നതോടു കൂടി കൃഷിക്ക് ഉഴവു മൃഗങ്ങളുടെ ഉപയോഗം കുറയുകയും തന്മൂലം വളർത്തു മൃഗങ്ങളുടെ എണ്ണം കുറയുകയും ചെയ്തു. മേച്ചിൽ സ്ഥലങ്ങളുടെ കുറവ്, കാലിത്തീറ്റയുടെ വിലവർദ്ധനവ്, പാലിന്റെ വിലകുറവ് എന്നിവയും വളർത്തുമൃഗങ്ങളുടെ കുറവിൽ വലിയൊരു പങ്കു വഹിക്കുന്നു.

പഞ്ചായത്തിൽ മൂന്നു പാൽ സൊസൈറ്റികളാണ് നിലവിലുള്ളത്. പ്രതിദിനം ഏകദേശം 16000 ലിറ്റർ പാലുൽപ്പാദിപ്പിക്കുന്നു. പഞ്ചായത്തിലെ ഉപഭോക്താക്കളുടെ ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന പാൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ ശേഖരിച്ച് ജില്ലാ ആസ്ഥാനത്തേക്കു കയറ്റി അയക്കുകയും ചെയ്തു വരുന്നു.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത് കിഴക്കേ അറ്റത്തുള്ള മൂലത്തറ വില്ലേജിലെ മീനാക്ഷിപുരത്താണ്. ഈ ആശുപത്രിയിൽ നിന്നുള്ള ചികിത്സാ സൗകര്യങ്ങൾ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങൾക്കും ലഭ്യമല്ല. വണ്ടിത്താവളം, പെരുമാട്ടി എന്നീ വില്ലേജുകളിൽ പെട്ട 1,2,3,4,7,8,10 വാർഡുകളിലെ കന്നുകാലികളുടെ ചികിത്സയ്ക്കും ബീജസങ്കലന കുത്തിവെയ്പ്പിനും 15 കി.മീ. ദൂരം സഞ്ചരിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്.

അകിടു വീക്കം, കുളമ്പുരോഗം,അടപ്പു രോഗം എന്നിവയാണ് കന്നുകാലികളിൽ കണ്ടു വരുന്ന പ്രധാന രോഗങ്ങൾ. രോഗം ബാധിച്ച കന്നുകാലികൾക്ക് തുടക്കത്തിൽ തന്നെ ചികിത്സ ലഭിക്കാത്തത് കർഷകരിലുള്ള അന്ധവിശ്വാസവും അറിവില്ലായ്മയും കാരണമാണ്.

പഞ്ചായത്തിൽ ഏകദേശം 87 ഗോബർ ഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സാധ്യതകളുണ്ടെങ്കിലും ഇതു സംബന്ധിച്ച് കർഷകരിലുള്ള അറിവില്ലായ്മയാണ് പ്രധാന പ്രശ്നം. ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ആനുകൂല്യങ്ങൾ ഒന്നും തന്നെ കർഷകർക്ക് ലഭ്യമായിട്ടില്ല. കാലി വളർത്തലിൽ കുറവു സംഭവിക്കുന്നതു മൂലം കൃഷിക്കാവശ്യമായ ജൈവവളങ്ങൾ തികയാതെ വരികയും കൃഷി ലാഭകരമല്ലാതാവുകയും ചെയ്യുന്നു.

ഒൻപത് കോഴി വളർത്തൽ കേന്ദ്രങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. ബ്രോയ്ലർ കോഴികളുടെ ആഗമനം നാടൻ കോഴികളുടെ എണ്ണം ഗണ്യമായി കുറച്ചു. വിശാലമായ പുഴയോരത്തും വറ്റാത്ത കുളങ്ങളും ഉള്ളതും മൂലം താറാവു വളർത്തലലിന് സാധ്യതുണ്ട്. കൗതുകത്തിനായി മാത്രം മുയൽ,പ്രാവ്,ജിൻ കോഴി എന്നിവ വളർത്തുന്നു.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലവർദ്ധനവ്.
2. തീറ്റപ്പുൽ ലഭ്യതക്കുറവ്
3. മൃഗപരിപാലനത്തിന്റെ അറിവില്ലായ്മ
4. മൃഗചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത
5. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങളുടെ കുറവ്.
6. കാലി വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം
7. അത്യുൽപ്പാദനശേഷിയുള്ള ഇനം പശുക്കളുടെ ലഭ്യതക്കുറവ്
8. പേപ്പട്ടി ശല്യം ഉണ്ടാകുന്നു.
9. കോഴിവസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തതിനാൽ കോഴി വർത്തൽ നിരുൽത്സാഹപ്പെടുന്നു.

സാധ്യതകൾ

1. സഹകരണസംഘങ്ങൾ മുഖേന കാലിത്തീറ്റ ഉത്പാദനകേന്ദ്രം തുടങ്ങുകയും കുറഞ്ഞ വിലയ്ക്ക് ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം നടത്തുകയും ചെയ്യുക.

2. തീറ്റപ്പുൽകൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭമാക്കുക.
3. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ ഏർപ്പെടുത്തുക.
4. പഞ്ചായത്തിലെ വണ്ടിത്താവളം പെരുമാട്ടി വില്ലേജുകളിൽ മൃഗാശുപത്രി സ്ഥാപിക്കുകയോ ഈ വില്ലേജുകളിൽ ഓരോ സബ്സെന്ററുകൾ തുടങ്ങി ആഴ്ചയിൽ രണ്ടു ദിവസം ചികിത്സ സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുക. കൂടാതെ നിലവിലുള്ള മൂലത്തറ വില്ലേജിലെ മീനാക്ഷിപുരത്തെ മൃഗാശുപത്രി പ്രവർത്തനക്ഷമമാക്കുകയും മൃഗങ്ങൾക്ക് സൗജന്യ കുത്തിവയ്പ് നടത്തുകയും ചെയ്യുക.
5. 10-ാം വാർഡിലെ ഒടുകുറുഞ്ഞി എന്ന സ്ഥലത്ത് പാൽ സൊസൈറ്റി രൂപീകൃതമായിട്ടും പ്രവർത്തനം തുടങ്ങിയിട്ടില്ല. ഉടനടി തുടർന്നു പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കണം.
6. 4-ാം വാർഡിലെ പാട്ടികുളം പള്ളിമൊക്കിൽ സ്ഥിതി ചെയ്യുന്ന പാൽ സൊസൈറ്റി കാര്യക്ഷമമായി പ്രവരത്തിപ്പിക്കുക.
7. പഞ്ചായത്തിൽ പാൽസൊസൈറ്റി ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിച്ച് പ്രവർത്തനം മെച്ചപ്പെടുത്തണം.
8. ഇപ്പോൾ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പാൽ ശേഖരിച്ച് പാലക്കാട് ഡയറിലാണ് എത്തിക്കുന്നത്. അവിടെ സംസ്കരിച്ചതിനു ശേഷം വീണ്ടും ഇവിടെ എത്തിക്കുകയാണ് പതിവ്. തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിൽ ലഭികുന്ന രീതിയിൽ മിൽമയുടെ ട്രാൻസ്പോർട്ടിങ്ങ് നഷ്ടം ഹരിഹരിക്കാനായി പഞ്ചായത്ത് കേന്ദ്രീകരിച്ച് മിൽമയുടെ നേതൃത്വത്തിൽ ഒരുമിനി ചില്ലിങ്ങ് പ്ലാന്റ് സ്ഥാപിക്കുക.
9. പഞ്ചായത്തിൽ ഒരു ഡയറിഫാം സ്ഥാപിക്കുക.
10. വന്ധ്യത നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
11. പശുക്കളെ വാങ്ങുന്നതിന് കാറ്റഗറി അടിസ്ഥാനപ്പെടുത്താതെ എല്ലാ ക്ഷീരകർഷകർക്കും സബ്സിഡി അനുവദിക്കുക.
12. കറവ ഉരുക്കളെ ഇൻഷുറൻസ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം അനുയോജ്യമല്ലാത്തതിനാൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കുക.
13. തൊഴുത്ത് നിർമ്മിക്കാൻ ലോൺ അനുവദിക്കുക.
14. ആടു വളർത്തലിന് സബ്സിഡി അനുവദിക്കുക.
15. അത്യുത്പാദന ശേഷിയുള്ള പശുകളെ ലഭിക്കാനുള്ള സംവിധാനമുണ്ടാക്കുക.
16. അലഞ്ഞുതിരിയുന്ന മുഴുവൻ നായ്ക്കളെയും നശിപ്പിക്കുക.
17. കോഴി വളരത്തൽ കേന്ദ്രം തുടന്നുന്നതിനു സാമ്പത്തിക സഹായം നൽകുക.
18. കോഴി വസന്ത രോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ് സംഘടിപ്പിക്കുകയും കുറഞ്ഞ വിലക്ക് കോഴിത്തീറ്റ ലഭ്യമാക്കുകയും ചെയ്യുക.
19. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴികുഞ്ഞുൽപ്പാദന കേന്ദ്രം സ്ഥാപിക്കുകയും കോഴികളെ വിൽക്കുന്നതിനു സഹകരണ സംഘം പൊതു സംവിധാനം ഉണ്ടാക്കുകയും വേണം.

മത്സ്യബന്ധനം

പഞ്ചായത്തിന്റെ വടക്ക് കിഴക്കു പടിഞ്ഞാറ് ശോകനാശിനി പുഴ ഒഴുകുന്നു. പഞ്ചായത്തിന്റെ കിഴക്കു ഭാഗത്ത് വെങ്കലക്കയം ഡാം, കമ്പാലത്തറ, ഏരി എന്നീ ചെറുജലാശയാളുമുണ്ട്. ഇവിടെ 35 വറ്റാത്ത കുളങ്ങളുണ്ട്.

മുൻകാലങ്ങളിൽ കടുക്, കണ്ണൻ, പകിരി, വരാൽ, ചീക്, വെളിച്ചപ്പരൽ, കാടൻ, മൊയ്ല് തുടങ്ങിയ മത്സ്യങ്ങൾ സമൃദ്ധമായിരുന്നു. ഇപ്പോൾ നാമമാത്രമായി കാളേജ്, കണ്ണൻ, മൊയ്ല് എന്നീ മത്സ്യങ്ങൾ കണ്ടു വരുന്നു. എന്നാൽ ഇപ്പോൾ കുളങ്ങളിൽ സാധാരണയായി കട്ല,മൃഗാല, സൈപ്രസ്, രോഗു, കാളേജ് തുടങ്ങിയ മത്സ്യങ്ങൾ വളർത്തുന്നു.

കാർഷിക മേഖലയായ പഞ്ചായത്തിൽ മത്സ്യകൃഷി ഒരു പ്രധാന തൊഴിലല്ല. ഇവിടെ വിൽപ്പനകേന്ദ്രങ്ങൾ ഇല്ല. മത്സ്യം പിടിച്ച് ഉപജീവനമാർഗ്ഗം കഴിക്കുന്ന ചുരുക്കം ചിലർ ഉണ്ട്.

പ്രശ്നങ്ങൾ

1. ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യം വളർത്താൻ സാധ്യതയുണ്ടെങ്കിലും യാതൊരുവിധ പ്രോത്സാഹനവും ലഭിക്കുന്നില്ല.
2. മത്സ്യ കൃഷി നടത്തുന്നതിനാവശ്യമായ ആധുനിക സംവിധാനങ്ങളോ, പൊതു സംവിധാനങ്ങളോ ഇല്ല.
3. വറ്റാത്ത കുളങ്ങൾ ധാരാളമുണ്ടെങ്കിലും മത്സ്യ കൃഷിക്കനുയോജ്യമായ രീതിയിൽ സൈഡ് കെട്ടി സംരക്ഷിച്ചിട്ടില്ല.
4. അകംപാടം ചാലുകൾ ബണ്ടുകെട്ടി സംരക്ഷിച്ചിട്ടില്ല.

സാധ്യതകൾ

1. മത്സ്യകൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുക.
2. വറ്റാത്ത കുളങ്ങളുടെ സൈഡുകൾ കെട്ടി മത്സ്യ കൃഷി നടത്തുന്നതിനാവശ്യമായ സഹായ ധനം നൽകുക.
3. അകംപാടം ചാലിൽ ബണ്ടുകൾ കെട്ടി സംരക്ഷിക്കുക.
4. വെങ്കലകയം, കമ്പാലതറ, ഏരിയിൽ മത്സ്യബന്ധനത്തിനുള്ള യൂണിറ്റുകൾ രൂപീകരിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ നടപടി എടുക്കണം.
5. മത്സ്യകൃഷി നടത്താനുദ്ദേശിക്കുന്നവർക്ക് സൗജന്യമായി മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
6. ഉത്പാദിപ്പിക്കുന്ന മത്സ്യം സഹകരണ സ്ഥാപനം വഴി വിപണനം നടത്താനുള്ള സംവിധാനം ഉണ്ടാക്കണം.

പട്ടിക 1

വാർഡ് നമ്പർ	കാള നാടൻ വംശവർ വ്	മറ്റുള്ള വ	കാള സങ്കരം വംശവർ വ്	മറ്റുള്ള വ	പശു നാടൻ വംശ വർദ്ധനവ്		പശു സങ്കരം മറ്റുള്ളവ		എരുമ കറവ യുള്ളത്	കറവ യില്ലാ ത്തത്	പോത്ത്	ആട്	പട്ടി	ആന
I	2	3	4	5	6	7	8	9	10	11	12	13	14	15
I	-	70	5	14	20	15	188	25	25	5	13	150	195	-
II	-	60	3	23	75	18	250	94	15	8	10	95	123	-
III]	-	50	2	22	74	17	175	92	14	11	8	225	147	-
IV	-	30	1	32	73	24	260	169	17	9	2	174	155	-
V	-	80	1	35	120	11	250	112	27	7	4	109	170	-
VI	-	100	-	18	25	75	210	113	26	11	6	195	174	-
VII	-	25	1	-	220	98	215	125	31	6	10	89	133	-
VIII	-	30	1	7	72	25	200	127	34	5	8	150	150	-
IX	-	40	-	8	90	27	385	188	51	14	4	43	100	-
X	-	20	1	-	170	28	375	181	7	12	2	140	98	-
XI	-	90	6	6	180	30	250	75	10	19	5	89	80	-

പട്ടിക 2

വാർഡ് നമ്പർ	പുരുഷൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
I	100	100	98	-	-	-
II	150	150	140	30	600	-
III	200	125	136	100	900	-
IV	250	122	129	-	-	-
V	50	145	144	-	-	-
VI	51	132	125	50	750	-
VII	125	114	140	-	-	-
VIII	175	113	199	-	-	-
IX	39	129	143	-	-	-
X	125	130	134	20	350	-
XI	127	135	136	-	-	-

പട്ടിക 3					
ക്രമ നമ്പർ	രോഗങ്ങൾ	പശു	ആട്	എരുമ	കോഴി
1	ദഹനസംബന്ധമായവ	110	60	25	10
2	ശ്വാസകോശ സംബന്ധം	20	-	-	-
3	ഉപാപചയ സംബന്ധം	14	3	4	-
4	ത്വക് രോഗങ്ങൾ	15	8	4	-
5	ധാതുലവണങ്ങളുടെ അഭാവം	20	4	8	-
6	പരാദ രോഗങ്ങൾ	30	25	10	-
7	പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	210	12	15	-
8	വന്ധ്യത	27	5	14	-
9	അകിടു വീക്കം	35	10	15	-
10	മുടന്തൻ പനി	110	-	20	-
11	പകർച്ചവ്യാധികൾ	125	50	25	65

6.3

വ്യവസായം

അനാദികാലം മുതലെ തമിഴകത്തുള്ള പൊള്ളാച്ചിയും മലയാളക്കരയിലെ പാലക്കാടു പട്ടണവുമായി നിലം നിന്നു പോന്ന വാണിജ്യബന്ധം സുവിദിതമാണല്ലോ. നാട്ടുപാതകളിലൂടെയായിരുന്നുവെന്നും പഴമ പറയുന്നു.എന്നിട്ടും ഏതോ അജ്ഞാതകാരണം കൊണ്ടാവാം പെരുമാട്ടി വാണിജ്യവ്യവസായങ്ങൾക്കു വാതിൽ തുറന്നു കൊടുക്കാതെ വിതയും കൊയ്ത്തുമായി ഒരു തനി കാർഷിക ഗ്രാമമായി തന്നെ നില നിന്നു.

പെരുമാട്ടി പഞ്ചായത്തിൽ മുൻകാലങ്ങളിൽ എടുത്തു പറയത്തക്ക വ്യവസായങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. കുടിൽ വ്യവസായമായി കരിമ്പനയൽ നിന്നും മധുരകള്ള് ഉൽപ്പാദിപ്പിച്ച് ശർക്കരയുണ്ടാക്കിയിരുന്നു. ഇവിടുത്തെ സഹകരണ മേഖലയുടെ തുടകത്തിന് വഴിയൊരുക്കി. എന്നാൽ കള്ള് ഷാപ്പുകൾ നിലവിൽ വന്നതോടു കൂടി മധുര കള്ളുൽപ്പാദിപ്പിക്കാൻ ആളില്ലാതാവുകയും തന്മൂലം വ്യവസായം പാടെ തകർന്നു പോവുകയും ചെയ്തു.

സ്വകാര്യ വ്യക്തികളുടെ മേലനോട്ടത്തിൽ ഇഷ്ടിക നിർമ്മാണവും പരമ്പരാഗത വ്യവസായമായ മൺപാത്ര നിർമ്മാണവും കുട്ടാ വട്ടി എന്നിവയും ഉണ്ടാക്കിയിരുന്നു. സഹകരണ മേഖലയിൽ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു സഹകരണ ഓട്ടുകമ്പനിയും ബോർഡ് നടത്തുന്ന നൂൽനൂൽപ്പ് നെയ്ത്ത് ശാലയും സ്വകാര്യ മേഖലയിൽ കേരളാ ആൽക്കഹോളിക് ലിമിറ്റഡ് എന്ന സ്ഥാപനവും അഞ്ച് ഈർച്ച മില്ലുകളും ചകിരിനാരുൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റും നെല്ല് അരച്ച് കൊടുക്കുന്ന 27 കൂലി അരവ് മില്ലുകളും അവിലിടിക്കുന്ന 3 മില്ലും കടല തേങ്ങ മുതലായവ ആട്ടി കൊടുക്കുന്ന 10 മില്ലും പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ സിമിന്റുപയോഗിച്ച് കട്ടള,ജനൽ,വാതിൽ എന്നിവ നിർമ്മിക്കുന്ന 2 യൂണിറ്റുകളും കർപ്പൂരം,ചന്ദനത്തിരി.വറ്റൽമുളക്, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന

ഓരോ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ഖാദി ബോർഡിന്റെ നേതൃത്വത്തിൽ സഹകരണാടിസ്ഥാനത്തിലുള്ള തീപ്പെട്ടി നിർമ്മാണ യൂണിറ്റും കുട്ട, വട്ടി എന്നിവ നിർമ്മിക്കുന്ന യൂണിറ്റും ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്നു. ഖാദി ബോർഡിന്റെ മേൽനോട്ടത്തിൽ പട്ടിക വർഗ്ഗക്കാർക്കായി ഒരു ഇഷ്ടിക നിർമ്മാണ യൂണിറ്റ് തുടങ്ങുകയും പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നു. പായ നെയ്ത്ത് പോലുള്ള പരമ്പരാഗതവും അല്ലാത്തതുമായ 34 ചെറുകിട യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഈ മേഖലകളിലെല്ലാം തന്നെ പുരുഷന്മാരാണ് കൂടുതൽ . നാമമാത്രമായി ഒന്നു രണ്ടു സ്ഥാപനങ്ങളിൽ സ്ത്രീകളാണ് കൂടുതൽ. പഞ്ചായത്തിൽ അരി ഒഴികെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും അയൽ സംസ്ഥാനമായ തമിഴ് നാടിനെയാണ് ആശ്രയിക്കുന്നത്.
(പട്ടിക 1 കാണുക)

പ്രശ്നങ്ങൾ

1. മുഖ്യ കാർഷിക ഉത്പന്നങ്ങളായ നെല്ല്, നാളികേരം, കടല, മരച്ചീനി,പരുത്തി എന്നിവ സംസ്കരിക്കുന്നതിനും വിപണനത്തിനുമുള്ള സൗകര്യങ്ങളില്ല.
2. പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറി ഉത്പന്നങ്ങൾ തമിഴ്നാട്ടിലാണ് വിറ്റഴിക്കുന്നത്.
3. പ്രത്യേക സീസണിൽ പല വിഭാഗത്തിലുള്ള പഴവർഗ്ഗങ്ങൾ ഇവിടെ ധാരാളം ലഭ്യമാണ്. ഇതിന് ഉത്പാദകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. പഴസംസ്കരണ ശാല ഇല്ല.
4. പട്ടുനൂൽപ്പുഴു വളർത്തലിന് പ്രോത്സാഹനമില്ല. മാത്രമല്ല വിപണന കേന്ദ്രവും ഇല്ല.
5. കുടിയിരിപ്പു സ്ഥലങ്ങളിൽ വീടിരിക്കുന്ന സ്ഥലം ഒഴിച്ചുള്ള സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കാതെ വരുന്നു.
6. പഞ്ചായത്തിൽ കള്ള് ചെത്തുന്ന മിക്ക തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ ലഭ്യമല്ല.
7. ട്രൈസം പോലുള്ള പരിശീലനങ്ങൾ പലതും ഗുണകരമല്ലാത്തതിനാൽ പരിശീലകർക്കു സംരംഭം തുടങ്ങാൻ കഴിയുന്നില്ല.
8. പരമ്പരാഗത തൊഴിലിലുള്ള വിമുഖതയും ഉല്പന്നത്തിന്റെ വിലക്കുറവും.
9. സഹകരണ മേഖലയിലുള്ള ബാംബു സൊസൈറ്റി പ്രവർത്തനരഹിതമാണ്.
10. പഞ്ചായത്തിൽ പുരുഷന്മാരെക്കാൾ വിദ്യാഭ്യാസമുള്ളവർ സ്ത്രീകളായിട്ടും ഭൂരിപക്ഷവും തൊഴിൽ രഹിതരാണ്.
11. കാർഷിക മേഖലയായ പഞ്ചായത്തിൽ, കാർഷിക യന്ത്രങ്ങൾ കാര്യക്ഷമതയോടു റിപ്പയർ വർക്ക് ഷോപ്പുകളുടെ അപര്യാപ്തതയും ഗുണനിലവാരമുള്ള യന്ത്രോപകരണങ്ങളുടെ ലഭ്യതക്കുറവും.
12. പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും വനിതകൾ മാത്രം തൊഴിൽ ചെയ്യുന്നതുമായ ഖാദി ബോർഡിന്റെ മേൽനോട്ടത്തിലുള്ളനൂൽനൂൽപ്പ് നെയ്ത്ത് ശാല നവീകരിച്ചിട്ടില്ല.
13. ഓദിബോർഡിന്റെ നേതൃത്വത്തിൽ സഹകരണത്തിൽ പ്രവർത്തിക്കുന്ന ഓട്ടുകമ്പനിയുടെ ഉല്പന്നങ്ങൾ ഗുണനിലവാരം കുറഞ്ഞതാണ്.
14. പഞ്ചായത്തിൽ വനിതകളും യുവാക്കളും തമിഴ്നാട്ടിലുള്ള സ്പിന്നിങ്ങ് മില്ലുകളിൽ ജോലി ചെയ്യുന്നു. ഇവർക്ക് ജോലി സ്ഥിരതയോ തൊഴിൽപരമായ മറ്റു സംരഷണങ്ങളോ ഇല്ല.
15. പഞ്ചായത്തിലെ പ്രധാന ഉൽപ്പന്നം നെല്ലാണ്. ഇതിൽ നിന്ന് ലഭികുന്ന വൈക്കോൽ പാഴായി

പോവുന്നു.

16. മഴക്കാലത്ത് ഇഷ്ടിക ലഭ്യമല്ല. ഈ മേഖയിലെ തൊഴിലാളികൾ തൊഴിൽ രഹിതരുമാണ്.
17. പഞ്ചായത്തിന്റെ വടക്ക് പുഴയോട് ചേർന്ന സ്ഥലങ്ങളിൽ ഇഷ്ടിക നിർമ്മാണത്തിനു പറ്റിയ മണ്ണും ജലവും ലഭ്യമാണ്. ഇതുപയോഗിച്ചുള്ള നിർമ്മാണ യൂണിറ്റുകൾ ഇല്ല.
18. ഖാദി ഉൽപ്പന്നങ്ങൾ വാങ്ങുവാനുള്ള സൗകര്യങ്ങൾ ഇല്ല.
19. പഞ്ചായത്തിൽ ഇറച്ചികോഴി വില്പനകേന്ദ്രങ്ങളുണ്ട്. ഇതിനു പുറമെ ദിവസം പ്രതി ധാരാളം മുട്ടയും ചിലവാകുന്നു. ഇവ രണ്ടും തന്നെ ഇവിടെ ഉൽപ്പാദിപ്പിക്കുന്നതല്ല.
20. ധാരാളം ആടുമാടുകളും, കോഴികളും പഞ്ചായത്തിലുണ്ട്. നെല്ലിന്റെ ബൈപ്രോഡക്ടായ തവിടും നാളികേരത്തിന്റെ ബൈപ്രോഡക്ടായ പിണ്ണാക്കും ലഭ്യമാണ്. ഇതുമായി ബന്ധപ്പെട്ട യാതൊരു തൊഴിൽ ശാലയും പഞ്ചായത്തിലില്ല.
21. പഞ്ചായത്തിലെ രണ്ടാമത്തെ പ്രധാന കൃഷിയാണ് തെങ്ങ്. ചകിരി ഉത്പാദന യൂണിറ്റ് പഞ്ചായത്തിൽ ഇല്ല.

നിർദ്ദേശങ്ങൾ

1. മോഡേൺ റൈസ്മിൽ, നാളികേര കോംപ്ലക്സ് കടല സംസ്കരണ ശാല, സ്റ്റാർച്ച് ഫാക്ടറി, പരുത്തി സംസ്കരണ ശാല ഇതിനു പുറമെ വിപണന കേന്ദ്രങ്ങളും സഹകാര്യമേഖലയിലോ സഹകരണാടിസ്ഥാനത്തിലോ തുടങ്ങുക.
2. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും ഇവിടെ തന്നെ സംഭരിച്ച് വിപണനം ചെയ്യാനുള്ള ഒരു വിപണന കേന്ദ്രം മീനാക്ഷിപുരം കേന്ദ്രമാക്കി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുകയും ചെയ്യുക.
3. പഴവർഗ്ഗങ്ങൾ ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന വ്യവസായ യൂണിറ്റ് തുടങ്ങുക.
4. പട്ടുനൂൽ സംസ്കരണ ശാലയും വിപണന കേന്ദ്രവും സ്ഥാപിക്കുക. ഇത് ചിറ്റൂർ ബ്ലോക്ക് വനിതാസഹകരണസംഘത്തിന്റെ മേൽനോട്ടത്തിലോ സഹകാര്യേ വ്യക്തികളുടെ മേൽനോട്ടത്തിലോ തുടങ്ങാവുന്നതാണ്.
5. ഔഷധ ച്ചെടികൾ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും സംഭരികുകയും ചെയ്യാനുള്ള സംവിധാനം കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ തുടങ്ങുക..
6. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കള്ള് ശേഖരിക്കുകയും കരാറുകാർക്ക് നൽകുകയും ചെയ്യാനുള്ള അവകാശം പഞ്ചായത്തിനു നൽകുവാനുള്ള നിയമഭേദഗതി വരുത്തുക.
7. പരിശീലകന്റെ പ്രദേശത്തിനും അസംസ്കൃത വസ്ത്തുക്കളുടെ ലഭ്യതയുടെയും അടിസ്ഥാനത്തിലുള്ള കോഴ്സുകൾക്ക് പരിശീലനം നൽകുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
8. പരമ്പരാഗത തൊഴിലിൽ ശാസ്ത്രീയമായ നവീകരണം നടത്തുകയും വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.
9. പ്രവർത്തനമൂലധനം നൽകി ചൂരൽ കൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം

നൽകുക.

10. വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
11. കയറും കയറുൽപ്പന്നങ്ങളും ചിരട്ടയും മറ്റു പാഴ്വസ്തുക്കൾ കൊണ്ടുള്ള കളികോപ്പു നിർമ്മാണം വാഴനാരുല്പാദനവും സംസ്കരണവും, ബേക്കറി ഉല്പന്നങ്ങൾ റെഡിമെയ്ഡ് ഗാർമെന്റ്സ് കറിപൗഡർ, മസാല പൗഡർ, വറ്റൽ എന്നിവയും ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ അസംബ്ലിങ്ങും നിർമ്മാണവും ഇവയ്ക്കു വേണ്ടുന്ന ശാസ്ത്രീയ പരിശീലനം നൽകുകയും വ്യവസായ സംരംഭം തുടങ്ങാനുള്ള എല്ലാവിധ സഹായങ്ങളും നൽകുകയും ചെയ്യുക.
12. സഹകരണാടിസ്ഥാനത്തിൽ കാർഷിക യന്ത്രങ്ങളും കാർ,ബസ്സ് എന്നിവയുടെ ഒരു ഓട്ടോമൊബൈൽ വർക്ക്ഷോപ്പും യന്ത്രോപകരണങ്ങളുടെ വിപണനശാലയും തുടങ്ങുക.
13. നൂൽനൂൽപ്പ് നെയ്ത്തുശാലയിൽ കൂടുതൽ വനിതകൾക്ക് തൊഴിൽ നൽകാൻ പറ്റിയ രീതിയിൽ 'ബ്ലീച്ചിംഗ് ' മുതലായവ ഉൾപ്പെടുത്തി വികസിപ്പിക്കേണ്ടതാണ്
14. ഖാദി ബോർഡിന്റെ നേതൃത്വത്തിൽ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഓട്ടുകമ്പനിയിൽ 'വൈബ്രേറ്റർ' എന്ന ഉപകരണം നൽകി ഗുണനിലവാരം വർദ്ധിപ്പിക്കേണ്ടതാണ്.
15. സ്പിന്നിങ്ങ്, വീവിങ്ങ്, ഡൈയിങ്ങ്, പ്രിന്റിങ്ങ് എന്നിവ ഉൾപ്പെടുത്തി സാങ്കേതിക മേന്മയുള്ള ഒരു തുണിമില്ല് തുടങ്ങുക.
16. വനിതകളുടെ കൂൺകൃഷി ചെയ്യാൻ പരിശീലനവും ധനസഹായവും നൽകി പ്രോത്സാഹിപ്പിക്കുക.
17. ഖാദി ബോർഡിന്റെ സഹകരണത്തോടു കൂടി ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ് തുടങ്ങുക.
18. ഖാദി ബോർഡിന്റെ സഹായത്തോടു കൂടി ' വയർകട്ട്' ഇഷ്ടിക നിർമ്മാണ യൂണിറ്റ്തുടങ്ങുക.
19. പഞ്ചായത്തിൽ വണ്ടിത്താവളം കേന്ദ്രമാക്കി ഖാദി ഉൽപ്പന്ന വിപണന കേന്ദ്രം സ്ഥാപിക്കുക.
20. ഇറച്ചിക്കോഴി കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനും മട്ടക്കോഴി കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനു വേണ്ടിയുള്ള 'ഹാച്ചറിയും' അതിനോടനുബന്ധിച്ചുള്ള മുട്ട ഉൽപ്പാദന യൂണിറ്റും കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ സഹകരണ മേഖലയിൽ തുടങ്ങുക.
21. കാലിതീറ്റ നിർമ്മാണ ഫാക്ടറി ആരംഭിക്കാവുന്നതാണ്. ഇതു വഴി തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കാം.
22. ചകിരി ഉൽപ്പാദന യൂണിറ്റ് സഹകരണ മേഖലയിലോ സ്വകാര്യ മേഖലയിലോ തുടങ്ങി തൊഴിലില്ലായ്മ പരിഹരിക്കുക.
(പട്ടിക 2,3 കാണുക)

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലുള്ള തൊഴിൽരഹിതരുടെ സർവ്വെ എടുക്കുകയും വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് വ്യവസായങ്ങൾ തുടങ്ങാൻ വേണ്ട നിർദ്ദേശങ്ങളും പരിശീലനവും നൽകുക. കയർഫെഡ്, നാളികേര വികസന ബോർഡ്,

ജില്ലാ വ്യവസായ കേന്ദ്രം, കരകൗശല കോർപ്പറേഷൻ, സ്മോൾ ഇൻഡസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ആന്റ് ടെക്നോളജി കൺസൾട്ടൻസി ഓർഗനൈസേഷൻ, STEO പ്രോജക്ട് ഓഫീസ്, കോഴിക്കോട് റീജനൽ എഞ്ചിനീയറിംഗ് കോളേജ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ആന്റ് സ്മോൾ ബിസിനസ്സ് ഡെവലപ്പ്മെന്റ്, എന്റർപ്രണർഷിപ്പ് ഡെവലപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ മുതലായവയിൽ നിന്നുള്ള പരിശീലനമാണ് ലഭ്യമാക്കേണ്ടത്.

2. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് ആ രംഗത്തുള്ള നവീനരീതികളും വിപണനസാധ്യതകളും Indian Institute of Fashion Technology Chennai എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ്ധ പരിശീലനം നൽകണം.

3. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന വരെ കണ്ടെത്തി അവർക്ക്വ്യവസായങ്ങളെ പറ്റിയുള്ള ആശങ്കയകറ്റുന്നതിനും മറ്റുമായി വ്യവസായം നടത്തികൊണ്ടു പോകുന്ന വ്യവസായികളുമായി ആശയ വിനിമയം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വ്യവസായം നേരിൽ കണ്ടു മനസ്സിലാക്കാൻ പഠനയാത്രകൾ സംഘടിപ്പിക്കണം.

4. പഞ്ചായത്തിലെ വ്യവസായ വളർച്ചക്കാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ജില്ലാ വ്യവസായ കേന്ദ്രം ജില്ലാ ചെറുകിട വ്യവസായ അസോസിയേഷൻ പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

5. പഞ്ചായത്തിൽ വ്യവസായം തുടങ്ങാൻ താൽപര്യമുള്ളവർക്കു വേണ്ടി സംശയ നിവാരണത്തിനും പുതിയ പുതിയ വ്യവസായ സംരംഭങ്ങളെ പറ്റിയും അന്നന്നുള്ള വിവരങ്ങൾ നേരിട്ടറിയാൻ ഒരു ഇൻഫോർമേഷൻ സെന്റർ തുടങ്ങുക.

6. പഞ്ചായത്തിൽ കണ്ടെത്തുന്ന വ്യവസായസംരംഭകരെ പ്രോത്സാഹിപ്പിക്കാനും നല്ല രീതിയിൽ പ്രാവർത്തികമാക്കുവാനുമുള്ള സാഹചര്യങ്ങൾ സൃഷടിക്കുവാൻ സ്ഥിരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുക.

7. പഞ്ചായത്തോഫീസു ലൈബ്രറിയിൽ 'വ്യവസായ കേരളം' പ്രസിദ്ധികരണം വരുത്തുക.

പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക ആക്കം കൂട്ടുവാൻ മുകളിൽപ്പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ പഞ്ചായത്ത് അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ വൻകിട, ചെറുകിട വ്യവസായ രംഗത്ത് ശക്തമായ പുരോഗതിയുണ്ടാക്കാൻ കഴിയും. എല്ലാറ്റിനും അന്യസംസ്ഥാനമായ തമിഴ്നാടിനെ ആശ്രയിക്കുന്ന നമ്മുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ തന്നെ ഉത്പാദിപ്പിക്കുവാൻ കഴിയും.നമ്മുടെ മുഖ്യ വിളയായ നെല്ലും നാളികേരവും ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തൊഴിൽ രഹിതരായ യുവതീയുവാകൾക്ക് തൊഴിൽ നൽകുവാൻ കഴിയും. ജീവിത അനുഭവങ്ങളും വികസനസാക്ഷരതയും വളരുവാൻ ഇത് സഹായിക്കും.

ക്രമ നമ്പർ	ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
1	നെല്ല് കുലിയരവ് മില്ല്	27	28	10	38
2	നെല്ല് പുഴുങ്ങി അരിയാക്കൽ	15	16	10	26
3	ധാന്യം പൊടിക്കൽ	14	20	3	23
4	ചകിരി മില്ല്	1	4	4	8
5	തേങ്ങാ യട്ടൽ	8	9	–	9
6	കടല ആട്ടു മിൽ	2	2	2	4
7	മൺപാത്ര നിർമ്മാണം	5	10	10	20
8	ഇഷ്ടിക നിർമ്മാണം	13	12	13	25
9	കുട്ടനെയ്ത്ത് (പരമ്പരാഗതം)	30	96	104	180
10	പപ്പടനിർമ്മാണം (")	2	2	2	4
11	ചുണ്ണാമ്പ്	2	2	1	3
12	ടൈലറിംഗ്	213	95	118	213
13	റെഡിമെയ്ഡ്	21	1	20	21
14	ഈർച്ച മിൽ	5	22	–	22
15	കർപ്പൂരം	1	1	2	3
16	അച്ചടി	3	3	1	4
17	ഐസ്	2	6	–	6
18	പടക്ക നിർമ്മാണം	1	2	–	2
19	ബീഡി നിർമ്മാണം	1	4	–	4
20	ഖാദി ബോർഡ്	1	1	60	61
21	സോഡാ നിർമ്മാണം	5	10	–	10
22	ബേക്കറി	7	7	–	7
23	ഗോൾഡ് കവറിങ്ങ്	1	3	–	3
24	ആൾക്കഹോൾ കമ്പനി	1	7	26	33
25	മെക്കാനിക്കൽ വർക്ക് ഷാപ്പ്	5	10	–	10
26	അവിലിടിക്കുന്ന മില്ല്	3	3	3	6

പട്ടിക 2 വൻകിട യൂണിറ്റുകൾ	
ക്രമ നമ്പർ	ഇനം
1	മോഡേൺ റൈസ് മിൽ
2	തവിടിൽ നിന്നും എണ്ണ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റ്
3	നാളികേരം കോംപ്ലക്സ്
4	കാലിത്തീറ്റ ഫാക്ടറി
5	തുണി മില്ല്
6	അന്താരാഷ്ട്രനിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും വിതരണവും
7	ആട്ടോമൊബൈൽ വർക്ക് ഷാപ്പ് (ഇതിൽ ബോഡി നിർമ്മാണം ഉൾപ്പെടുന്നു)
	പട്ടിക 3 ചെറുകിട യൂണിറ്റുകൾ
ക്രമ നമ്പർ	ഇനം
1	ഹോളോ ബ്രിക്സ് ജനൽ,കട്ടള,വാതിൽ മുലായവ നിർമ്മാണം
2	കറിപൗഡർ നിർമ്മാണം
3	ഇല്ക്ട്രോണിക് അസംബ്ലിങ്ങ് യൂണിറ്റ്
4	പ്രിന്റിങ്ങ് ആന്റ് ബുക്ക് മേക്കിങ്ങ്
5	ചൂരൽ കൊണ്ടുള്ള ഉൽപ്പന്ന നിർമ്മാണം
6	ചിപ്സ് നിർമ്മാണം
7	ഫ്രൂട്ട് പ്രൊസ്സസിങ്ങ്

6.4

വിദ്യാഭ്യാസം

തിരുകൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന പെരുമാട്ടി പഞ്ചായത്ത് തമിഴ്നാടിനോടു ചേർന്നു കിടക്കുന്നതും തമിഴ്-മലയാള സമ്മിശ്ര സംസ്കാരം ഉൾകൊള്ളുന്നതുമായ പ്രദേശമാണ്. മുൻകാലങ്ങളിൽ വിദ്യാഭ്യാസം എഴുത്തുപള്ളികളിൽ ഒതുങ്ങി നിന്നുരുന്നു. സംസ്കൃതമായിരുന്നു അന്നത്തെ പ്രധാന പാഠ്യവിഷയം.

1949നു മുമ്പ് പെരുമാട്ടി പട്ടഞ്ചേരി ഗ്രൂപ്പ് പഞ്ചായത്തായിരുന്ന കാലത്ത് ഇവിടത്തെ ജനങ്ങൾ നന്ദിയോട്, വണ്ടിത്താവളം എന്നിവിടങ്ങളിലെ സ്ക്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തുടർ പഠനത്തിനായി ചിറ്റൂരിനെ ആശ്രയിക്കേണ്ടി വന്നു. എന്നാൽ ഗതാഗത സൗകര്യങ്ങൾ ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ ചിറ്റൂരിൽ പോയി പഠിക്കുക എന്നത് വളരെ ക്ലേശകരമായിരുന്നു.

ഇപ്പോൾ നിലവിൽ മീനാക്ഷിപുരം, നല്ലമാടൻചള്ള എന്നിവിടങ്ങളില ഓരോ യു.പി. സ്ക്കുളും നെല്ലിമാട് ,കല്യാണപേട്ട, പാറക്കളം എന്നിവിടങ്ങളിൽ ഓരോ എൽ.പി.സ്ക്കൂളും ഈ അദ്ധ്യയന വർഷം കന്നിമാരിയിൽ പ്രവർത്തനമാരംഭിച്ച ഒരു പഞ്ചായത്ത് വക ഹൈസ്ക്കൂളുമാണുള്ളത് ഇവയിൽ രണ്ടെണ്ണം ഏയിഡഡ് സ്ക്കൂളുകളാണ്. ഇതിനു പുറമെ 2 നഴ്സറി സ്ക്കൂളുകളും നിലവിലുണ്ട്.

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുട്ടികളെ വിദ്യാലയങ്ങളിൽ ചേർക്കാറുണ്ടെങ്കിലും സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ നല്ലൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കു വെച്ച് പഠനം നിർത്തുന്നുണ്ട്.

വിദ്യാഭ്യാസ നിലവാരത്തിൽ ഏറ്റവും പുറകിൽ നിൽക്കുന്ന ഈ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കണമെങ്കിൽ സ്കൂളുകളുടെ പഠന നിലവാരം മെച്ചപ്പെടുത്തുകയും പി.ടി.എ., മാതൃസംഗമം എന്നിവ സജീവമാക്കുകയും വേണം.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും മക്കളെ പൊതു വിദ്യാലയങ്ങളിൽ വിടാൻ തയ്യാറാണെങ്കിലും നല്ലൊരു ശതമാനം കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. പാലക്കാട്, ചിറ്റൂർ എന്നീ സ്ഥലങ്ങളിലേക്കാണ് ഉന്നത വിദ്യാഭ്യാസത്തിനായി കുട്ടികളെ അയക്കുന്നത്. ഈ പഞ്ചായത്തിലെ മീനാക്ഷിപുരം, നെല്ലിമേട് എന്നീ വിദ്യാലയങ്ങളിൽ തമിഴ് ബോധന മാദ്ധ്യമമാണ്. ഇവർക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യം വളരെ കുറവാണ് ഇതിനൊരു പരിഹാരമെന്ന നിലക്ക് പഞ്ചായത്തു വക ഹൈസ്കൂളിൽ തമിഴ്, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും പ്ലസ് ടുവും തുടങ്ങേണ്ടതാണ്. തൊഴിൽ സാദ്ധ്യതയുള്ള കമ്പ്യൂട്ടർ ട്രെയിനിങ്ങ് തുടങ്ങിയ സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ വേണം.

അറുപതു ച. കി.മീ. വിസ്തീർണ്ണവും 30,000 ത്തോളം ജനസംഖ്യയുമുള്ള ഈ പഞ്ചായത്തിൽ 6 സ്കൂളുകളും 27 അംഗനവാടികളും 2 നഴ്സറി സ്കൂളും 6 പാരലൽ കോളേജുകളുമാണുള്ളത്. ഇതിൽ 10 ഓളം അംഗനവാടികൾ സ്വന്തമായി സ്ഥലമില്ലാത്തതും 14 എണ്ണം സ്വന്തമായി കെട്ടിടമില്ലാത്തതുമാണ്. ഇവയിൽ ഭൂരിഭാഗത്തിനും ആവശ്യമായ കുടിവെള്ളം കളികോപ്പുകൾ തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ നിലവിലില്ല. കർഷക തൊഴിലാളി കുടുംബത്തിൽ നിന്നുള്ള കുട്ടികളാണ് അംഗനവാടികളിൽ പോകുന്നത്. നിലവിലുള്ള അംഗനവാടികളുടെ സമയക്രമം അവരെ പ്രതികൂലമായി ബാധിക്കുന്നു.

ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ ഒന്നാണ് അവിടുത്തെ അക്കാഡമിക് സൗകര്യങ്ങൾ.ഇത്തരം ഒരു റിപ്പോർട്ടിൽ പ്രഥമ പരിഗണന നൽകേണ്ട ഒന്നാണ് ഇത്. ഭൗതിക സാഹചര്യങ്ങളുടെ കുറവും വിരസമായ ബോധന രീതികളും മൂലം കുട്ടികൾക്ക് പഠനം രസകരമാവുന്നില്ല. വിദ്യാർത്ഥികൾക്ക് ഉല്ലസിച്ചു പഠിക്കാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. വിദ്യാലയങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ജി.എൽ.പി. സ്കൂൾ, നെല്ലിമേട്	
അദ്ധ്യാപകർ	8
ആകെ കുട്ടികൾ	254
ടഇ/ടഠ	94
സ്ഥലം	70 സെന്റ്
കളിസ്ഥലം	ഇല്ല
ചുറ്റുമതിൽ	ഇല്ല
പി.ടി.എ	സജീവം
മാതൃസംഗമം	സജീവമല്ല
ലൈബ്രറി	ഭാഗികം
ലാബ്	ഇല്ല
ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ	ഉണ്ട്, ടേപ്പ് റിക്കോർഡർ
മൂത്രപ്പുര	ഉണ്ട്
കക്കൂസ്	ഉണ്ട്
പൂന്തോട്ടം	ഇല്ല
കുടിവെള്ളം	ഇല്ല

ജി.എൽ.പി.സ്കൂൾ, നെല്ലിമേട്				
	I	II	III	IV
ആൺകുട്ടികൾ	32	39	34	31
പെൺകുട്ടികൾ	38	30	25	25
ആകെ	70	69	59	56

ആർ.കെ.എം. എ. എൽ. പി. സ്ക്കൂൾ, കല്യാണപ്പേട്ട	
അദ്ധ്യാപകർ	9
ആകെ കുട്ടികൾ	246
ടഇ/ടഠ	60
സ്ഥലം	1 ഏ 10 സെന്റ്
കളിസ്ഥലം	80 സെന്റ്
ചുറ്റുമതിൽ	ഉണ്ട്
പി.ടി.എ	സജീവം
മാതൃസംഗമം	സജീവമല്ല
ലൈബ്രറി	ഭാഗികം
ലാബ്	ഇല്ല
ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ	ഉണ്ട്, ടേപ്പ് റിക്കോർഡർ
മൂത്രപ്പുര	ഉണ്ട്
കക്കൂസ്	ഇല്ല
പൂന്തോട്ടം	ഇല്ല
കുടിവെള്ളം	ഉണ്ട്

ആർ. കെ. എം. എ. എൽ.പി.സ്ക്കൂൾ കല്യാണപ്പേട്ട				
	I	II	III	IV
ആൺകുട്ടികൾ	40	25	30	36
പെൺകുട്ടികൾ	35	37	23	20
ആകെ	75	62	53	56

ജി..എം.എൽ. പി. സ്ക്കൂൾ, പാറക്കളം	
അദ്ധ്യാപകർ	4
ആകെ കുട്ടികൾ	149
SC/ST	73
സ്ഥലം	1 ഏക്കർ
കളിസ്ഥലം	50 സെന്റ്
ചുറ്റുമതിൽ	ഉണ്ട്
പി.ടി.എ	സജീവം
മാതൃസംഗമം	സജീവമല്ല
ലൈബ്രറി	ഭാഗികം
ലാബ്	ഇല്ല
ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ	ഉണ്ട്, ടേപ്പ് റിക്കോർഡർ
മൂത്രപ്പുര	ഇല്ല
കക്കൂസ്	ഇല്ല
പൂന്തോട്ടം	ഇല്ല
കുടിവെള്ളം	ഉണ്ട്

ജി.എം.എൽ.പി.സ്ക്കൂൾ പാറക്കളം				
	I	II	III	IV
ആൺകുട്ടികൾ	28	20	16	18
പെൺകുട്ടികൾ	15	15	21	16
ആകെ	43	35	37	34

ജി.യു.പി. സ്കൂൾ, മീനാക്ഷിപുരം	
അദ്ധ്യാപകർ	15
ആകെ കുട്ടികൾ	628
SC/ST	184
സ്ഥലം	21 സെന്റ്
കളിസ്ഥലം	1 ഏക്കർ
ചുറ്റുമതിൽ	ഇല്ല
പി.ടി.എ	സജീവം
മാതൃസംഗമം	സജീവമല്ല
ലൈബ്രറി	ഭാഗികം
ലാബ്	ഇല്ല
ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ	ഉണ്ട്, സ്ലൈഡ് പ്രൊജക്ടർ
മൂത്രപ്പുര	ഉണ്ട്
കക്കൂസ്	ഉണ്ട്
പൂന്തോട്ടം	ഇല്ല
കുടിവെള്ളം	ഉണ്ട്

ജി.യു.പി.എസ്. മീനാക്ഷിപുരം							
	I	II	III	IV	V	VI	VII
ആൺകുട്ടികൾ	50	37	40	31	55	58	54
പെൺകുട്ടികൾ	45	31	37	38	39	57	56
ആകെ	95	68	77	69	94	115	110

എസ്. എൻ.യു.പി. സ്ക്കൂൾ, നല്ലമാടൻചള്ള	
അദ്ധ്യാപകർ	16
ആകെ കുട്ടികൾ	590
SC/ST	149
സ്ഥലം	1 ഏക്കർ 5 സെന്റ്
കളിസ്ഥലം	–
ചുറ്റുമതിൽ	ഇല്ല
പി.ടി.എ	സജീവം
മാതൃസംഗമം	സജീവമല്ല
ലൈബ്രറി	ഭാഗികം
ലാബ്	ഇല്ല
ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ	ഇല്ല
മൂത്രപ്പുര	ഉണ്ട്
കക്കൂസ്	ഇല്ല
പൂന്തോട്ടം	ഇല്ല
കുടിവെള്ളം	ഉണ്ട്

എസ്. എൻ.യു.പി. സ്ക്കൂൾ, നല്ലമാടൻചള്ള							
	I	II	III	IV	V	VI	VII
ആൺകുട്ടികൾ	31	53	32	41	49	44	47
പെൺകുട്ടികൾ	31	37	37	32	44	57	55
ആകെ	62	90	69	73	93	101	102

പഞ്ചായത്തിലെ ഹൈസ്ക്കൂൾ ഈ അദ്ധ്യയനവർഷം പ്രവർത്തനം തുടങ്ങിയതാണ്. തന്മൂലം ഹൈസ്ക്കൂൾ ക്ലാസ്സിലെ നിലവാരം പ്രദിപാദിക്കാൻ നിർവാഹമില്ല. 1995-96 ലെ പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ പഠന നിലവാര പട്ടിക താഴെ കൊടുക്കുന്നു.

അക്കാദമിക് നിലവാരം കുട്ടികളുടെ നിലവാരം						
ക്ലാസ്സ്	ആകെ കുട്ടികൾ	30 ശതമാനത്തിൽ താഴെ	30/40 ശതമാനം	40/50 ശതമാനം	50/60 ശതമാനം	60 ശതമാനത്തിൽ കൂടുതൽ
III	286	119	52	28	58	-
IV	288	96	50	93	21	-
V	201	50	27	100	10	-
VI	204	99	5	67	10	-
VII	173	97	10	38	11	-
VIII	25	15	3	1	4	-

മേൽ വിവരിച്ച പട്ടിക പ്രകാരം ഉയർന്ന ക്ലാസ്സുകളിലെത്തുമ്പോഴേക്കും വിജയശതമാനം ഗണ്യമായി കുറയുന്നതായി കാണാം. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം എടുത്തു പറയേണ്ട ഒന്നാണ്. തുടർ സാക്ഷരതാ പ്രവർത്തനം നടത്താൻ കഴിയാതെ പോയതിനാൽ നവസാക്ഷരർ ക്രമേണ നിരക്ഷരരായി എന്നത് ദുഃഖകരമായ യാഥാർത്ഥ്യമാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാർ ഏറ്റവുമധികം തിങ്ങിപ്പാർക്കുന്ന 5,6,9,11 എന്നീ വാർഡുകളിലാണ് നിരക്ഷരർ കൂടുതലായി കണ്ടുവരുന്നത്.

തമിഴ് മേഖലാ പ്രദേശമായതിനാൽ മൂലത്തറ വില്ലേജിൽ സാക്ഷരതാ പ്രവർത്തനം നടത്തിയിരുന്നില്ല. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ബോധം രക്ഷിതാക്കളിൽ എത്തിയാൽ മാത്രമേ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയൂ. അതുകൊണ്ട്സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ്.

സ്ക്കൂളുകളിൽ മാതൃസംഗമം, പി.ടി.എ. എന്നിവ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം സജീവമല്ല. സാമ്പത്തികപരമായി പ്രശ്നങ്ങൾ പരിഹരിക്കുക മാത്രമാണ് പി.ടി.എ. യുടെ കർത്തവ്യമെന്ന ധാരണ കടന്നു കൂടിയതാണ് ഇതിന്റെ നിലവാരത്തകർച്ചയ്ക്കു കാരണം.

മാതൃസംഗമങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി മാസത്തിലൊരികൽ മതൃസംഗമം വിളിച്ചു കൂട്ടേണ്ടതാണ്. വാർഡ് മെമ്പർ കൺവീനറായിക്കൊണ്ടുള്ള വിദ്യാഭ്യാസ സമിതി രൂപീകരിക്കുകയും അതിൽ പി.ടി.എ പ്രസിഡണ്ടിനേയും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള ആളുകളേയും ഉൾപ്പെടുത്തി മാസത്തിലൊരികൽ വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

ദൃശ്യമാധ്യമങ്ങളുടെയും വിലകുറഞ്ഞ പ്രസിദ്ധീകരണങ്ങളുടേയും വർദ്ധനവ് വിദ്യാർത്ഥികളുടെ സംസ്കാരത്തെയും നിലവാരത്തേയും ഗുരുതരമായി ബാധിക്കുന്നു.

ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികജാതി പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിലൊന്നാണ് ഈ പഞ്ചായത്ത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പുറകിൽ നിൽക്കുന്നവരായതു കൊണ്ടു തന്നെ തുടർച്ചയായി കുട്ടികളെ സ്കൂളിൽ അയയ്ക്കുന്ന പതിവ് കുറവാണ്. വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക് ആകർഷിക്കുകയും അവരുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിലാണ് ഈ പ്രശ്നം കൂടുതലുള്ളത്. ഇത് അവസാനിപ്പിക്കണമെങ്കിൽ ആ വിഭാഗങ്ങളെ ഉയർത്തികൊണ്ടു വരേണ്ടതുണ്ട്. വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തണമെങ്കിൽ സ്കൂൾ പഠനം കൂടുതൽ ആകർഷണീയമാക്കേണ്ടതാണ്. അതിനായി വിദ്യാഭ്യാസ കോംപ്ലക്സുകൾ ആരംഭിക്കുകയും അധ്യാപകർക്ക് പുനപരിശീലനം നൽകുകയും വേണം.

നിർദ്ദിഷ്ട വാർഡ്തല കർമ്മ പരിപാടി

ചെയർമാൻ	:	ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്
വൈസ് ചെയർമാൻ	:	അനൗദ്യോഗിക അംഗം - ലീഡിങ്ങ് (സ്കൂൾ പി.ടി.എ പ്രസിഡണ്ടാകാം)
സെക്രട്ടറി	:	ലീഡിങ്ങ് സ്കൂൾ പ്രധാനാദ്ധ്യാപകൻ
അംഗങ്ങൾ	:	വാർഡ് മെമ്പർമാർ, വായനശാലാ പ്രതിനിധികൾ അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, സർവ്വീസ് സംഘടനാ പ്രതിനിധികൾ ഹൈസ്ക്കൂൾ ലീഡർമാർ മാതൃസംഗമം പ്രതിനിധികൾ സാംസ്കാരിക സംഘടനാ പ്രതിനിധികൾ

ചുമതലകൾ

1. പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതിയുടെ കുടക്കീഴിൽ ഒരു സ്കൂൾ കോംപ്ലക്സായി പ്രവർത്തിക്കണം.

2. ഓരോ വിഷയത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ അക്കാഡമിക് കൗൺസിൽ രൂപീകരിച്ച് ഒറിയന്റേഷൻ നടത്തുക.
3. സ്കൂൾ സന്ദർശന പരിപാടി മാസത്തിലൊരിക്കലെങ്കിലും നടത്തുക.
4. എസ്.എസ്.എൽ.സി. വിജയശതമാനം കുറയാൻ കാരണമെന്തെന്ന് കണ്ടെത്തുക. വിലയിരുത്തുക, സമഗ്ര പരിഹാരം കാണുക.
5. സ്കൂൾ വിദ്യാഭ്യാസ വികസനസമിതി ആസൂത്രണം ചെയ്യുന്ന കർമ്മപരിപാടികൾ പഞ്ചായത്ത് ഔദ്യോഗികമായി ഏറ്റെടുത്ത് നടപ്പിലാക്കുക.
6. പിന്നോക്കം നിൽക്കുന്ന ഒരു സ്കൂൾ ഒരു വർഷത്തേക്ക് ദത്തെടുത്ത് പുരോഗതയിക്കാവശ്യമായ പരിപാടികൾ നടപ്പിലാക്കുക.
7. പാഠ്യേതരപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലുള്ള നിർദ്ദേശങ്ങൾ വെയ്ക്കുകയും അവ നടപ്പിലാക്കാൻ സഹായിക്കുകയും ചെയ്യുക.
8. ഉച്ചഭക്ഷണം വിതരണം കാര്യക്ഷമമാക്കുക.
9. രക്ഷാകർതൃ സമിതി, മാതൃസംഗമം,പ്രധാനാദ്ധ്യാപകൻ എന്നിവരുൾപ്പെടുന്ന വേദികൾ വഴി നിലവാരം മെച്ചപ്പെടുത്തുന്നനെപ്പറ്റി സൂക്ഷ്മതല ചർച്ചകൾ നടത്തുക.

വിദ്യാലയ വികസന സമിതി

ചെയർമാൻ	:	വാർഡ് മെമ്പർ
വൈസ് ചെയർമാൻ	:	പി.ടി.എ പ്രസിഡണ്ട്
സെക്രട്ടറി	:	പ്രധാനാദ്ധ്യാപകൻ
അംഗങ്ങൾ	:	സ്റ്റാഫ് സെക്രട്ടറി
		പി.ടി.എ.പ്രതിനിധി
		ഒരു സീനിയർ അസിസ്റ്റന്റ്
		ലൈബ്രേറിയൻ
		സ്കൂൾ ക്ലബ്ബ് സെക്രട്ടറിമാർ
		അഭ്യുദയകാംക്ഷികൾ
		സാംസ്കാരിക സംഘടനാ പ്രതിനിധികൾ
		സ്കൂൾ ലീഡർ
		മാതൃസംഗമം പ്രതിനിധി

ചുമതലകൾ

1. സ്കൂളിന്റെ സമഗ്രപുരോഗതിക്കാവശ്യമായ കർമ്മരേഖ വർഷം തോറും ആവിഷ്കരിച്ച് അംഗീകരിച്ച് നടപ്പിലാക്കുക.
2. ക്ലാസ്സ് പി.ടി.എ. കൾ രൂപീകരിക്കുക. അവയുടെ പ്രവർത്തനം ഉറപ്പു വരുത്തുക
3. മാസാന്ത പരീക്ഷ നിർബന്ധമാക്കുക.
4. റെമഡിയൽ അദ്ധ്യാപനം പ്ലാൻ ചെയ്യണം.
5. ഓരോ രംഗത്തും പ്രാഗത്ഭ്യം തെളിയിക്കുന്ന കുട്ടികൾക്ക് അവാർഡ് നൽകുക.

6. ഓരോ വർഷവും വരുന്ന കുട്ടികളെ സ്വീകരിക്കുക. പിരിയുന്നവർക്ക് യാത്രയപ്പ് നൽകുക.
7. ശാസ്ത്ര സാങ്കേതിക സെമിനാർ നടത്തുക.
8. സബ്ജക്ട് കൗൺസിൽ രൂപീകരിക്കുക.
9. സബ്ജക്ട് കൗസിൽ ഓരോ വിഷയത്തിലും കിസ്സ് പാക്കേജ് തയ്യാറാകണം. ഇത് കാലാകാലങ്ങളിൽ പരിഷ്കരിക്കണം.
10. അദ്ധ്യാപനം വിദ്യാർത്ഥികേന്ദ്രിതമാക്കുക.
11. പഠനനിലവാരം കാലാകാലങ്ങളിൽ വിലയിരുത്താനുള്ള സംവിധാനം ശക്തിപ്പെടുത്തണം.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചു കൊല്ലത്തേക്കു വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1 പഞ്ചായത്തിൽ 3,4,7,10 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് എൽ.പി. സ്കൂൾ സ്ഥാപിക്കുക.
2. 2,8,11 എന്നീ വാർഡുകളിലെ എൽ.പി.സ്കൂൾ, യു.പി.സ്കൂളായി ഉയർത്തുക.
3. 8-ാം വാർഡിലെ ഹൈസ്ക്കൂളിൽ തമിഴ്, ഇംഗ്ലീഷ് മീഡിയം തുടങ്ങുകയും പ്ലസ് ടു ആയി ഉയർത്തുകയും വേണം.
4. 6-ാം വാർഡിൽ ഉള്ള യു.പി.സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തണം.
5. സ്രാമ്പി,മുത്തുസ്വാമി പുതൂർ, വേമ്പ്ര,മരുതംപാറ എന്നിവടങ്ങളിൽ ഏകാദ്ധ്യാപക വിദ്യാലയം സ്ഥാപിക്കണം.
6. സ്ക്കൂളുകളോടനുബന്ധിച്ച് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തണം.
7. പഞ്ചായത്ത് തലത്തിൽ ഒരു I.T.C. തുടങ്ങണം
8. 11-ാം വാർഡിലെ കുഞ്ചുമേനോൻ പതിയിലും 8-ാം വാർഡിലെ കലല്യാണപ്പേട്ടയിലും കന്നിമാരി, കുളപ്പുരചള്ള എന്നീ സ്ഥലങ്ങളിലും അംഗനവാടികൾ തുടങ്ങണം.
9. സ്ക്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
10. പാഠപുസ്തകങ്ങൾ യഥാസമയത്ത് ലഭ്യമാക്കുക.
11. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാകുക.
12. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.
13. സ്ക്കൂളുകളിൽ കാലാകാലങ്ങളിൽ വൈദ്യപരിശോധന നടത്തണം.
14. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യ വസ്ത്രം, പാഠപുസ്തകം എന്നിവ നൽകണം
15. എല്ലാ അംഗൻവാടികളോടനുബന്ധിച്ച് ക്രഷ് സ്ഥാപിക്കുക.

6.5

കുടിവെള്ളവും പൊതുജനാരോഗ്യവും

വിദ്യാഭ്യാസത്തിൽ താരതമ്യേന പിന്നിൽ നിൽക്കുന്ന പെരുമാട്ടി പ്രദേശത്ത് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് പ്രസക്തി ഏറുന്നു. സാമാന്യമായി പാലിക്കേണ്ട പരിസര ശുചിത്വം രോഗപ്രതിരോധ നടപടികൾ, പോഷകാഹാരമടങ്ങുന്ന ഭക്ഷണക്രമം എന്നിവയെല്ലാം നിരക്ഷരരുടെ ജീവിതരീതികൾ അപ്രധാനമായി തീരുന്നു.

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളിൽ ഒന്നാണ് കുടിവെള്ളം. പഞ്ചായത്തിന്റെ വടക്കുള്ള ശോകനാശിനി പുഴയാണ് പ്രധാന ജലസ്രോതസ്സ്. എന്നാൽ പരിസ്ഥിതിയിൽ വന്ന ഭീഷണിയും ക്രമാധീതമായ മണൽവാരലും നിരുത്തരവാദപരമായ സ്ഥലജല വിനിയോഗവും ജലസ്രോതസ്സിനെ ക്രമാനുഗതമായി നശിപ്പിച്ചുകൊണ്ടിരിക്കുന്നു. പരിണിത ഫലമായി നാം ഇന്ന് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നു.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ 75 ശതമാനം ജനങ്ങളും സ്വകാര്യ കിണറുകളെയാണ് ആശ്രയിക്കുന്നത്. നിരവധി പൊതുകിണറുകളും വറ്റാത്ത സ്വാര്യങ്ങളും ശുദ്ധജല സംഭരണികളും ഉണ്ടെങ്കിലും പഞ്ചായത്തിന്റെ കിഴക്കേ അറ്റമായ മൂലത്തറ വില്ലേജിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

1. മീനാക്ഷിപുരം ശുദ്ധജല വിതരണ പദ്ധതി

1964-ൽ ഈ പദ്ധതിയിൽ ഒരു കിണറും ഒരു കുഴൽകിണറും സ്ഥാപിച്ചു. ഇതിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് 22,500 ലി. സംഭരണശേഷിയുള്ള ജല സംഭരണിയിൽ വെള്ളം നിറച്ച് അതിൽ

നിന്ന് 500 മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്ന് 20 ഓളം പൊതുടാപ്പുകൾ ഇടുകയും 4000 പേർക്ക് ഭാഗികമായി കുടിവെള്ളം എത്തിക്കുകയും ചെയ്തു.

2. വണ്ടിത്താവളം ശുദ്ധജലവിതരണ പദ്ധതി

1983-ൽ വണ്ടിത്താവളത്ത് ഒരു കുഴൽ കിണർ കുഴിക്കുകയും അതിൽ നിന്ന് 12,725 മീ. നീളത്തിൽ പൈപ്പ് ലൈൻ ഇടുകയും 60 ഓളം പൊതു ടാപ്പുകൾ സ്ഥാപിച്ച് 5000 ഓളം വരുന്ന ജനങ്ങൾക്ക് ഭാഗികമായി കുടിവെള്ളം എത്തിക്കുകയും ചെയ്തു.

1995-96 ൽ കരയ്ക്കൽ കൊളംബ് ഭാഗത്ത് 3700 മീ. നീളത്തിൽ പൈപ്പ് ലൈൻ ഇടുകയും ഇതിൽ 20 ഓളം പൊതു ടാപ്പുകൾ സ്ഥാപിച്ച് 3000 ഓളം ജനങ്ങൾക്ക് ഭാഗികമായി കുടിവെള്ളം എത്തിക്കുകയും ചെയ്തു. മണിയാട്ടുകൊളംബ് IIDP കോളനിയിലേക്ക് 2300 മീ. നീളത്തിൽ പൈപ്പ് ലൈൻ ഇട്ട് 10 ഓളം പൊതു ടാപ്പുകൾ സ്ഥാപിച്ച് 1500 ഓളം വരുന്ന ജനങ്ങൾക്ക് ഭാഗികമായി കുടിവെള്ളം എത്തിച്ചു.

3. ചിറ്റൂർ തത്തമംഗലം ശുദ്ധജല വിതരണ പദ്ധതി

ആറ്റാംചേരി ഭാഗത്തേക്ക് 400 മീ. നീളത്തിൽ പൈപ്പ് ലൈൻ ഇടുകയും 70 ഓളം വീടുകൾക്ക് ഭാഗീകമായി കുടിവെള്ളം എത്തിക്കുകയും ചെയ്തു.

വാർഡ് നമ്പർ	പൊതുകിണറുകൾ		പൊതുകുഴൽ കിണർ
	വെള്ളമുള്ളത്	വെള്ളമില്ലാത്തത്	
I	4	2	1
II	5	3	2
III	4	-	2
IV	8	-	-
V	5	-	4
VI	1	1	3
VII	4	-	2
VIII	2	-	3
IX	1	-	2
X	2	1	-
XI	1	1	3

കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

1-ാം വാർഡ്

നല്ലമാടൻ ചള്ള, കല്ലൻകാട്, പുതുശ്ശേരി, വിളയോടി കോളനി,ചെമ്മണംകാട്, പാറക്കളം എന്നിവടങ്ങളിലെ കുടിവെള്ളംക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പൊതുകിണറുകൾ അറ്റകുറ്റ പണിചെയ്ത് ഉപയോഗ്യമാക്കണം,. വിളയോടി ഇറളംപുള്ളി, വാരിക്കാട്ടുചള്ള, എന്നിവടങ്ങളിൽ ബോർവെൽ സ്ഥാപിക്കണം.

2-ാം വാർഡ്

അണപ്പാടം ഹരിജൻ കോളനി, പാറക്കളം, ആയുർവ്വേദ ആശുപത്രി എന്നിവടങ്ങളിൽ പൊതുകിണർ കുഴിച്ച് ജലക്ഷാമം പരിഹരിക്കണം. വയലുകളും മടപ്പള്ളം,പുറയത്തുകളം എന്നീ സ്ഥലങ്ങളിൽ ബോർവെൽ സ്ഥാപിക്കണം. മൂപ്പൻകുളം ,താണിച്ചുവട്ടിൽ നിന്ന് വയലുകുളത്തേക്കും, കൊല്ലംകൊളംമ്പിൽ നിന്നും കാരികുളത്തേക്കും, മണിയാട്ടുകൊളംമ്പിൽ നിന്ന് പാറക്കുളത്തേക്കും പൊട്ടമടകൊളംമ്പിൽ നിന്ന് അണ്ണാക്കോട് ഹരിജൻ കോളനിയിലേക്കും 500 മീ. നീളത്തിലും മണിയാട്ടുകൊളംമ്പ് IHDP കോളനിയിലുള്ള ബാക്കി സ്ഥലത്തേക്ക് സുമാർ 600 മീ. നീളത്തിലും പൈപ്പ് ലൈൻ നീട്ടുക.

3-ാം വാർഡ്

അലയാർ, വവ്വാക്കോട് ലക്ഷംവീട്, നമ്പൂരി ചള്ള, കിണറ്റുമൊക്ക് എന്നിവടങ്ങളിലെ പൊതു കിണർ അറ്റകുറ്റ പണി നടത്തിയും പുതുശ്ശേരിയിൽ ഒരു പൊതുകിണർ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കണം. അലയാറിൽ നിന്ന് വിളയോടി വഴി വവ്വാക്കോട്ടിലേക്കും പുതുശേരിയിൽ നിന്ന് കിഴക്കേക്കോട്ടിലേക്കും പൈപ്പ് ലൈൻ നീട്ടുക. കരയ്ക്കൽ കൊളംമ്പ് ശുദ്ധജല വിതരണ പദ്ധതിയിലുള്ള കുഴൽകിണറിൽ മോട്ടോർ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കണം.

4-ാം വാർഡ്

മുതലാംതോട്, ചെറിയ മുതലാംതോട് എന്നിവിടങ്ങളിൽ പുതിയ കിണറുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം. വേമ്പ്ര അപസ്മാര കോവിൽ ജംഗ്ഷൻ, നർണി, കിഴക്കേക്കാട് എന്നീ പ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കണം.

5-ാം വാർഡ്

ചാമിയാർക്കളം,അഞ്ചുവള്ളക്കാട് എന്നിവടങ്ങളിൽ പൊതുകിണർ സ്ഥാപിക്കണം. കന്നിമാരി പ്ലാച്ചിമട, വിജയനഗർ എന്നിവടങ്ങളിലേക്ക് പാട്ടികുളത്തു നിന്നും പൈപ്പു ലൈൻ നീട്ടി കുടിവെള്ളക്ഷാമം പരിഹരിക്കണം.

6-ാം വാർഡ്

മൂലക്കട, കറുപ്പട്ടിതുറക്കാട് സ്രാമ്പി, കുട്ടുക്കാരകോളനി,രാമർപണ്ണൈ, മുത്തുസ്വാമിപുടുർ, പൂവത്തിമരക്കാട് എന്നിവടങ്ങളിൽ കുഴൽകിണർ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കണം.

7-ാം വാർഡ്

അലയാർ, കൈതാവ്, രങ്കവാടൻ കൊളംമ്പ്, പന്തുരുവ,ചന്തപേട്ട എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി ജലക്ഷാമം പരിഹരിക്കുക. വണ്ടിത്താവളത്ത് ടാക്സി സ്റ്റാൻഡിനു സമീപമുള്ള ടാപ്പും ചന്തപേട്ടക്കു മുൻവശത്തുള്ള ടാപ്പും തെക്കുഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുക.

8-ാം വാർഡ്

ജലക്ഷാമം പരിഹരിക്കുന്നതിനായി പള്ളിമുക്ക്, കുളപ്പുരചള്ള, മുല്ലയ്ക്കൽ ചള്ള, വളയക്കാരൻ ചള്ള, പനയടിയൻ ചള്ള, കാളിമേനോൻ ചള്ള, തിമ്മിചെട്ടി എന്നിവടങ്ങളിൽ ബോർവെൽ സ്ഥാപിക്കുക.

9-ാം വാർഡ്

കുടിവെവള്ളക്ഷാമം പരിഹരിക്കുന്നതിനായി ലക്ഷം വീട് കോളനിയിലക്ക് പൈപ്പ് ലൈൻ നീട്ടുകയും എല്ലക്കാട് ബോർവെൽ സ്ഥാപിക്കുകയും വേണം

10-ാം വാർഡ്

വാണുവംപാടം, ഏറാട്ടു ചള്ള, വളയൻപാറ, തട്ടാൻ ചള്ള, കുറുക്കൻ കൊളംമ്പ്, കയ്പേം കൊളംമ്പ്, എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുക. ഏന്തൽപ്പാലത്ത് റോഡരികിലുള്ള പൈപ്പ് 100 മീ. ഉള്ളിലേക്ക് വടക്കു മാറി സ്ഥാപിക്കേണ്ടതാണ്.

11-ാം വാർഡ്

സർക്കാർപതി, കടമാപ്പാറ, കുഞ്ഞുമേനോൻപതി, അമ്മാശകോളനി എന്നിവടങ്ങളിൽ കുഴൽകിണർ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കണം.

ചെറുകിട ശുദ്ധജല പദ്ധതികൾ

ചെറുകിട ശുദ്ധജല പദ്ധതികളെ കുറിച്ച് എല്ലാ വാർഡുകളിൽ നിന്നും അഭിപ്രായങ്ങൾ വന്നിട്ടുണ്ടെങ്കിലും 5,6,9,11 എന്നീ വാർഡുകളിൽ നിന്നാണ് കുടിവെള്ളക്ഷാമ പരിഹാരത്തിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്.

1-ാം വാർഡിൽ ശോകനാശിനി പുഴയിൽ ഷൺമുഖൻ കോസ്വേയ്ക്കു സമീപമുള്ള തടയണക്കു മുകളിലായി ജലസംഭരണി സ്ഥാപിച്ച് വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുക വഴി 1,3 വാർഡുകളിലെ കുടിവെള്ളക്ഷാമത്തിന് സ്ഥായിയായ പരിഹാരം

കാണാവുന്നതാണ്. ഇതിനുള്ള സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ പൊതുജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

മാസ്റ്റർ പ്ലാൻ

പെരുമാട്ടി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി മുലത്തറ ഡാമിനു തൊട്ടുതാഴെ ഒരു തടയണ പണിയുകയും വെള്ളം ശേഖരിച്ച് ശുദ്ധീകരിക്കുകയും അതിനു ശേഷം ശുദ്ധജലസംഭരണികളിൽ നിറച്ച് പൈപ്പ് ലൈൻ മുഖേന കുടിവെള്ളമെത്തിക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ശ്രമം തുടരുന്നു.

ആരോഗ്യം

ആരോഗ്യ പരിപാലന രംഗം കേരളം കൈവരിച്ചു കഴിഞ്ഞു എന്ന് കണക്കുകൾ പറയുമ്പോൾ ഈ പുരോഗതിയുടെ ഫലങ്ങൾ അനുഭവിക്കാൻ ഈ പഞ്ചായത്തിന് പൂർണ്ണമായും കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. ഇവിടത്തെ ആരോഗ്യ പരിപാലന രംഗം തൊട്ടടുത്ത പഞ്ചായത്ത് മുനിസിപ്പാലിറ്റി, തമിഴ്നാട് എന്നിവയെ ആശ്രയിച്ചാണ് കഴിയുന്നത്. ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒട്ടും തന്നെ ഇല്ലെന്നു പറയാം. ഗിരിവർഗ്ഗ ഉപ പദ്ധതി പ്രകാരം ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ ഈ അടുത്ത കാലത്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പണ്ട് ഗ്രാമീണർ രോഗാതുരത കുറഞ്ഞ ജീവിത രീതികൾ പാലിച്ചിരുന്നതു കൊണ്ട് ചികിത്സാ ഒരു അവസാന കൈയ്യായിരുന്നു. എന്നാൽ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി തമിഴ് സംസ്കാരം ഉൾക്കൊള്ളുന്ന പട്ടികജാതി പട്ടിക വർഗ്ഗക്കാർ കൂടുതലായി തിങ്ങി പാർക്കുന്ന കോളനികളായതിനാൽ പല സാംക്രമിക രോഗങ്ങളും (വയറിളകം, ചർദ്ദി മുതലായവ) പിടിപെടാറുണ്ട്.

പഞ്ചായത്തിൽ അലോപ്പതി രംഗത്ത് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും 5 സബ്ബ് സെന്ററുകളും ഉണ്ട്. 7-ാം വാർഡിൽ ഒരു കോ-ഓപ്പറേറ്റീവ് ഡിസ്പെൻസറി ഉണ്ടായിരുന്നത് ഇപ്പോൾ നിലവില്ല. 3,4,5,9 എന്നീ വാർഡുകളിൽ ആരോഗ്യ കേന്ദ്രങ്ങൾ ഇല്ല. 10 ഓളം പാരമ്പര്യ ചികിത്സ നടത്തുന്ന കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പരിമിതമായ ഇത്രയും സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും ചരട് ജപിച്ചു കൊടുക്കുക, ഊതുക, ക്ഷേത്രത്തിലേക്കു വഴിപാട് നൽകുക എന്നീ അന്ധവിശ്വാസങ്ങൾ ഇന്നും നിലനിൽക്കുന്നു.

പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ ഗുണപരമായ വ്യതിയാനം കാണുന്നില്ല എന്നാണ് സ്ഥിതി വിവര കണക്കുകൾ കാണിക്കുന്നത്. പഞ്ചായത്തിലെ ജനനനിരക്ക് 12.47 ഉം മരണ നിരക്ക് 7.2 ഉം ആണ്. ശരാശരി കുടുംബവലിപ്പം 4 മാത്രമാണ്. ഇവിടെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികളില്ല. ഇതിനായി ശരാശരി 20 കിമീ. ദൂരം സഞ്ചരിക്കണം. ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ

പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ ഒരു മാതൃകാ പഞ്ചായത്ത് സൃഷ്ടിച്ചെടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

സ്ഥാപനങ്ങളും സേവനങ്ങളും

ഈ പഞ്ചായത്തിലെ ആരോഗ്യ രംഗത്തിലെ പൊതു സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ – 1
ആയുർവ്വേദ ഡിസ്പെൻസറി – 2
ആരോഗ്യ ഉപകേന്ദ്രങ്ങൾ – 5

വാർഡ്	സ്ഥാപനങ്ങൾ	സ്ഥാപന വർഷം	ജീവനക്കാരുടെ എണ്ണം
I	F.W.C		1
II	ആയുർവ്വേദ ഡിസ്പെൻസറി ഐ.പി.പി. സബ്ബ് സെന്റർ		4
VI	M.C.H.C		1
VII	ഹോമിയോ ഡിസ്പെൻസറി – 2 ആയുർവ്വേദ ഡിസ്പെൻസറി – 1		3
VIII	ഐ.പി.പി. സബ്ബ് സെന്റർ		1
X	M.C.H.C		1
XI	പ്രാഥമിക ആരോഗ്യ കേന്ദ്രം	6/10/1991	11

ഇവയിലെല്ലാം കൂടി 22 ജീവനക്കാരാണുള്ളത്

നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെയും സബ്ബ് സെന്ററുകളുടെയും സംവിധാനവും സൗകര്യവും ഒട്ടും പര്യാപ്തമല്ല. അതിനാൽ തന്നെ അതിന്റെ പ്രവർത്തനവും തീരെ കാര്യക്ഷമമല്ല. ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളേക്കാൾ പ്രാധാന്യം ബോധവൽക്കരണത്തിനുണ്ട്. ഫീൽഡ് വർക്കർമാരിൽ കാണുന്ന നിഷ്ക്രിയത്വം ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള താത്പര്യക്കുറവ് എടുത്തു പറയേണ്ടതാണ്. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസും, കച്ചവട മനസ്ഥിതിയോടു കൂടിയ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനവും മരുന്നുകളുടെ ലഭ്യത കുറവും ഡോക്ടർമാരുടെ കഴിവ് പൂർണ്ണമായും സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കുന്നതിന് തടസ്സമാകുന്നു. ഈ അവസ്ഥ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പരിസര ശുചിത്വം

ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് പറയുമ്പോൾ ശുചിത്വം ഒരു പ്രധാന ഘടകമാണ്. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ വേണ്ട പ്രചാരവും പ്രാധാന്യവുമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ മൊത്തം വീടുകളിൽ 13 ശതമാനം വീടുകളിൽ മാത്രമേ കക്കൂസ് നിലവിലുള്ളൂ.പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശമായ 6,9 വാർഡുകളിലെ കോളനികൾക്ക് പരിസരശുചീകരണത്തിൽ വളരെയേറെ പ്രാധാന്യം നൽക്കേണ്ടതാണ്. ഇവിടെ വയറിളക്കം, ചർദ്ദി മുതലായ രോഗങ്ങൾ നിത്യസംഭവമാണ്.

ഗ്രാമസഭകളിലെ പൊതുജനാഭിപ്രായം കണക്കിലെടുത്ത് സർക്കാർ തലത്തിലും ഈ പഞ്ചായത്തിലെ സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായത്തോടെയും പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്തിലെ ഹോട്ടലുകൾ, ശീതളപാനീയശാലകൾ, ചന്തസ്ഥലങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ഇവിടങ്ങളിൽ ജോലിചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതുമാണ്.

വർഷകാലത്തും വരൾച്ചകാലത്തും പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിൽ പകർച്ച വ്യാധികൾ സാധാരണമാണ്. ഇതിനെതിരെയുള്ള ബോധവത്ക്കരണവും ഈച്ച, കൊതുക് മുതലായവയുടെ നശീകരണ പ്രവർത്തനവും ഫലപ്രദമായി നടപ്പിലാക്കുകയാണെങ്കിൽ വളരെയേറെ ഗുണമുണ്ടാക്കും. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗൃഹപരിസരം ശുചിയായി സൂക്ഷിക്കാനുമാവും.

പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമക്കാവുന്ന നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ നിലവിലുള്ള അംഗീകൃത യോഗാഭ്യാസകേന്ദ്രം പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഉപയോഗപ്രദമാക്കാൻ സാധിക്കുമെങ്കിൽ ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ സാധിക്കും.

വാർഡ് തലത്തിൽ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഗ്രൂപ്പ് നിർണ്ണയരേഖ പഞ്ചായത്തിൽ സൂക്ഷിക്കുകയും വേണം.

സമൂഹത്തിലെ ആശ്രിത വിഭാഗങ്ങളായ വൃദ്ധജനങ്ങൾക്ക് വയോജന ആരോഗ്യകേന്ദ്രം തുടങ്ങേണ്ടതാണ്. ചികിത്സക്കെത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം കുറ്റമറ്റതാക്കാൻ സഹായിക്കും. പഞ്ചായത്തിലെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുകവലി, മദ്യപാനം എന്നിവയെക്കുറിച്ചുള്ള പ്രചാരണ

ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആസൂത്രിതമായി നടപ്പിലാക്കേണ്ടതാണ്. രക്തദാനം, നേത്രദാനം മുതലായവയെ കുറിച്ചുള്ള മഹത്വം ബോധ്യപ്പെടുത്തുക വഴി ബന്ധപ്പെട്ട പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കും. നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളേയും സന്നദ്ധ സംഘടനകളേയും കൂട്ടിഇണക്കിയാൽ 'ആരോഗ്യകരമായ' ഒരു സമൂഹം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ കഴിയും.

1. പഞ്ചായത്തിൽ ശുചീകരണ പ്രവർത്തനത്തിന് വേണ്ടത്ര ജീവനക്കാരെ നിയമിക്കുകയും എല്ലാ പോപ്പുലേഷൻ സെന്ററുകളിലും ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ഡോക്ടർമാരുടെ പരിചരണം ലഭ്യമാക്കുകയും ചെയ്യുക.

2. ആരോഗ്യരംഗത്ത് നാട്ടറിവുകളുടെ സ്രോതസ്സുകൾ പഞ്ചായത്തുതലത്തിൽ കണ്ടെത്തി അവ ശാസ്ത്രീയമായി രേഖപ്പെടുത്തി പരിപോഷിപ്പിക്കുവാനുള്ള കർമ്മ പദ്ധതികൾ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ നടപ്പാക്കണം. ഇത്തരം സ്രോതസ്സുകൾ പിൻതുടർച്ചക്കാരില്ലാതെ നശിച്ചു പോകുന്ന ഒരു അവസ്ഥ നിലനിൽക്കുന്നു എന്നത് കൊണ്ടാണ് ഈ പദ്ധതി സമയബന്ധിതമാകണമെന്ന് നിഷ്കർഷിക്കുന്നത്.

3. വനിതാ തൊഴിൽ സംരംഭങ്ങളിൽ ഔഷധത്തോട്ടങ്ങൾ ഉണ്ടാക്കുവാനുള്ള പ്രവർത്തനങ്ങൾ വ്യവസായ വികസന സമിതിയുമായി ഏകോപിപ്പിച്ച് നടത്തണം.

4. വനിതകളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

5. എല്ലാ വർഷവും ഗ്രാമവാസികളെ വിശദമായ മെഡിക്കൽ ചെക്കപ്പിന് വിധേയരാക്കണം. ഇതിനു പുതിയ ഒരു ആരോഗ്യ സാക്ഷരതാ പദ്ധതി തന്നെ ഈ പഞ്ചായത്തിലെ വിദഗ്ധരും ജനപ്രതിനിധികളും കൂടി ആലോചിച്ച് വരും നാളുകളിൽ ആവിഷ്കരിക്കണം. ഇങ്ങനെ ആരോഗ്യ പരിശോധനക്കു വിധേയരാകുന്നവർക്ക് ഹെൽത്ത് കാർഡ് നൽകണം. ഇത് കർശനമായി പാലിക്കേണ്ടതാണ്.

6. ഹോട്ടൽ ലൈസൻസ് നൽകൽ, പുതുക്കൽ എന്നിവയ്ക്കു മുമ്പ് അവ പരിശോധിച്ച് ഹെൽത്ത് ഇൻസ്പെക്ടർമാർ സർട്ടിഫൈ ചെയ്യണം എന്ന വ്യവസ്ഥ നിർബന്ധമാക്കണം.

7. അതിർത്തി കടന്നു വരുന്ന കന്നുകാലികൾ ആരോഗ്യത്തിനു ഹാനികരമായ രോഗാണു വാഹികളാണ് ഇവയെ ആരോഗ്യ വകുപ്പും മൃഗസംരക്ഷണ വകുപ്പും കൂട്ടായ പരിശോധന നടത്തി ഉറപ്പു വരുത്തിയ ശേഷം മാത്രമെ കടത്തി വിടാവൂ.

8. പഞ്ചായത്ത് പ്രദേശത്ത് മൃഗങ്ങളെ പരിശോധനാവിധേയമാക്കി മാത്രമെ അറക്കാവൂ.

9. മത്സ്യം, മാംസം ഇവ വിൽക്കുന്നത് കർശനമായി പരിശോധന വിധേയമാക്കി വിൽപ്പനക്കാർക്ക് പഞ്ചായത്തിൽ നിന്ന് ലൈസൻസ് നൽകേണ്ടതാണ്.

10. മീനാക്ഷിപുരം ഹരിജൻ കോളനിയിലുള്ള അഴുക്കു ചാൽ സൈഡ് കെട്ടി ഉയർത്തി സംരക്ഷിക്കേണ്ടതാണ്. കൂടാതെ വണ്ടിത്താവളത്ത് മണ്ണു മൂടി കിടക്കുന്ന അഴക്കു ചാൽ വൃത്തിയാക്കി വെള്ളം ഒഴുകി പോകാനുള്ള സംവിധാനം ഉണ്ടാക്കണം

11. മീനാക്ഷിപുരം വണ്ടിത്താവളം മുതലായ സ്ഥലങ്ങളിൽ അടിച്ചു കൂട്ടുന്ന ചപ്പുചവറുകൾ ശേഖരിച്ച് അതാതു സ്ഥലത്തു തന്നെ കമ്പോസ്റ്റാക്കി കൃഷിക്ക് ഉപയോഗപ്പെടുത്തണം.

12. ശ്മശാനങ്ങൾ ഇല്ലാത്തതും എന്നാൽ ശവശരീരങ്ങൾ മറവു ചെയ്യാൻ സൗകര്യമില്ലാത്തതുമാണെന്ന് ബോധ്യപ്പെടുന്ന വാർഡുകളിൽ ശ്മശാനങ്ങൾ അനുവദിക്കണം.

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച് സ്ഥിതി വിശേഷവും

വാർഡ്	സ്ഥാപനങ്ങൾ പൊതു	സ്വകാര്യ	കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
I	FWC	-	പനി, വയറിളക്കം,ദന്ത രോഗങ്ങൾ	ആരോഗ്യക്ലാസ്സുകൾ നടത്തുന്നില്ല. ആവശ്യത്തിനുള്ള മരുന്നുകൾ ഇല്ല.	സെന്ററിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ആവശ്യമാണ്. അവശ്യമരുന്നുകൾ ലഭ്യമാകണം
II	ആയുർവേദ ഡിസ്പെൻസറിയും ഒരു ഐ.പി.പി. സെന്ററും		പനി, വയറിളക്കം, ചൊറി	ആയുർവ്വേദ ആശുപത്രിയിൽ അത്യാവശ്യത്തിനുള്ള എണ്ണ, കുഴമ്പ്,മമ്പു ലേപനങ്ങൾ എന്നിവ പോലുമില്ല. ഹെൽത്ത് സെന്ററിൽ ആവശ്യത്തിനു മരുന്നില്ല	ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടാക്കണം. ഐ.പി.പി. സെന്ററിലും ആശുപത്രിയിലും ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കണം
III			പനി, വയറിളക്കം,ദന്ത രോഗം,ചെങ്കണ്ണ്		മുരുതംപാറ കേന്ദ്രീകരിച്ച് ഒരു മാതൃ ശിശു സംരക്ഷണ കേന്ദ്രം തുടങ്ങുകയും ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുകയും വേണം.
IV			പനി, അതിസാരം, മഞ്ഞപ്പിത്തം		അപസ്മാര കോവിലിനു സമീപം ഒരു മാതൃശിശു സംരക്ഷണ കേന്ദ്രം തുടങ്ങുകയും ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം. ആരോഗ്യ ക്ലാസ്സുകളും ഗൃഹസന്ദർശനവും ഉറപ്പാക്കണം

വാർഡ്	സ്ഥാപനങ്ങൾ പൊതു	സ്വകാര്യ	കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
V			വയറിളക്കം,ദന്തരോഗം,ചെങ്കണ്ണ്		അഞ്ചുംവെള്ളക്കാട് കേന്ദ്രീകരിച്ച് ഒരു മാതൃശിശുസംരക്ഷണ കേന്ദ്രവും കന്നിമാരിയിൽ സഹകരണ മേഖലയിൽ ഒരു ഹോമിയോ ഡിസ്പെൻസറി തുടങ്ങണം.
VI	ങളുങള		ചർദ്ദി,അതിസാരം, പനി	ആരോഗ്യക്ലാസ്സുകൾ നടക്കാറില്ല ആവശ്യമുള്ള മരുന്നുകൾ ലഭ്യമല്ല.	സെന്ററിൽ ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുകയും ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുകയും വേണം. മദ്യത്തിനും പുകവലിക്കുമെതിരായ ബോധവത്ക്കരണം നടത്തണം. ബി.എച്ച്.സി. തുടങ്ങിയ അനാവശ്യ കീടനാശിനികളുടെ ഉപയോഗം തടയണം.
VII		ഹോമിയോ ഡിസ്പെൻസറി - 2 ആയുർവേദ ഡിസ്പെൻസറി - 1	പനി, ദന്തരോഗം, അതിസാരം	നാമമാത്രമായി പ്രവർത്തിക്കുന്നു.	ഈ പഞ്ചായത്തിന്റെ സിരാകേന്ദ്രമായ വണ്ടിത്താവളത്ത് കുറഞ്ഞത് 10 ബെഡ്ഡുകളോടു കൂടിയ ആശുപത്രി ധനകാര്യസ്ഥാപനങ്ങളുടെയും പഞ്ചായത്തിന്റെയും കൂട്ടായ സംരംഭത്തിൽ തുടങ്ങേണ്ടിയിരിക്കുന്നു
VIII	ഐ.പി.പി. സെന്റർ		പനി, വയറിളക്കം, ചെങ്കണ്ണ്	ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല	ഐ.പി.പി.സെന്ററിൽ ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം.അനാവശ്യ കീടനാശിനികളുടെ ഉപയോഗം തടയണം. ആരോഗ്യ ക്ലാസ്സുകൾ നടത്തണം
IX			വയറിളക്കം, ചൊറി. ദന്തരോഗം		മുത്തുസ്വാമി പുതൂരിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം തുടങ്ങി. ഡോക്ടറുടെസേവനം ഉറപ്പു വരുത്തണം
X	ങളുങള		പനി, അതിസാരം, ചെങ്കണ്ണ്	ആവശ്യത്തിന് മരുന്നുകൾ ലഭ്യമല്ല ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല	വളയൻപാറ കേന്ദ്രീകരിച്ച് ഒരു മാതൃശിശു സംരക്ഷണകേന്ദ്രം സ്ഥാപിച്ച് ഡോക്ടറുടെ സേവനം ഉറപ്പു വരുത്തണം.
XI	പ്രാഥമിക ആരോഗ്യ കേന്ദ്രം		പനി, വയറിളക്കം, ചർദ്ദി	വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതു കൊണ്ട് ഭൗതിക സാഹചര്യങ്ങളുടെ കുറവു മൂലം ചികിത്സ ഫലപ്രദമല്ല.	മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റി ജനങ്ങൾക്ക് സേവനം ലഭ്യമാക്കണം. ആശുപത്രിയിൽ ഒരു വനിതാ ഡോക്ടറെ നിയമിക്കണം

6.6

ഗതാഗതം - ഊർജ്ജം മാർക്കറ്റ്

ഗതാഗതം

ഇന്ത്യ വലിയ ഒരു ഗ്രാമമാണെന്ന് രാഷ്ട്രപിതാവടക്കമുള്ള ആദരണീയരായ രാഷ്ട്രശിൽപ്പികൾ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ പദ്ധതികളനവധി കഴിഞ്ഞിട്ട് നമ്മുടെ നാട്ടിലെ ഗ്രാമങ്ങൾ വികസന പ്രവർത്തനങ്ങളുടെ കാറ്റേൽക്കാതെ കുഗ്രാമങ്ങളായി തന്നെ കിടക്കുന്നു.

മനുഷ്യശക്തിയാണ് നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. കൂട്ടായ്മയുടെകരുത്തും പ്രദേശത്തിന്റെ വികസനത്തിന് റോഡുകൾ വഹിക്കുന്ന പങ്കും വേർത്തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ മുൻഗാമികൾ. ജന്മിത്തം നിലനിന്നിരുന്ന പഞ്ചായത്തായിരുന്നതിനാൽ ജനങ്ങൾക്ക് അവരുടെ താത്പര്യത്തിനനുസൃതമായ രീതിയിലുള്ള റോഡുകൾ ഒന്നും തന്നെ നിർമ്മിക്കുവാൻ കഴിഞ്ഞിരുന്നില്ല.

1949 ൽ പഞ്ചായത്ത് രൂപം കൊള്ളുമ്പോൾ കന്നിമാരി – ആലാംകടവ്, പാട്ടിക്കുളം – വിളയോടി, വണ്ടിത്താവളം– ചിറ്റൂർ എന്നീ റോഡുകൾ ഭാഗികമായി ഗതാഗത സൗകര്യമുള്ളതായിട്ടുണ്ടായിരുന്നു. കൂടാതെ തത്തമംഗലം – പൊള്ളാച്ചി മെയിൻ റോഡിന്റെ ഭാഗം പഞ്ചായത്തിൽ കൂടി കടന്നു പോകുന്നു. പഞ്ചായത്തു വരുമാനത്തിന്റെ സിംഹ ഭാഗവും റോഡുകളുടെ വികസനത്തിനു വേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്. കാരണം പഞ്ചായത്തിലെ എല്ലാ റോഡുകളും വളരെ നീളം കൂടിയവയാണ്. ഈ റോഡുകൾകെല്ലാം പുറമെ മീനാക്ഷിപുരം – മുത്തുസ്വാമി പുതൂർ, കമ്പാലത്തറ റോഡ് ഇവ ജലസേചന വകുപ്പിന്റെതായിട്ടുമുണ്ട്. പഴയ

കൊച്ചിൻ സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന പഞ്ചായത്തായിരുന്നതു കൊണ്ടാണ് റെയിൽവേ ലൈൻ ഉൾപ്പെടാതിരുന്നത്.

പഞ്ചായത്തിൽ 482.956 കി.മീ. റോഡ് ഉള്ളതിൽ ടാർ ചെചയ്ത റോഡുകൾ 48.5 കി.മീ., മെറ്റൽ റോഡുകൾ 34.351 കി.മീ യുമാണ്. മൺറോഡ് 39.555 ഉം സാധാരണ റോഡ് 360.55 കിമീ. യുമായി കിടക്കുന്നു. ഇതിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ 26.5 കി.മീ. ടാർ റോഡുണ്ട്. ഗതാഗത യോഗ്യമായ റോഡ് 122.406 കി.മീ. ആണുള്ളത്.

പഞ്ചായത്തിലെ റോഡിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്നത് റോഡുകളുടെ നിലനിൽപ്പുതന്നെയാണ്. വണ്ടിത്താവളം – ചിറ്റൂർ റോഡ് PWD ഏറ്റെടുക്കുകയും പാട്ടിക്കുളം – വിളയോടി റോഡ് MLA റോഡായി 199 ൽ ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കി തീർക്കുകയും ചെയ്തതിനു ശേഷമാണ് പഞ്ചായത്തിനു മറ്റു റോഡുകളിൽ അൽപ്പമെങ്കിലും വികസനപ്രവർത്തനം കാഴ്ച വെയ്ക്കാൻ കഴിഞ്ഞത്.

ക്രമ നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി.മീ	വീതി മീ.	ബസ്സ് /യാത്ര സൗകര്യങ്ങൾ
1	കന്നിമാരി–ആലാംകടവ്	പഞ്ചായത്ത്	7	8	ഉണ്ട്
2	തത്തമംഗലം–പൊള്ളാച്ചി	PWD	22	9	ഉണ്ട്
3	അലയാർ	പഞ്ചായത്ത്	5	8	ഉണ്ട്
4	പാട്ടിക്കുളം–വിളയോടി	PWD	7	8	ഉണ്ട്
5	വണ്ടിത്താവളം–ചിറ്റൂർ	PWD	7	8	ഉണ്ട്
6	മൂലത്തറ	PWD	4	6	ഉണ്ട്

പഞ്ചായത്തിൽ വിളയോടി, താമരക്കുളം,അത്തിമണി,വണ്ടിത്താവളം, അയ്യപ്പൻകാവ്, പാട്ടികുളം,പാട്ടികുളം പള്ളിമുക്ക്, കല്യാണപ്പട്ട, കോറിയാർ ചള്ള, കമ്പാലത്തറ, നെല്ലിമേട് എന്നിവിടങ്ങളിൽ ബസ്സ് വെയിറ്റിങ്ങ് ഷെഡ്ഡുകളും മീനാക്ഷിപുരത്ത് ഒരു ബസ്സ് സ്റ്റാന്റും ഉണ്ട്.

പഞ്ചായത്തിലെ കല്യാണപ്പേട്ട റോഡ് വളരെ ശോചനീയാവസ്ഥയിലാണുള്ളത്.ഈ റോഡിൽ കൂടി 4 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. കല്യാണപ്പേട്ട റോഡ് അടിയന്തിരമായും PWD ഏറ്റെടുത്ത് അറ്റകുറ്റപണികൾ നടത്തി തൃപ്തികരമായ ഗതാഗതത്തിന് വഴിയൊരുക്കേണ്ടതാണ്. പുതുശ്ശേരി, എഴുത്താണി, മണിയാട്ടുകൊളംമ്പ്, വീട്ടുക്കുഴി,വാരിക്കാട്ടു ചള്ള മുതലായ പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് ബസ്സ് യാത്രയ്ക്കു വേണ്ടി പുതുശ്ശേരി പവ്വർ ഹൗസിനു സമീപമാണ്

വന്നു നിൽക്കുന്നത്. ഇവിടെ ബസ്സ് വെയിറ്റിങ്ങ് ഷെഡ്ഡ് ഇല്ലാത്തതു കാരണം യാത്രക്കാർ വല്ലാതെ ബുദ്ധിമുട്ടുന്നു.

പഞ്ചായത്തിൽ ഗതാഗത യോഗ്യമായ ധാരാളം റോഡുകൾ ഉണ്ട്. ഇവയൊന്നും തന്നെ മെറ്റൽ ചെയ്തതോ മറ്റു യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തിയതോ അല്ല. പൊതുജനപങ്കാളിത്തത്തോടു കൂടി റോഡുകൾ മെറ്റൽ ചെയ്തും മറ്റു പുരോഗമന പ്രവർത്തനങ്ങൾ നടത്തിയും ഗതാഗത യോഗ്യമാക്കേണ്ടതാണ്. പുതിയ മൺ റോഡുകൾ നിർമ്മിക്കുന്നതിന് ഗ്രാമസഭയിൽ നിന്നും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. നിർദ്ദേശങ്ങൾ പരിശോധിച്ചതിൽ ബഹുഭൂരിപക്ഷവും പഞ്ചായത്തിന്റെ പേരിൽ ബി - പുറമ്പോക്കായി റവന്യൂ രേഖകളിൽ വന്നിട്ടുള്ളതുമാണ്. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ റവന്യൂ അധികാരികളെ കൊണ്ട് ഇത്തരം വഴികൾ പുനർനിർണ്ണയം ചെയ്യിച്ച് പൊതുജനപങ്കാളിത്തത്തോടു കൂടി ഗതാഗത യോഗ്യമാക്കാവുന്നതാണ്. ഇതിനു പുറമെ ചില കോളനികളിലേക്കും വഴികൾ ഇല്ല. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഗതാഗതയോഗ്യമായ വഴികൾ നിർമ്മിക്കേണ്ടിയിരിക്കുന്നു.

പുതിയതും മെറ്റൽ ചെയ്യേണ്ടതുമായ റോഡുകൾ

പുതുശ്ശേരി - ഏറാട്ടുത്തറ
കൂമ്പറ്റ - വാരിക്കാട്ടുചള്ള
വാരിക്കാട്ടു ചള്ള - വിളയോടി
സ്ക്കൂൾക്കാട് - വിളയോടി കോളനി
പുതുശ്ശേരി - കൂമ്പറ്റ വഴി - വാരിക്കാട്ടു ചള്ള
വിളയോടി ബാങ്ക് - നല്ലമാടൻ ചള്ള
ഇരളംപുള്ളി - പാറക്കളം
പനങ്കൊളുമ്പ് - പാറക്കളം
പറക്കളം കനാൽ വഴി പുതുശ്ശേരി
ഇരളംപുള്ളി - പുഴപ്പാലം
കാരിക്കുളം - അണപ്പാടം
അത്തിക്കൊളുമ്പ് - അലയാർ
മണിയാട്ടു കൊളുമ്പ് - പാറക്കളം
അത്തിമണി - താഴത്തുപാടം വഴി പാറക്കളം
ചുള്ളിപ്പെരുക് മേട് മണിയാട്ടു കൊളുമ്പിൽ നിന്നും പോകുന്ന അണ്ണാക്കോട് റോഡ്
മരുതംപാറ - പുതുശ്ശേരി
അലയാർ - പുതുശ്ശേരി
അലയാർ ലക്ഷം വീടു കോളനിയും അനുബന്ധ റോഡുകളും
അലയാർ - ചാത്തപ്പൻ കുടം
മരുതൻപാറ - അണ്ടേലക്കളം - നമ്പൂരി ചള്ള
കിഴക്കേ മരുതൻ പാറ - നമ്പൂരി ചള്ള

മരുതൻ പാറ വേമ്പ്ര റോഡിൽ നിന്ന് പോത്തനായിക്കൻചള്ള വഴി നമ്പൂരി ചള്ള റോഡിൽ എത്തിക്കുക

പുത്തൻപാടം ഹരിജൻ കോളനി

കിണറ്റുമുക്ക് - നമ്പൂരിചള്ള വഴി വവ്വാക്കോട്

അലയാർ- എഴുത്താണി വഴി നറണി ഇറിഗേഷൻ കനാൽ വരെ

നമ്പൂരി ചള്ള - കാരിക്കാരകൊളുമ്പ്

ചെമ്പംപൊട്ട - ഒടുകുറുഞ്ഞി

പുതുശ്ശേരി സർകാർ കിണർ - കൂമ്പോറ്റ (വടക്കോട്)

വവ്വാക്കോട് ലക്ഷം വീട് കോളനി

പുത്തൻപ്പാടം- താമരക്കുളം

വേമ്പ്ര അപസ്മാർ കോവിൽ

കോരിയാർ ചള്ള - മുതലാംതോട്

നറണി - മുതലാംതോട്

വേമ്പ്ര - ചിന്നപ്പയ്യൻ ചള്ള

ചോണുവൻവാര - വേമ്പ്ര

കന്നിമാരി - തണ്ണികുണ്ട്

പെരുമാട്ടി പഞ്ചായത്ത് ഹൈസ്ക്കൂൾ - പ്ലാച്ചിമട

അമ്പാട്ടുകുളമ്പ് - ചാത്തപ്പൻകുടം

അലയാർ- എഴുത്താണി

ചുള്ളിപ്പെരുക്കമേട് - തേക്കിൻകുറവ

അയ്യപ്പൻകാവ് - രങ്കവാടൻ കൊളുമ്പ്

മീനാക്ഷിപുരം ബോയർ കോളനി റോഡ്

മീനാക്ഷിപുരം മൃഗാശുപത്രി - എല്ലക്കാട്

കൈകാട്ടിൽ - കറുപ്പുതുറക്കാട്

ചരളിപ്പതി - കുളപ്പുരക്കാട്

നന്ദിയോട് കുറുക്കൻ കുളമ്പു റോഡ്

കമ്പാലത്തറ ഏരി മുതൽ സർക്കാർ പതി വരെ

കരടികുന്ന് - വള്ളക്കാരൻ ചള്ള വഴി പനയടിയൻചള്ള

തണ്ണീർപന്തൽ - പുത്തൻചള്ള

കമ്പാലത്തറ - വേലൂർ

ഏന്തൽപ്പാലം - വാണുവംപാടം വഴി വേമ്പ്ര

കുഞ്ചുമേനോൻ പതി - ചരളിപ്പതി

നറണി - മല്ലൻചള്ള

കൊല്ലൻകൊളുമ്പ് - കാരിക്കുളം വഴി മടയൻകാട്

മൂപ്പൻകുളം മുതൽ വടപ്പള്ളം വഴി പാറക്കളം

ചെറിയ കല്യാണപേട്ട - പുഴ വരെ

ഒടചിറ - വയൽകുളം

പൊരിയാർ ചള്ള – ഐ.പി.പി.സെന്റർ വഴി മല്ലൻചള്ള
സ്റ്റാർ കോളേജ് – മേലേഎഴുത്താണി
അനലിപ്പാറ റോഡ്
മീനാക്ഷിപുരം – മാമരത്തുകാട്
മുതലാം തോട് – ചെറിയ മുതലാം തോട്
കല്യാണപ്പേട്ട – പുത്തൻ ചള്ള
മുള്ളൻതോട് – ശിൽവാംപതി
പാട്ടിക്കുളം – കയ്പ്പയൻകൊളുമ്പ്
വളയൻപാറ തട്ടാൻചള്ള വഴി ഏറാട്ടു ചള്ള
വളയം പാറ – വേമ്പ്ര
കമ്പാലത്തറ അഞ്ചുവള്ളക്കാട് മുള്ളൻ തോടു വഴി സൂരിപ്പാറ
പാമിയാർ കളം – പ്ലാച്ചിമട
പ്ലാച്ചിമട റോഡ്
പള്ളിമുക്ക് – മേലേഎഴുത്താണി

ടാർ ചെയ്യേണ്ട റോഡ്

വിളയോടി – ഇരളംപുള്ളി
മൂപ്പൻകുളം, പാറക്കളം വഴി അരളിക്കടവ്
കൂമൻകാട്, പെരുമാട് വഴി അരളിക്കടവ്
കാരിക്കുളം – അണപ്പാടം
കൈകാട്ടി – സ്രാമ്പി കോളനി
മരുതൻപാറ – വേമ്പ്ര
വെങ്കലക്കയം – മൂലക്കട
അയ്യപ്പൻ കാവ് – മരുതൻ പാറ
കന്നിമാരി, കരടിക്കുന്ന് വഴി കല്ല്യാണപ്പേട്ട
നെല്ലിമേട് സ്ക്കൂൾ – കമ്പാലത്തറ ഏരി
എല്ലക്കാട് – മണക്കടവ്
അയ്യപ്പൻ കാവ് – മരുതൻ പാറ
കമ്പാലത്തറ, സർക്കാർ പതി വഴി മൂലക്കട
മൂലക്കട – കുഞ്ഞുമേനോൻ പതി
തങ്കം തിയേറ്റർ – അമ്പാട്ടുകൊളുമ്പ്
മീനാക്ഷിപുരം – മുത്തുസ്വാമി പുതൂർ

ഈ റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

പാലങ്ങൾ ആവശ്യമായ പ്രദേശങ്ങൾ

പഞ്ചായത്തിലെ 5,6,9,11,വാർഡുകളിൽ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ 1,2,12 എന്നീ വാർഡുകളും നല്ലേപ്പിള്ളി പഞ്ചായത്തിലെ 12 -ാം വാർഡും ബന്ധിപ്പിക്കുന്ന ചിറ്റൂർ പുഴയിൽ കുന്നക്കാട്ടു പതിയിൽ പാലം നിർമ്മിക്കുക. പഞ്ചായത്താഫീസിനു പിന്നിലുള്ള റോഡിൽ പാലം ആവശ്യമാണ്.

പരിസ്ഥിതി പ്രശ്നങ്ങളും സാധ്യതകളും

പുതുതായി റോഡു നിർമ്മിക്കുമ്പോൾ പാർശ്വങ്ങളിൽ മരങ്ങൾ നടേണ്ടതും സംരക്ഷണചുമതല പൊതുസ്ഥാപനത്തിനാൽ തൊടടുത്ത ഭൂമിയുടെ ഉടമയ്ക്ക് ഉത്തരവാദിത്വമുള്ളതാണെന്ന് ബോധ്യപ്പെടുത്തി ഉറപ്പു വരുത്തേണ്ടതുമാണ്. പുതുതായി നിർമ്മിക്കുന്ന റോഡുകൾക്ക് ഭൂരിപക്ഷവും ജനപങ്കാളിത്തം ഉപയോഗപ്പെടുത്തേണ്ടതും ഇതിനു വേണ്ടി നിർമ്മിക്കപ്പെടുന്ന റോഡിന്റെ ഗുണഭോക്താക്കളുടെ ഒരു ജനകീയ കമ്മറ്റി രൂപീകരിക്കേണ്ടതുമാണ്. മണ്ണൊലിപ്പിനും, നീർക്കെട്ടിനും പരിഹാരമായി ആവശ്യം വേണ്ട സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും പാർശ്വസംരക്ഷണ ഭിത്തികളും നിർമ്മിച്ച് റോഡിന്റെ സംരക്ഷണം ഉറപ്പു വരുത്തേണ്ടതാണ്. പാർശ്വഭിത്തികളൊഴിച്ച് റോഡിന് കുറഞ്ഞത് 4 മീ. എങ്കിലും വീതി വേണമെന്ന് നിഷ്കർഷിക്കണം.

റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുവാനും പുതിയ റോഡുകൾ നിർമ്മിക്കുവാനും ജനപങ്കാളിത്തത്തിനു പുറമെ വരുന്ന തുക വാർഡിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ചിലവഴിക്കപ്പെടുന്നത് ഗുണകരമായിരിക്കും.

ഊർജ്ജം

ആധുനിക പുരോഗതിയുടെ അടിസ്ഥാന ഘടകമായ വൈദ്യുതി പഞ്ചായത്തിൽ ബഹുഭൂരിപക്ഷം സ്ഥലത്തും എത്തിയിട്ടില്ല. പഞ്ചായത്തിൽ ഒരു 66 കെ.വി. സബ്ബ് സ്റ്റേഷൻ ഉണ്ടായിട്ടു പോലും വോൾട്ടേജ് പ്രശ്നം നിലനിൽക്കുകയാണ്. 60.79. ച.കി.മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 7795 വീടുകൾ ഉള്ളത്തിൽ 1741 വീടുകളിൽ മാത്രമാണ് വൈദ്യുതി ലഭ്യമായിട്ടുള്ളത്. പഞ്ചായത്തിലുള്ള ജനങ്ങൾ വൈദ്യുതി ചാർജ്ജ് അടക്കാൻ കി.മീ.കൾ അകലെയുള്ള ചിറ്റൂരിനും, തത്തമംഗലത്തും പോകുന്നു. വളരെ കുറച്ചു പേർക്കു മാത്രമാണ് അയ്യപ്പൻകാവിലുള്ള ഓഫീസിൽ ചാർജ്ജ് അടക്കുവാൻ കഴിയുന്നത്. പഞ്ചായത്തിലെ ജനങ്ങൾക്ക് വൈദ്യുതിയെ സംബന്ധിച്ച എന്തെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കാനും കണക്ഷൻ കിട്ടുന്നതിനും മറ്റും ചിറ്റൂരിൽ പോകേണ്ടുന്ന പരിതസ്ഥിതിയാണുള്ളത്.

വൈദ്യുത ലൈനുകളുടെ സമീപത്തുള്ള മരങ്ങളിൽ നിന്നും മരച്ചില്ലകൾ വീണ് പലപ്പോഴും വൈദ്യുതി തടസ്സം സംഭവിക്കാറുണ്ട്. ഇത് വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കാറുമില്ല.

വല്ലപ്പോഴും ഇത്തരം മരച്ചില്ലകൾ മുറിച്ചു മാറ്റാൻ കോൺട്രാക്ട് എടുക്കുന്നവർ, ഉപദ്രവകരമായ മരച്ചില്ലകൾ എല്ലാം തന്നെ മുറിച്ചു മാറ്റുകയോ കാര്യക്ഷമമായി പ്രവർത്തിക്കുകയോ ചെയ്തു കാണുന്നില്ല. ഇതിനു പുറമെ ഇത്തരം ജോലി ഏറ്റെടുത്ത് ചെയ്യുന്നവർ യാതൊരു ഉത്തരവാദവുമില്ലാത്ത ആരെയെങ്കിലും ഏൽപ്പിച്ച് പണി പൂർത്തിയാക്കിയതായി ബോധ്യപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. കൃത്യമായ മേൽനോട്ടത്തിന്റെ കുറവാണിതു കാണിക്കുന്നത്.

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളിൽ നിന്നും ലൈൻ പോകുന്ന ഭാഗങ്ങളിൽ കാർഷികാവശ്യങ്ങൾക്കു വേണ്ടി ധാരാളം മോട്ടോർ കണക്ഷനുകൾ നൽകിയിട്ടുണ്ട്. ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റിയിൽ കവിഞ്ഞ അളവിൽ മോട്ടോർ കണക്ഷൻ നൽകിയതു കൊണ്ട് പല മോട്ടോറുകളും പ്രവർത്തിക്കാതിരിക്കുകയാണ്. ഇപ്രകാരം സംഭവിക്കുന്നതുകൊണ്ട് നിലവിലുള്ള ട്രാൻസ്ഫോർമറുകൾക്ക് കേടു സംഭവിക്കാൻ സാധ്യതയുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. തെരുവു വിളക്കുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല
3. പഞ്ചായത്തിലെ എല്ലാ പട്ടികജാതി – പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.
4. പ്രസരണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധ കുറവ്
5. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയിൽ കവിഞ്ഞ കണക്ഷൻ നൽകൽ. വിളയോടി 66 കെ.വി. 240 കെ.വി. ആയി ഉയർത്തണം.
6. ഉപഭോക്താക്കൾക്കുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിൽ ജീവനക്കാരുടെ വീഴ്ച
7. അശാസ്ത്രീയമായ സ്ലാബ് സമ്പ്രദായം
8. വയറിങ്ങ് പൂർത്തിയായ വീടുകളിൽ കണക്ഷൻ നൽകാൻ കാലതാമസം നേരിടുന്നു.
9. എല്ലാ പ്രധാന റോഡുകളിലും ജംഗ്ഷനുകളിലും സ്ട്രീറ്റ് ലൈറ്റ് ഇല്ല.
10. പഞ്ചായത്തിൽ പല ഭാഗങ്ങളിലും ഇലക്ട്രിക് പോസ്റ്റുകൾ കേടു വന്നു നിൽക്കുന്നു.
11. ബഹുഭൂരിപക്ഷം വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ ഇല്ല.

നിർദ്ദേശങ്ങൾ

1. വാരിക്കാട്ടു ചള്ള, അയ്യംപാടം, വേലാംകൊളുമ്പ്, വവ്വാക്കോട് ലക്ഷം വീട് കോളനി, പുതുശ്ശേരി, അലയാർ ലക്ഷം വീടു കോളനിക്കു സമീപം, തണ്ണികുണ്ട്, ചാമിയാർ കളം, പ്ലാച്ചിമട കോളനി, വിജയനഗർ അഞ്ചുവള്ളക്കാട്, മുള്ളൻതോട്, ആർ.പി.കോളനി,ഭാരതിനഗർ, സൂരിപ്പാറ കോളനി, സ്രാമ്പി, കരുപ്പെട്ടി തുറക്കാട്, മാമരത്തുക്കാട്, രാമർപണ്ണ, മുത്തുസ്വാമിപുതൂർ, കൂട്ടുക്കാരക്കാട്, ചാത്തപ്പൻകുടം എന്നീ പ്രദേശങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കുക.

2. വൈദ്യുതി വിതരണവും മേൽനോട്ടവും പഞ്ചായത്തിനെ ഏൽപ്പിക്കുക.

3. എല്ലാ പട്ടികജാതി – പട്ടിക വർഗ്ഗ കോളനികളിലും വൈദ്യുതി എത്തിക്കുക.
4. വൈദ്യുത തടസ്സം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ മോൽനോട്ടം പഞ്ചായത്തിനെ നൽകുക. വിളയോട് 66 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി.യായി മാറ്റുക.
5. ശക്തികൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
6. ഉപഭോക്താക്കൾക്കുണ്ടാവുന്ന ബുദ്ധിമുട്ടൊഴിവാക്കാൻ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണം പഞ്ചായത്തിന്റെ മേൽനോട്ടത്തിലാക്കുക.
7. സെൽഫ് റീഡിങ്ങ് സമ്പ്രദായം നടപ്പിലാക്കുകയോ ഉപയോഗിച്ച വൈദ്യുതിക്കു ചാർജ്ജ് ഈടാക്കുകയോ ചെയ്യുക.,
8. വയറിംഗ് പൂർത്തിയാക്കിയ എല്ലാ വീടുകൾക്കും ഉടനെ തന്നെ കണക്ഷൻ നൽകുക.
9. പഞ്ചായത്തിന്റെ സമ്പത്തിന്റെ അടിസ്ഥാനത്തിലും പ്രാധാന്യം കണക്കിലെടുത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
10. കേടുപാടുകൾ സംഭവിച്ച ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്.
11. എല്ലാ വീടീകളിലും ചിറ്റൂർ ബ്ലോക്ക് പരിധിയിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

പഞ്ചായത്തിൽ ഒരു സബ് ഇഞ്ചിനീയറിംഗ് ഓഫീസെങ്കിലും അനുവദിച്ച് പ്രവർത്തിപ്പിച്ചാൽ ഒരു പരിധിവരെയെങ്കിലും ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാം. പഞ്ചായത്തിൽ പല ഭാഗങ്ങളിലുമുള്ള വൈദ്യുതി ലൈനുകൾ വളരെ താഴ്ന്ന് കിടക്കുന്നു. ഇതു വലിച്ചു മുറിക്കിയാൽ അപകടം ഒഴിവാക്കുന്നതിന് പുറമെ പ്രസരണ നഷ്ടം കുറയ്ക്കാനും കഴിയും. പഞ്ചായത്തിൽ ഇപ്പോൾ 356 കി.മീ. വൈദ്യുതി ലൈനുകളുണ്ട്. മൂലത്തറ ലിഫ്റ്റ് ഇറിഗേഷനു വേണ്ടി ഉപയോഗിച്ച വൈദ്യുതി ചാർജ്ജ് സർക്കാർ ഇളവു ചെയ്യേണ്ടതാണ്.

മാർക്കറ്റ്

പഞ്ചായത്തിൽ ഉപഭോക്തൃസംസ്ക്കാരമാണ് നിലനിൽക്കുന്നത്. ഇതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷം വസ്തുക്കളും തൊട്ടടുത്തുകിടക്കുന്ന തമിഴ്നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ് പതിവ്. ഇവയിൽ പച്ചക്കറി ഉത്പന്നങ്ങൾ ബുധൻ, ഞായർ എന്നീ ദിവസങ്ങളിൽ വണ്ടിത്താവളം ചന്തയിൽ വിൽക്കപ്പെടുന്നു. ചന്തയിലെ ചെറുകിടക്കാർക്ക് ഇരുന്ന് കച്ചവടം നടത്താൻ ഓല ഷെഡുകളാണുള്ളത്. മഴക്കാലത്ത് സുഗമമായ കച്ചവടത്തെ ഇത് ബാധിക്കുന്നു.

തമിഴ്നാട്ടിൽ നിന്നും വരുന്ന കച്ചവടക്കാർക്ക് പഞ്ചായത്തിലെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മൊത്തമായി വാങ്ങുന്നതിനായി മീനാക്ഷിപുരത്ത് സ്വകാര്യ സ്ഥലത്ത് ഒരു ചന്ത ഉണ്ട്. തമിഴ്നാട്ടിലേക്കു കൊണ്ടു പോകുന്ന ഉൽപ്പന്നങ്ങൾ തന്നെയാണ് ബുധൻ, ഞായർ എന്നീ ദിവസങ്ങളിൽ വണ്ടിത്താവളം ചന്തയിൽ വിൽക്കപ്പെടുന്നത്.

പ്രധാന വിളയായ നെല്ല്, നാളികേരം എന്നിവയ്ക്ക് പഞ്ചായത്തിൽ പൊതു വിപണിയില്ല. നെല്ല് പെരുമാട്ടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ശേഖരിച്ചു വരുന്നു.

നിർദ്ദേശങ്ങൾ

1. മീനാക്ഷിപുരം, കന്നിമാരി, വിളയോടി, അത്തിമണി എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോർ സ്ഥാപിക്കുക.
2. മീനാക്ഷിപുരം, വിളയോടി, അത്തിമണി എന്നീ സ്ഥലങ്ങളിൽ പച്ചക്കറി മാർക്കറ്റ് സ്ഥാപിക്കണം.
3. പ്രധാന ഉൽപ്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവ സംസ്കരിച്ച് വിപണനം ചെയ്യാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. (വ്യവസായ റിപ്പോർട്ട് കാണുക)
4. മീനാക്ഷിപുരം കേന്ദ്രമായി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി വിപണനം ചെയ്യാനുള്ള കേന്ദ്രം തുടങ്ങുക.
5. അരിയൊഴികെയുള്ള നിത്യോപയോഗ സാധനങ്ങൾ വിതരണത്തിനായി സഹകരണാടിസ്ഥാനത്തിൽ ഒരു കൺസ്യൂമർ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.
6. നാഷണലൈസ്ഡ് ബാങ്ക്, എൽ.ഐ.സി. എന്നിവയുടെ സാമ്പത്തിക സഹായത്തോടു കൂടി പഞ്ചായത്തിലെ മാർക്കറ്റ് വിപുലപ്പെടുത്തി ദിവസചന്തയായി മാറ്റുക.

വാർഡ്	വിളക്കുകളുടെ എണ്ണം				ആകെ
	വേപ്പർ ലാമ്പ്	ഫ്ളൂ.ട്യൂബ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
I	2	2	35	-	39
II	2	2	36	-	40
III	1	-	25	-	26
IV	2	2	20	-	24
V	1	-	25	-	26
VI	1	2	30	-	33
VII	4	-	25	-	29
VIII	3	-	15	-	18
IX	2	1	40	-	43
X	4	2	40	-	46
XI	1	-	25	-	26
ആകെ	23	11	316	-	350

6.7

പാർപ്പിടവും സാമൂഹ്യക്ഷേമവും

സ്വാതന്ത്ര്യം നേടി അരനൂറ്റാണ്ടോളം പിന്നിട്ടിട്ടും ജനസംഖ്യയിൽ പകുതിയിലധികവും സ്വന്തം പാർപ്പിടമില്ലാതെ പുലർന്നു പോരുന്ന പ്രശ്നസങ്കീർണ്ണമായ രാജ്യമാണ് ഇന്ത്യ. ഈ അവസ്ഥയുടെ പരിച്ഛേതമാണ് പെരുമാട്ടിയും. ദരിദ്രരും, തൊഴിൽരഹിതരും, നിരക്ഷരരും ധാരാളമുള്ള ഈ പഞ്ചായത്തിന്റെ മുഖ്യ പ്രശ്നം പാർപ്പിടത്തിന്റേതു തന്നെയാണ്. നിലനിൽപ്പിന്റെ സുധാരമായ പാർപ്പിടം ഒരു പ്രശ്നമായി ഭീഷണിപ്പെടുത്തുമ്പോൾ സാമൂഹികക്ഷേമത്തെ കുറിച്ച് വ്യാകുലപ്പെടുന്നതിൽ അർത്ഥമില്ല. ആരോഗ്യകരമായ സഹവർത്തിത്വവും, ആശാവഹമായ പ്രവർത്തനങ്ങളുടെ അരക്ഷിതാവസ്ഥയിൽ നിന്നോ അക്ഷരശൂന്യതയിൽ നിന്നോ പ്രതീക്ഷിക്കാനാവില്ലല്ലോ. ഭരണനേതൃത്വത്തിൽ നിന്നും സത്വരമായ നടപടികളും സഹായങ്ങളും പഞ്ചായത്തു മുഖേനയുണ്ടായെങ്കിൽ അടുത്ത അഞ്ചു വർഷം കൊണ്ട് ഗുരുതരമായ ഈ പ്രശ്നങ്ങൾ ഒട്ടൊക്കെ പരിഹരിക്കാവുന്നതേയുള്ളൂ.

പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും അത്ര പുരോഗമനം വന്നിട്ടുള്ള പഞ്ചായത്തല്ല ഇത്. ഈ പഞ്ചായത്ത്, വണ്ടിത്താവളം, പെരുമാട്ടി, മൂലത്തറ എന്നീ മൂന്നു വില്ലേജുകൾ ചേർന്നതാണ്.

പഞ്ചായത്തിലെ ആകെ വരുമാനം കാർഷിക ലേമഖലയെ ആശ്രയിച്ചു നിൽക്കുന്നു. 80 ശതമാനം ജനങ്ങളും കൃഷിപ്പണിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതിനു ശേഷം മാത്രമാണ് ബഹുഭൂരിപക്ഷം ജനങ്ങൾക്കും സ്ഥലം സ്വന്തമായി ലഭിച്ചത്.

താമസയോഗ്യമായ വീടുകളുടെ അപര്യാപ്തത പഞ്ചായത്തിലെ മൊത്തം പ്രദേശങ്ങളിലും ഉണ്ടെങ്കിലും കൂടുതലായിട്ടുള്ളത് തമിഴ്നാടിനോടു ചേർന്നു കിടക്കുന്ന പഞ്ചായത്തിന്റെ അതിർത്തി പ്രദേശമായ മൂലത്തറ വില്ലേജിലാണ്. ഇവിടെ ഇപ്പോഴും കൃഷിക്കാരന്റെ സ്ഥലത്ത് കൃഷിക്കാരൻ കെട്ടികൊടുത്ത ചാളകളിൽ താമസിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ ധാരാളമുണ്ട്.

വാർഡ് നമ്പർ	കെട്ടിടങ്ങളുടെ എണ്ണം	കോൺക്രീറ്റ്	ഓട്	ഓല
I	675	63	400	212
II	885	39	568	278
III	887	13	469	395
IV	710	14	369	317
V	698	14	253	431
VI	992	47	323	622
VII	610	52	453	105
VIII	678	13	318	347
IX	510	16	170	314
X	644	18	383	243
XI	536	12	174	350
ആകെ	7795	301	3880	3614

പഞ്ചായത്തിലെ ആകെയുള്ള 7795 വീടുകളിൽ 301 വീടുകൾ കോൺക്രീറ്റും, 3880 വീടുകൾ ഭേദപ്പെട്ടതും 3614 വീടുകൾ ഓലമേഞ്ഞതുമാണ്.

ഭവനനിർമ്മാണ രംഗത്ത് പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ ചിറ്റൂർ ശാഖയും ചിറ്റൂർ കാർഷിക വികസന ബാങ്കും, വടവന്നൂർ റൂറൽ ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും മൂലത്തറ പെരുമാട്ടി സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കുകളും പഞ്ചായത്തിലെ ജനങ്ങൾക്ക് വീടു വെയ്കുവാൻ വായ്പ നൽകി വരുന്നു. ഇവർ ക്രമാതീതമായ പലിശ ഈടാക്കുന്നതിനു പുറമെ ഭാരിച്ച ബുദ്ധിമുട്ടുണ്ടാക്കുന്ന ജാമ്യ വ്യവസ്ഥയും നിലവിലുള്ളതുകൊണ്ട് പലരും ഇവരിൽ നിന്ന് വായ്പ സ്വീകരിച്ച് വീട് നിർമ്മിക്കുവാൻ താൽപ്പര്യം കാണിക്കുന്നില്ല.

പഞ്ചായത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് വീട് വെയ്ക്കുവാനുള്ള വായ്പ ഉദാരമാക്കിയാൽ താമസയോഗ്യമായ വീടുകൾ നിർമ്മിക്കുവാൻ കഴിയും. ചില നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. വായ്പാക്കാരൻ നിർമ്മിക്കുന്ന വീടും അതു നിൽക്കുന്ന സ്ഥലവും ഈടായി സ്വീകരിച്ച് വായ്പ അനുവദിക്കുക.
2. പലിശ നിരക്ക് സർക്കാർ വകുപ്പുകളിൽ നൽകുന്ന തോതിലാക്കുക.
3. സഹകരണ ബാങ്കുകൾ മറ്റു സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവ സ്ഥലം വാങ്ങി പ്ലോട്ടുകൾ തിരിച്ച് വീട് വെച്ച് നൽകുക.അതിനു വരുന്ന വിലയും പലിശയും മാസഗഡുക്കളായി ബാങ്ക് സ്വീകരിക്കുക.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ കൃഷിക്കാർക്ക് കെട്ടികൊടുത്ത ഷെഡ്ഡുകളിൽ താമസിക്കുന്നവരും പുറമ്പോക്കിൽ താമസിക്കുന്നവരും സ്ഥലവും വീടും ഇല്ലാത്തവരാണ്. ഇവരിൽ പുറമ്പോക്ക് കൈവശമുള്ളവർക്ക് ഭൂമി പതിച്ചു കൊടുത്ത് വീട് വയ്ക്കുവാൻ ധനസഹായം അനുവദിക്കുകയും കൃഷിക്കാരുടെ ഷെഡ്ഡുകളിൽ താമസിക്കുന്നവർക്ക് കുടികിടപ്പു പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

	പ്രശ്നങ്ങൾ	നിർദ്ദേശങ്ങൾ
1.	ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമല്ല.	കെട്ടിടനിർമ്മാണസാമഗ്രികൾ വിതരണം ചെയ്യുവാനുള്ള സഹകരണ സംഘം രൂപീകരിക്കുക.
2.	സർക്കാർ ലഭ്യമാക്കുന്ന സാമ്പത്തികവും സാങ്കേതികവുമായ അറിവില്ലായ്മ.	വിവിധ ഭവനനിർമ്മാണ ഏജൻസികൾ ജനങ്ങളെ കാലാകാലങ്ങളിൽ ബോധവൽ ക്കരണം നടത്തുക.
3.	ഓരോ വകുപ്പുകളും വ്യത്യസ്തമായ രീതികളും വ്യവസ്ഥകളും അനുവർത്തിക്കുന്നു.	വീട് വയ്ക്കുവാനുള്ള വായ്പയും ധന സഹായവും ഏതു വകുപ്പുകൾ നൽകിയാലും അതിന്റെ അപേക്ഷകൾ സ്വീകരിക്കുന്നതും മറ്റു നടപടികളും പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതും ഏകീകൃതമായ നിയമം നടപ്പിൽ വരുത്തേണ്ടതുമാണ്.
4.	മുമ്പു നിർമ്മിച്ച ലക്ഷം വീടുകൾ താമസയോഗ്യമല്ലാതായിരിക്കുന്നു.	പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കേടു പാടുകൾ തീർത്ത് താമസയോഗ്യമാക്കേണ്ടതാണ്
5.	പുറംമ്പോകിൽ താമസിക്കുന്ന എല്ലാ വിഭാഗക്കാർക്കും താമസൗകര്യമില്ല. സ്വന്തം സ്ഥലമില്ലാത്തതിനാൽ ആനുകൂല്യങ്ങൾ ലഭ്യമല്ല.	റവന്യൂ, ഇറിഗേഷൻ,പൊതുമരാമത്ത് എന്നീ വിഭാഗങ്ങൾ ഒത്തുചേർന്ന പുറമ്പോക്കു സ്ഥലം, കൈവശമിരിക്കുന്നവർക്കു തന്നെ പതിച്ചുനൽകുകയും വീട് വെയ്ക്കുവാൻ ധനസഹായം നൽകുകയും ചെയ്യുക.

6.	ഭവനനിർമ്മാണ സാധനസാമഗ്രികളുടെ വിലവർദ്ധനവ് ഉപഭോക്താവി നെ ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയും കൊണ്ടെത്തിക്കുന്നു.	ചിലവുകുറഞ്ഞ വീടുകൾ വയ്ക്കുവാനുള്ള ബോധവൽക്കരണം നടത്തുക.(നിർമിതി മുതലായ ഏജൻസികളുടെ സഹായത്തോടു കൂടി)
7.	സർക്കാർ വിവിധ പദ്ധതികളിൽ അനുവദിക്കുന്ന വായ്പയും ധനസഹായവും പര്യാപ്തമല്ല	വീട് നിർമ്മാണ സാമഗ്രികളുടെ വിലയെ അടിസ്ഥാനപ്പെടുത്തി, തുക അനുവദിക്കുന്നത് ഉയർത്തുക.
8.	മീനാക്ഷിപുരം പട്ടികജാതി കോളനിയിൽ താമസയോഗ്യമായ വീട് നിർമ്മിക്കുവാനുള്ള സ്ഥലമില്ല. 247 കുടുംബങ്ങൾ ഇവിടെ താമസിക്കുന്നു.	സർക്കാർ കെട്ടികൊടുത്തിട്ടുള്ള വീടുകൾ ഒഴിച്ചുള്ള ഭാഗങ്ങളിൽ ലക്ഷം വീട് മതുകയിൽ ഗ്രൂപ്പ് ഹൗസ് അനുവദിക്കുക.
9.	പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക പര്യാപ്തമല്ല.	തുക വർദ്ധിപ്പിക്കണം

പഞ്ചായത്തിൽ പട്ടികജാതി / പട്ടിക വർഗ്ഗക്കാർ കൂടുതലുണ്ടെങ്കിലും 218 വീടുകൾ മാത്രമെ വായ്പയും ധനസഹായവും കൊണ്ട് നിർമ്മിച്ചിട്ടുള്ളൂ. പ്ലാനിംഗിലുള്ള അപാകതയാണ് ഇത് ചൂണ്ടികാണിക്കുന്നത്.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ഭൂമിയില്ലാത്ത ധാരാളം പട്ടികജാതി / പട്ടികവർഗ്ഗക്കാരുണ്ട്. ഇവരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ ഭൂമി ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഈ പ്രദേശത്ത് തന്നെ 100 കണക്കിന് ഏക്കർ സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലാണ് ഇതുകൊണ്ട് വകുപ്പിനോ ജനങ്ങൾക്കോ പഞ്ചായത്തിനോ യാതൊരു ഗുണവുമില്ല. ഈ സാഹചര്യത്തിൽ ഇറിഗേഷൻ വകുപ്പും റവന്യൂ വകുപ്പും പഞ്ചായത്തും കൂടി കൂട്ടായി വീടില്ലാത്ത പട്ടിക ജാതി / പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസത്തിന് അനുഗുണമായ നടപടി സ്വീകരിച്ചാൽ, പഞ്ചായത്തിലെ കിഴക്കൻ മേഖലയിലുള്ള വീടും ഭൂമിയുമില്ലാത്തവരെ സഹായിക്കാൻ കഴിയും.

നിലവിലുള്ള പുനഃരധിവാസ പദ്ധതി പ്രകാരം പഞ്ചായത്ത് ഭൂമി ഏറ്റെടുത്ത് സ്ഥലമില്ലാത്തവർക്ക് കൊടുക്കുകയാണ് പതിവ്. ഈ രീതിക്ക് പകരമായി പഞ്ചായത്ത് ഏറ്റെടുക്കുന്ന സ്ഥലത്ത് ഗ്രൂപ്പ് ഹൗസുകൾ നിർമ്മിച്ച് ഇത്തരക്കാർക്ക് നൽകുന്നത് കൂടുതൽ ഗുണകരമാകും. ഇതിനുള്ള പണം ഹൗസിങ്ങ് ബോർഡ്, പട്ടിക ജാതി വെൽഫേർ ഡിപ്പാർട്ടുമെന്റ് മറ്റു സർക്കാർ ധനസഹായ സ്ഥാപനങ്ങൾ എന്നിവയിൽ കൂടി ലഭ്യമാക്കാൻ കൂടാതെ നാഷണലൈസഡ്

ബാങ്കുകൾ, എൽ.ഐ.സി. മുതലായവയെ കൊണ്ട് സ്ഥലം ദത്തെടുപ്പിച്ച് ഇങ്ങിനെയുള്ളവർക്ക് വീടും സ്ഥലവും സൗജന്യമായി നൽകുന്നതിന് ശ്രമിക്കുക.

വീടു നിർമാണത്തിനു വേണ്ടി പല ഏജൻസികളും വായ്പകൾ നൽകുന്നത് വ്യത്യസ്ഥ പലിശ നിരക്കുകളിലാണ് ഇത് ഏകീകരിക്കുകയും പലിശ കുറയ്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതിനു പുറമെ സന്നദ്ധ സംഘടനകളുടെയും മറ്റും പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇന്ന് നിലവിലുള്ള പല ഏജൻസികളും ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്നത് അവരവർ തന്നെയാണ് ഇതിൽ മാറ്റം വരുത്തി ഗുണഭോക്താവിനെ തിരഞ്ഞെടുക്കേണ്ടുന്ന പൂരണ്ണ ചുമതല പഞ്ചായത്തയിനെ ഏൽപ്പിക്കേണ്ടതാണ്.

മീനാക്ഷിപനുരം പട്ടികജാതി കോളനിയിൽ രണ്ടേക്കറിനു താഴെ വിസ്തീർണ്ണമുള്ള സ്ഥലത്ത് 247 കുടുംബങ്ങൾ താമസിക്കുന്നു. ഓരോ കുടുംബത്തിനും വളരെ കുറച്ച് സ്ഥലം മാത്രമാണുള്ളത്. ഇത്തരം കോളനികളിൽ ഫ്ളാറ്റ് സിസ്റ്റം നടപ്പിലാക്കുന്നത് ഗുണകരമായിരിക്കും ഇതിന് രാജീവ് മെമ്മോറിയൽ ട്രസ്റ്റ്, ഇന്ദിര ആവാസ് യോജന എന്നീ ദേശീയ ഏജൻസികളേയും ഡാനിഡാ എന്ന വിദേശ ഏജൻസിയേയും പ്രയോജനപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിന്റെ പരമപ്രധാന ലക്ഷ്യമായ പാർപ്പിട പ്രശ്നം 5 വർഷം കൊണ്ട് പൂർണ്ണമായില്ലെങ്കിലും പരമാവധി പരിഹരിക്കാൻ നമ്മുക്ക് കൂട്ടായി പ്രയത്നിക്കാം.

സാമൂഹ്യക്ഷേമം

ഇന്ത്യ റിപ്പബ്ലിക് ആയതോടു കൂടി സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനു വേണ്ടി പല ക്ഷേമപദ്ധതികളും അംഗീകരിച്ച് ബ്ലോക്ക് തലത്തിൽ നടപ്പാക്കി തുടങ്ങി. പ്രധാനമായി ദാരിദ്ര്യ മേഖലയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. മുൻകാലങ്ങളിൽ ഭരണ നേതൃത്വം കാല-ദേശ പരിജ്ഞാനമില്ലാത്ത പ്ലാനിംഗുകൾ നടപ്പിലാക്കിയതു കൊണ്ട് ലക്ഷ്യസ്ഥാനത്തെത്താൻ കഴിഞ്ഞില്ല.ഇക്കാരണത്താൽ പഞ്ചായത്തിൽ വളരെ ചുരുക്കം ആളുകൾക്കു മാത്രമെ ഇതിന്റെ ഗുണം ലഭ്യായിട്ടുള്ളൂ.

സ്ത്രീകളുടെ വികസനത്തിനായി വനിതാ വികസന കോർപ്പറേഷനും പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് പട്ടിക ജാതി വികസന കോർപ്പറേഷനും നിലവിലുണ്ട്.ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ലാതെ നീങ്ങുന്നു.

വിദ്യാഭ്യാസപരമായി പഞ്ചായത്ത് വളരെ പിന്നിലായതിനാൽ പദ്ധതിയെ കുറിച്ചുള്ള വിവരം ലഭിക്കായ്ക, ക്ഷേമപ്രവർത്തനങ്ങളുടെ ഓഫീസുകൾ പ്രാദേശിക തലത്തിൽ ഇല്ലാത്തു, ബാങ്കുകളുടെ കർക്കശമായ വ്യവസ്ഥകൾ എന്നിവ ക്ഷേമപ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു. ചിറ്റൂർ

ബ്ലോക്കിലെ മൂന്നു VEO മാർ മുഖേനയാണ് പഞ്ചായത്തിൽ സേവനം ലഭിക്കുന്നത്. IRDP സർവ്വേ പ്രകാരം 1992 മുതൽ 1996 വരെ 2498 ദരിദ്ര കുടുംബങ്ങൾ ഉണ്ടെന്നു കണ്ടെത്തി ഇതിൽ 740 പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടുന്നു. കഴിഞ്ഞ കാലത്ത് 223 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. ഇതിൽ 120 കുടുംബങ്ങൾ പട്ടികജാതി പട്ടിക വർഗ്ഗക്കാരാണ്.

ഐ.ആർ.ഡി.പി. സർവ്വേ പട്ടിക 92-96

വാർഡ് നമ്പർ	ആകെ കുടുംബങ്ങളുടെ എണ്ണം	എസ്.സി./ എസ്.ടി കുടുംബങ്ങൾ	സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	എസ്.സി/ എസ്.ടി	സഹായംലഭിച്ചതു വഴി ദാരിദ്രരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ
I	182	27	18	6	18	164
II	419	96	22	14	22	397
III	403	83	25	16	25	378
IV	198	77	17	13	17	181
V	269	85	24	13	24	245
VI	217	75	20	10	20	197
VII	136	17	28	11	28	108
VIII	189	79	15	7	15	174
IX	156	121	21	9	21	135
X	163	19	15	9	15	148
XI	166	61	18	8	18	148
ആകെ	2498	740	223	116	223	2275

ഐ.ആർ.ഡി.പി. സഹായലഭ്യത പട്ടിക				
വർഷം	സഹായം ലഭിച്ച കുടുംബങ്ങൾ	വായ്പാ സംഖ്യ	സബ്സിഡി സംഖ്യ	ആകെ സംഖ്യ
92/93	65	211577	184204	395781
93/94	64	371295	187121	558416
94/95	53	452500	225320	677820
95/96	47	487114	209486	696600
92/96	229	1522486	806131	2328617

കഴിഞ്ഞ പദ്ധതിക്കാലത്ത് നൽകിയ സാമ്പത്തിക സഹായ പദ്ധതിയെ കുറിച്ചുള്ള വിശദവിവരങ്ങളാണ് മുകളിൽ കാണിച്ചിരിക്കുന്നത്.

DWCRA സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും പുരോഗതിക്കു വേണ്ടി കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ പദ്ധതിയാണ് ഇത്. പഞ്ചായത്തിൽ 1988 ൽ 7 പട്ടിക ജാതിക്കാർ ഉൾപ്പെടെ 15 അംഗങ്ങൾ ചേർന്ന ഒരു ആടു വളർത്തൽ പദ്ധതി തുടങ്ങി ഇതിപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്നു. 20 പേർ ചേർന്നു തുടങ്ങിയ അരി പൊടിക്കുന്ന യൂണിറ്റും, 10 പേർ ചേർന്ന് തുടങ്ങിയ അഗർബത്തി യൂണിറ്റും, 15 പേർ ചേർന്ന് തുടങ്ങിയ പുൽപ്പായ നെയ്ത്ത് യൂണിറ്റും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗുണപ്രദമായി രീതിയിലല്ല മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. 15 പേർ ചേർന്ന് തുടങ്ങിയ ഫൈബർ പ്രോസ്സസ് യൂണിറ്റും ഇപ്പോൾ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളെല്ലാം തന്നെ ഗുണപ്രദമായ രീതിയിൽ പ്രവർത്തിക്കാത്തതിന്റെ പ്രധാന കാരണം; ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിൽക്കുവാൻ പറ്റിയ രീതിയിലുള്ള വിപണന കേന്ദ്രങ്ങളുടെ അഭാവമാണ്.

ട്രൈസം പദ്ധതി

തൊഴിൽ പരിശീലന പദ്ധതിയായ ട്രൈസം പദ്ധതിയിലേക്ക് മൂലത്തറ വില്ലേജിൽ നിന്ന് ഇതുവരെ ആരും പങ്കെടുത്തിട്ടില്ല, കാരണം പരിശീലന കേന്ദ്രത്തിലേക്കുള്ള ദൂരവും സാമ്പത്തിക പരാധീനതയുമാണ്. പെരുമാട്ടി, വണ്ടിത്താവളം എന്നീ വില്ലേജുകളിൽ ട്രാക്ടർ മെക്കാനിക്, പ്രിന്റിങ്ങ്, പ്ലംബിങ്ങ്, വെൽഡിങ്ങ്, വീവിങ്ങ് ഷീറ്റ് മെറ്റൽ, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, ഇലക്ട്രീഷ്യൻ എന്നീ വിഷയങ്ങളിൽ 22 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

ടൂൾകിറ്റ് പദ്ധതി

ഗ്രാമീണ കൈത്തൊഴിലാളികളിൽ മൂലത്തറ വില്ലേജിൽ 12 പേർക്കും പെരുമാട്ടി വില്ലേജിൽ 22 പേർക്കും വണ്ടിത്താവളം വില്ലേജിൽ 6 പേർക്കും സഹായം ലഭിച്ചു.

CRSP പദ്ധതി

ദാരിദ്ര രേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്. മൂലത്തറ വില്ലേജിൽ 32 എണ്ണം അനുവദിച്ചതിൽ 18 എണ്ണവും പെരുമാട്ടി വണ്ടിത്താവളം വില്ലേജിൽ 62 എണ്ണം അനുവദിച്ചതിൽ 56 എണ്ണവും പൂർത്തിയാക്കിയിട്ടുണ്ട്. ഇനി 1835 വീടുകൾക്ക് കക്കൂസ് ആവശ്യമാണ്.

സാമൂഹ്യ വനവൽക്കരണ പദ്ധതി

1992-93 ൽ വണ്ടിത്താവളം വില്ലേജിൽ പുതുശ്ശേരി മഹിളാ സമാജം വഴി വനിതകൾക്ക് തേക്ക്, വീട്ടി, പ്ലാവ് എന്നിവയുടെ 6000 തൈകൾ വിതരണം നടത്തിയിട്ടുണ്ട്.

IRDP ഭവനനിർമ്മാണ പദ്ധതി

പഞ്ചായത്തിൽ IRDP സർവ്വെ പ്രകാരം 1845 വീടുകൾ കണ്ടെത്തി. ഇതിൽ വിവിധ പദ്ധതികളിലായി 170 വീടുകൾ അനുവദിച്ചു. 127 വീടിന്റെ പണി പൂർത്തീകരിച്ചു, 43 വീടിന്റെ പണി പുരോഗമിക്കുന്നു. ബാക്കി 1675 വീടുകൾ IRDP സർവ്വെ പ്രകാരം അനുവദിക്കേണ്ടിയിരിക്കുന്നു.

അംഗൻവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്തെ പ്രധാന പദ്ധതിയാണ് ICDS. ചിറ്റൂർ ICDS ന്റെ കീഴിൽ പഞ്ചായത്തിൽ 11 വാർഡുകളിലായി 29 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 16 എണ്ണത്തിനു മാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. മറ്റുള്ളവ വടക സ്ഥലത്ത് ഓലപ്പുരകളിൽ ആണ്

പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ അംഗൻവാടികളുടെ പ്രവർത്തനം കുട്ടികളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനും അമ്മമാരുടെ ഇടയിൽ സംഘബോധം സൃഷ്ടിക്കുവാനും സഹായകമായിട്ടുണ്ട്. അംഗൻവാടികൾക്ക് വേണ്ടത്ര കെട്ടിടമില്ലാത്തതു കാരണം മഴക്കാലത്ത് ഓലപ്പുരകൾ ചോർന്നൊലിക്കുന്ന സ്ഥിതിയാണ്. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചക്ക് വേണ്ടത്ര കളിക്കോപ്പുകൾ അംഗൻവാടികളിലില്ല. പ്രാഥമിക സൗകര്യങ്ങളുടെ കുറവു കുട്ടികളിലും അംഗൻവാടി ജീവനക്കാരിലും അസന്തുഷ്ടി സൃഷ്ടിക്കുന്നു. അംഗൻവാടി ജീനവക്കാർക്ക് കുട്ടികളുടെ പരിചരണം കൂടാതെ ഗൃഹ സന്ദർശനവും മറ്റു സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടലും വേണ്ടി വരുന്നു. ഇത് പരിഗണിച്ചുള്ള വേതനമല്ല ഇന്ന് അംഗൻവാടി ജീവനക്കാർക്ക് ലഭിക്കുന്നത്. ഇതെല്ലാം അംഗൻവാടികളിലെ ഗുണകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

വാർഡ് നമ്പർ	അംഗൻവാടികളുടെ നമ്പരുകൾ	അംഗൻവാടികളിലെ കുട്ടികളുടെ എണ്ണം	കെട്ടിടമുള്ള അംഗൻവാടികളു നമ്പർ	കെട്ടിടസ്ഥലമില്ലാ അംഗൻവാടികളുടെ നമ്പർ
I	94;95		94;95	-
II	93;92;125;151		92;93;125	151
III	87;123;124		87;123;4	-
IV	85;86;122;126;153		-	85;86;122;126;153
V	80;82;83		82;83	80
VI	96;127		127	96
VII	91;89		89	91
VIII	84		-	84
IX	77;78		77;78	-
X	88;90;152		-	88;90;152
XI	79;81		79;81	-
	29 എണ്ണണ	612	16	13

Year	2235-02-102-98 Plan Salaries. Honorarium, T.A, Office Expenses, Rent, Diesal	2236-02-101-95 Plan Rice,Green Gram, Condiments. Fuel, Storage. Transportation
92 / 93	241797	69523
93 / 94	318963	97162
94 / 95	338045	55769
95 / 96	418243	113070
96 / 97	255451	34164

സാമൂഹ്യ ക്ഷേമപദ്ധതി പ്രകാരം ലഭിച്ച വീടുകൾ - 1996 വരെ		
പദ്ധതികളുടെണ പേര്	വാർഡ് നമ്പർ	വീടുകളുടെ എണ്ണം
ലക്ഷം വീട് കോളനി	3; 5; 11	100
ഐ.എച്ച്.ടി.പി. കോളനി	2; 3; 4; 8; 11	138
സെറ്റിൽമെന്റ് കോളനി	3; 5; 11	120
എസ്.റ്റി. കോളനി	8; 6	15
IRDP, JRY,JAY,MWS, RIEGP, MBEP	വിവിധ വാർഡുകൾ	170
	11 വാർഡുകൾ	543

CSS for SF / MF പരിപാടിയനുസരിച്ച് പഞ്ചായത്തിലുണ്ടായ ആസ്തികൾ

1995 വരെയായി പഞ്ചായത്തിൽ 22 കിണറുകളും 59 വാട്ടർ ടാപ്പുകളും കൂടാതെ 19 പമ്പ് ഹൗസുകളും 32 പമ്പ് സെറ്റുകളും നൽകി.

കേന്ദ്ര സംസ്ഥാന സർക്കാറിന്റെ സഹായത്തോടെ പഞ്ചായത്തിൽ 543 വീടുകൾ ലഭിച്ചു. ഇട് പാർപ്പിട പ്രശ്നത്തിന്റെ ഒരു ചെറിയ അംശം മാത്രമെ പരിഹരിച്ചിട്ടുള്ളു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പഞ്ചായത്തിന്റെ സർക്കാർ വക ഒരു പഞ്ചായത്ത് ഹൈസ്ക്കൂളും (1996-97) ഒരു യു.പി സ്കൂളും 2 എൽ.പി. സ്ക്കൂളുകളും പ്രൈവറ്റായി ഓരോ എൽ.പി., യു.പി., സ്ക്കൂളുകളുമുണ്ട് 60 ച .കി.മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിന് ഇത്രയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പര്യാപ്തമല്ല.

JRY ആക്ഷൻ പ്ലാൻ 1993-96

ഈ പദ്ധതിയനുസരിച്ച് എസ്.സി.എസ്.ടിക്കാർക്ക് 3,11,100 രൂപ 32 വീടുകൾ നിർമ്മിക്കുവാൻ ചിലവഴിച്ചു. 3,00,000 രൂപ ചിലവഴിച്ച് കന്നിമാരിയിൽ ഹൈസ്ക്കൂൾ നിർമ്മിച്ചു. വിവിധ വാർഡുകളിലെ റോഡു നിർമ്മാണത്തിനും റിപ്പയറിനും 6,62,400 രൂപ ചിലവഴിച്ചു. JRY ആക്ഷൻ പ്ലാനനുസരിച്ച് 12,73,500 രൂപ നമ്മുടെ പഞ്ചായത്തിൽ ചിലവാക്കിയിട്ടുണ്ട്.

തെരുവ് വിളക്കുകൾ

പഞ്ചായത്തിൽ 23 സോഡിയം വേപ്പർ വിളക്കും 11 ട്യൂബ് ലൈറ്റും 316 ബൾബുകളും കത്തിക്കുന്നതായിട്ടാണ് രേഖകളിൾ കാണുന്നത്. ഇതിന് പ്രതിവർഷം 47,400 രൂപ വൈദ്യുതി ചാർജ്ജ് അടച്ചു വരുന്നു. പണം അടവ് കൃത്യമായി നടക്കുന്നുണ്ടെങ്കിലും പല വിളക്കുകളും കൃത്യമായി കത്താറില്ല. ഈ സ്ഥിതി വിശേഷം പരിശോധനം വിധേയമാക്കേണ്ടതാണ്.

ആരോഗ്യം

ഒരു അലോപ്പതി ആശുപത്രിയും രണ്ട് ആയുർവേദ ഡിസ്പെൻസറിയും ഉണ്ട്. ഇവയുടെ നില വളരെശോചനീയമാണ്. അലോപ്പതി ആശുപത്രിക്ക് നിർമ്മിച്ച കെട്ടിടം വൈദ്യുതി, ശുദ്ധജലം ചുറ്റുമതിൽ എന്നിവയില്ലാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഇത് കൂടാതെ വിവിധ വാർഡുകളിലായി അഞ്ച് മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

ശ്മശാനം

സർക്കാർ അംഗീകരിച്ച മൂന്ന് ശ്മശാനങ്ങൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ ജനസംഖ്യയുടെയും വിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ ഇവ പര്യാപ്ത

ശുചീകരണം

പൊതു ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ മൂന്ന് പേർ വേണമെന്നിരിക്കേ രണ്ടു പേർ മാത്രമേ ഇപ്പോഴുള്ളൂ. പഞ്ചായത്തിന്റെ വിസ്തീർണ്ണത്തെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചാൽ ഒരൊഴിവ് നികത്തിയാൽ പോലും ശുചീകരണ പ്രവർത്തനം തൃപ്തികരമായി ചെയ്ത് തീർക്കുവാൻ കഴിയില്ല. ഇതിനു പുറമെ മാലിന്യങ്ങൾ സംഭരിച്ചിടുന്ന പ്രത്യേക സ്ഥലവുമില്ല.

കുടിവെള്ളം

ശുദ്ധജലാവശ്യത്തിന് 45 പൊതുകിണറും 22 പൊതു കുഴൽകിണറും പഞ്ചായത്തിൽ ഇതു വരെ നിർമ്മിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിലെ ജനങ്ങളുടെ ശുദ്ധജലാവശ്യത്തിന് പര്യാപ്തമല്ല.

വായനശാല

വിളയോടിയിൽ ഒരു ഗ്രാമീണ വായനശാലയുംപഞ്ചായത്താഫീസിനോടനുബന്ധിച്ച് ഒരു വായനശാലയും പ്രവർത്തിച്ചു വരുന്നു. മീനാക്ഷിപുരത്തുള്ള വായനശാല പ്രവർത്തന രഹിതമാണ്.

പൊതുഭക്ഷ്യവിതരണം 1995 – 96

പഞ്ചായത്തിലെ ജനസംഖ്യയിൽ റേഷൻ അനുവദിച്ചിട്ടുള്ളത് 20058 മുതിർന്നവർക്കും 3872 കുട്ടികൾക്കും കൂടി 23930 പേർക്കാണ്.

വർഷം	കാർഡുടമകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം		
	NE	E	ആകെ	മേജർ	മൈനർ	ആകെ
1	2	3	4	5	6	7
91/92	3548	1023	4571	17624	4290	21914
92/93	3530	1264	4794	18094	4502	22596
93/94	3368	1485	4853	18227	4527	22754
94/95	3388	1552	4940	18391	4596	22987
95/96	3206	1741	4947	20058	3872	23930

പഞ്ചായത്തിലെ ആകെ ജനസംഖ്യ	29658
3 വയസ്സു വരെ പ്രായമുള്ള കുട്ടികൾ	1144
റേഷൻ അനുവദിക്കേണ്ടവർ	28514
റേഷൻ അനുവദിച്ചവർ	23930
റേഷൻ അനുവദിക്കാത്തവർ	4584

മുകളിൽ കാണിച്ചിരിക്കുന്ന കണക്കു സൂചിപ്പിക്കുന്നത് പഞ്ചായത്തിലെ എല്ലാവർക്കും റേഷൻ അനുവദിച്ചിട്ടില്ല എന്നാണ്. ഏറ്റവും കൂടുതൽ കർഷകതൊഴിലാളികളുള്ള പഞ്ചായത്തിൽ 4504 ആളുകൾക്ക് റേഷൻ അനുവദിക്കാത്തതിന്റെ കാരണം പരിശോധനാ വിധേയമാക്കേണ്ടതാണ്.

ധനകാര്യ ഏജൻസികൾ

പഞ്ചായത്തിലെ 11 വാർഡുകളും പ്രവർത്തന മേഖലയായുള്ള കനറാ ബാങ്ക്, ഇന്ത്യൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ നാഷണലൈസഡ് ബാങ്കുകളും, പെരുമാട്ടി, മൂലത്തറ എന്നീ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും ഉണ്ട്. ഇതിനു പുറമെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കും, ചിറ്റൂർ കാർഷിക വികസന ബാങ്ക് എന്നിവയുടെ പ്രവർത്തനമേഖലയിലും പഞ്ചായത്തുൾപ്പെടുന്നു. സാമൂഹ്യക്ഷേമ മേഖലകളിൽ നാഷണലൈസഡ് ബാങ്കുകളുടെ പങ്കാളിത്തം തൃപ്തികരമല്ല. ഇവർ നാമമാത്രമായി കൃഷിക്കാർക്ക് കൃഷിയാവശ്യത്തിനുള്ള ഹ്രസ്വകാല ലോണുകൾ കൊടുക്കുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഇതു മൂലം സാമൂഹ്യ ക്ഷേമ പദ്ധതി പ്രകാരം ലഭിക്കേണ്ടുന്ന പല സൗകര്യങ്ങളും പഞ്ചായത്തിന് നഷ്ടപ്പെടുന്നു.

വില്ലേജ് ഓഫീസ് വഴിയുള്ള ക്ഷേമപദ്ധതികൾ

റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരിക്കുന്ന ക്ഷേമ പദ്ധതികളാണ് - വിധവകളുടെ പെൺകുട്ടികൾക്കായുള്ള വിവാഹ ധനസഹായം, തൊഴിലില്ലായ്മാ വേതനം, വിധവാ പെൻഷൻ, അഗതി പെൻഷൻ മുതലായവ. എന്നാൽ ഇവ ഒരു വർഷത്തോളമായി ഭാഗികമായി മാത്രം വിതരണം ചെയ്തു വരുന്നു. പെൻഷനുകൾ അനുവദിക്കുന്നതിന് വരുമാന പരിധിയിൽ കാലോചിതമായി മാറ്റം വരുത്തേണ്ടതും അർഹതപ്പെട്ട എല്ലാവർക്കും അനുവദിക്കേണ്ടതുമാണ്.

വിധവാ പെൻഷൻ

നിലവിലുള്ള നിയമമനുസരിച്ച് പതിനെട്ട് വയസ്സിനുമേൽ പ്രായമുള്ള ആൺകുട്ടികൾ ജീവിച്ചിരിപ്പുണ്ടെങ്കിലും അല്ലാത്തവർക്ക് വരുമാനം ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള പരിധിക്കു മുകളിലായാലുംപെൻഷൻ ലഭിക്കുകയില്ല. വരുമാന പരിധിയിലും നിലവിലുള്ള നിയമവും കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്.

വികലാംഗ പെൻഷൻ

വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് 21 കി.മീ. അകലെയുള്ള പാലക്കാട് ജില്ലാ ആശുപത്രിയിൽ നിന്നാണു വാങ്ങേണ്ടത്. എല്ലാ ദിവസവും ഈ സർട്ടിഫിക്കറ്റ് നൽകാറില്ല. യാത്ര ചെയ്യാനുള്ള ബുദ്ധിമുട്ടും സാമ്പത്തിക കുറവും കാരണം സർട്ടിഫിക്കറ്റ് വാങ്ങാൻ സാധിക്കുന്നില്ല. താലൂക്കാശുപത്രികളിലുള്ള എല്ലു വിദഗ്ദ്ധനും പ്രധാന ഡോക്ടറും കൂടി നൽകുന്ന സർട്ടിഫിക്കറ്റ് അംഗീകരിക്കാനുള്ള നടപടി നിയമ വിധേയമാക്കേണ്ടതാണ്.

കർഷക തൊഴിലാളി പെൻഷൻ

80 ശതമാനം തൊഴിലാളികളുള്ള പഞ്ചായത്തിൽ അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല.

വില്ലേജ്	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	ക്ഷയ രോഗ പെൻഷൻ	കാൻസർ പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
വണ്ടിത്താവളം	26	40	48	2	2	207	48
പെരുമാട്ടി	15	3	93	-	-	265	37
മുലത്തറ	19	2	63	1	-	117	15
ആകെ	60	45	204	3	2	589	90

കർഷക തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ 4752 അംഗങ്ങളാണ് കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടുള്ളത് ഇത് പഞ്ചായത്തിലെ കണക്കനുസരിച്ച് 20 ശതമാനത്തിൽ താഴെ മാത്രമാണുള്ളത്. മുൻകാലങ്ങളിൽ കൊടുത്ത അപേക്ഷകൾ വില്ലേജ് ഓഫീസുകളിൽ നടപടി സ്വീകരിക്കാതിരുന്നത് കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

വനിതാ വികസന കോർപ്പറേഷൻ

പഞ്ചായത്തിലെ സ്ത്രീകൾക്ക് വനിതാ വികസന കോർപ്പറേഷനെക്കറിച്ച് യാതൊന്നും അറിയില്ല. അതുകൊണ്ട് ഇവരുടെ സേവനമൊന്നും തന്നെ ലഭിച്ചിട്ടില്ല. വനിതാ വികസന കോർപ്പറേഷന്റെ പദ്ധതികളെക്കറിച്ച് വനിതകൾക്ക് ബോധവത്ക്കരണം നടത്തേണ്ടിയിരിക്കുന്നു.

പട്ടികജാതി വികസന കോർപ്പറേഷൻ

പഞ്ചായത്തിൽ പട്ടികജാതി വികസനകോർപ്പറേഷൻ മുഖേന എടുത്തു പറയത്തക്ക വികസനമൊന്നും തന്നെ നടത്തിയിട്ടില്ലെന്നു പറയാം. ഇത് നടപ്പിലാക്കുന്ന പദ്ധതികളെക്കറിച്ച്ബോധവത്ക്കരണം നടത്തുകയും കാലാകാലങ്ങളിൽ ഇവർ പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ അപേക്ഷകൾ പഞ്ചായത്ത് മുഖേന സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. ക്ഷേമപ്രവർത്തനങ്ങളെക്കറിച്ച് അതാത് ഡിപ്പാർട്ട്മെന്റുകൾ പഞ്ചായത്തുതലത്തിൽ ബോധവത്ക്കരണത്തിനുവേണ്ടി സെമിനാറുകൾ സംഘടിപ്പിക്കുക.
2. DWCRA യൂണിറ്റുകൾ അനുവദിക്കുമ്പോൾ പ്രദേശത്തിന് യോജിച്ചതും സാമ്പത്തിക നേട്ടം കൈവരിക്കുന്നതുമായ പദ്ധതികൾ നടപ്പിലാക്കുക.
3. ട്രൈസം പദ്ധതി പ്രകാരമുള്ള പരിശീലനങ്ങൾ പരിശീലകരുടെ അഭിരുചിയും താത്പര്യവും അനുസരിച്ച് നൽകുക.
4. ഗ്രാമീണ കൈതൊഴിലുകാർക്ക് എല്ലാവർക്കും ടൂൾകിറ്റ് നൽകുക.
5. IRDP സർവ്വെ പ്രകാരം വീടു വെയ്ക്കാൻ ബാക്കിയുള്ളവർക്ക് വീടുകൾ അനുവദിക്കുമ്പോൾ സാമ്പത്തിക സഹായ പരിധി ഉയർത്തുക.
6. CRSP പ്രകാരം കക്കൂസ് നിർമ്മിക്കാനുള്ള സഹായം സാധനസാമഗ്രികളായും ബാക്കി പണമായും നൽകുക.
7. സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടവും, സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലവും, കെട്ടിടവും അനുവദിക്കുക. സ്ത്രീകൾക്ക് ഒന്നിച്ചു കൂടുവാനും ചർച്ച ചെയ്യുവാനുമുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
8. അംഗൻവാടികളിലൂടെ കുട്ടികൾക്കുള്ള പോഷകാഹാരത്തിനു നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക. അംഗൻവാടി ജീവനക്കാരായി അംഗീകരിക്കുകയും വേതനം ഉയർത്തുകയും ചെയ്യുക. താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക. പൊതു പ്രവർത്തനത്തിൽ അംഗൻവാടി ജീവനക്കാരെ സജീവമാകാൻ ബോധവത്ക്കരണം നടത്തുക.
9. തെരുവ് വിളക്കുകളുടെ പ്രവർത്തനക്ഷമത ഉറപ്പു വരുത്തുക.
10. നിലവിലുള്ള അലോപ്പതി ആയുർവ്വേദ ആശുപത്രികൾ വിപുലീകരിക്കുക.

11. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ശ്മശാനങ്ങൾ ആവശ്യമായ പ്രദേശങ്ങളിൽ അനുവദിക്കുക.
12. ശുചീകരണ പ്രവൃത്തി ചെയ്യുവാനുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുക.
13. പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത എല്ലാ പ്രദേശത്തും കുടിവെള്ളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
14. പ്രവർത്തനരഹിതമായി കിടക്കുന്ന വായനശാല പ്രവർത്തനക്ഷമമാക്കുക
15. പഞ്ചായത്തിൽ റേഷൻകാർഡില്ലാത്ത എല്ലാ കുടുംബങ്ങൾക്കും റേഷൻകാർഡ് യുദ്ധകാലാടിസ്ഥാനത്തിൽ നൽകുക.
16. ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
17. എല്ലാ തരം പെൻഷനുകളും അർഹതപ്പെട്ട എല്ലാവർക്കും അനുവദിക്കുക.
18. നിലവിലുള്ള ബ്രാഞ്ച് പോസ്റ്റോഫീസുകളിലെ പോസ്റ്റുമാൻമാരുടെ എണ്ണം വർദ്ധിപ്പിക്കുക.
19. പഞ്ചായത്തിൽ മൂലത്തറ വില്ലേജിൽ സാക്ഷരതാ പ്രവർത്തനവും പെരുമാട്ടി, വണ്ടിത്താവളം വില്ലേജുകളിൽ പെട്ട സ്ഥലങ്ങളിൽ തുടർ സാക്ഷരതാ പ്രവർത്തനം തുടങ്ങുകയും ചെയ്യുക.
20. DPEP പദ്ധതി ഉൾപ്പെടുത്തി എല്ലാ വാർഡുകളിലും വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കുക.
21. 8-ാം വാർഡിൽ സൗകര്യപ്രദമായ സ്ഥലത്ത് പബ്ലിക് ടെലിഫോൺ ബൂത്ത് സ്ഥാപിക്കുക.
22. പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലും കർഷക തൊഴിലാളികൾ കൂടുതൽ താമസിക്കുന്ന സ്ഥലങ്ങളിലും ക്രഷുകൾ സ്ഥാപിക്കുക.
23. പഞ്ചായത്തിലെ എല്ലാ ക്ലബ്ബുകൾക്കും അംഗൻവാടികൾക്കും വർത്തനമാന പത്രങ്ങൾ വിതരണം ചെയ്യുക.
24. കേടുപാടുകൾ വന്ന ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ റിപ്പയർ ചെയ്യുകയും, ഇല്ലാത്ത പ്രദേശങ്ങളിൽ ബസ്സ് സ്റ്റോപ്പ് കെട്ടുകയും ചെയ്യുക.
25. ജാതിഭേദമന്യേ മിശ്രവിവാഹിതർക്ക് വീട്, തൊഴിൽ പരിശീലനം, സാമ്പത്തിക സഹായം എന്നിവ നൽകുക.
26. വിധവകൾക്കും, അവിവാഹിതരായ അമ്മമാർക്കും തൊഴിൽ പരിശീലനവും ധനസാഹയവും നൽകി വേണ്ട സുരക്ഷിതത്വം ഉറപ്പു വരുത്തുക.
27. കല്യാണപ്പേട്ട ജംഗ്ഷനിൽ ടി.വി. സ്ഥാപിക്കുക.
28. ഏയിഡ്സ് രോഗ പരിശോധനയ്ക്ക് ജില്ലാ ആശുപത്രിയിൽ സൗകര്യം ഏർപ്പെടുത്തുക.

പഞ്ചായത്തിലെ സാമൂഹിക ക്ഷേമപദ്ധതികൾ ഗുണപ്രദവും കാര്യക്ഷമവുമായി നടപ്പിലാക്കാൻ പഞ്ചായത്തിന് യുവജനങ്ങളുടെ അദ്ധ്വാനവും അഭ്യുദയാകാംക്ഷികളായ ജനങ്ങളുടെ സഹകരണവും ഉണ്ടാകും. ഒരു നല്ല നാളേയ്ക്കായി നമ്മുക്കൊത്തൊരുമിച്ചു മുന്നേറാം.

6.8

സംസ്കാരം

നൂറ്റാണ്ടുകൾക്കപ്പുറം ഋഷിതുല്യരായ മനീഷികൾ താവളമുറപ്പിച്ച ശോകനാശിനി തീരം എങ്ങിനെ നിരക്ഷരതയിലാണ്ടു പോയി എന്നു മസ്സിലാകുന്നില്ല. മലയാള ഭാഷയ്ക്കും സംസ്കാരത്തിനും അർത്ഥം കൊടുത്ത തുഞ്ചത്തെഴുത്തച്ഛൻ മൂന്നു പതിറ്റന്നണ്ടോളം ജീവിച്ചതും തുടർന്നു സമാധിയായതും ഈ ഗ്രാമത്തിന്റെ വടക്കേ അതിർത്തിയിലുള്ള ശോകനാശിനി തീരത്താണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവും, ഗ്രന്ഥശാലകളുടെയും വായനശാലകളുടെ അഭാവവും സർവ്വോപരി ദാരിദ്രവും ഈ ഗ്രാമത്തിന്റെ സാംസ്കാരിക വളർച്ചയ്ക്കു തടസ്സമായിട്ടുണ്ട്.

പഴയ തിരുകൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഈ കൊച്ചു ഗ്രാമം പൂർണ്ണമായും ഏതാനം ജന്മിമാരുടെ കൈവശമായിരുന്നു. ഇവിടത്തെ അടിസ്ഥാന വർഗ്ഗം കർഷകരും കർഷകത്തൊഴിലാളികളും ഉൾകൊണ്ടതാണ്. സവർണ്ണ സമ്പന്ന ഭൂപ്രഭുക്കളുടെ അധികാരത്തെ ചെറുത്തു നിന്ന ചെറുപോരാട്ടങ്ങളുടെ ചരിത്രവും ഈ ഗ്രാമത്തിനുണ്ട്. കെ.എ.ശിവരാമ ഭാരതി, എൻ.വി.വേലു, എൻ.വി.ചാമുണ്ണി, ടി.തങ്കപ്പൻ എന്നിവർ ഈ നാടിന്റെ പുരോഗതിക്ക് നേതൃത്വം നൽകി. ഇവരാരും തന്നെ ഇപ്പോൾ ജീവിച്ചിരിപ്പില്ല. അതിനു ശേഷം കൃഷി ഭൂമിയിൽ കൃഷിക്കാരന് എന്ന ആശയം വന്നു തുടങ്ങുകയും പരിണത ഫലമായി കൃഷിക്കാരും കർഷകതൊഴിലാളികളും ഒത്തു ചേർന്ന് ജന്മിത്വത്തിനെതിരെ പോരാട്ടം നടത്തുകയും ചെയ്തു. ഇതിന്റെ ഫലമായി ജന്മിത്തം അവസാനിച്ചു. തുടർന്ന് അനേകം ചെറുതും വലുതുമായ കർഷക തൊഴിലാളി സമരങ്ങളിലൂടെ തൊഴിലാളികളുടെ അവകാശം നേടിയെടുത്ത ചരിത്രം ഈ പഞ്ചായത്തിനുണ്ട്.

മുൻകാലങ്ങളിലേതു പോലെ തന്നെ ഇന്നും രങ്ങാം വിളയെടുപ്പിനു ശേഷം ജാതിമത വിവേചനമില്ലാതെ കർഷകരും കർഷക തൊഴിലാളികളും പൊങ്കൽ എന്ന ഉത്സവം നടത്തി വരുന്നു. അതിനോടനുബന്ധിച്ച് നാടൻ കലകളായ പൊറാട്ടു നാടകം, ആര്യമാല, രാജാ ഹരിശ്ചന്ദ്ര,

സത്യവാൻ സാവിത്രി മുതലായ ചവിട്ടു നാടകങ്ങളും നടത്തി വരുന്നു. ഇതിൽ പൊറാട്ടു നാടകം സമകാലീന കാര്യങ്ങളെകുറിച്ച് പ്രതിപാദിക്കുന്നതാണ്.

ഒരു സൂക്ഷമവിശകലനത്തിൽ പല ദിശകളിലൂടെ കടന്നു വന്ന ഈ ഗ്രാമം ഏറെ വളർന്നു നിൽക്കുന്നത് കണ്ടെത്താനാവും. അവയിൽമുൻഗണന വിദ്യാഭ്യാസത്തിനു തന്നെ. പഞ്ചായത്തിൽ ഇന്നു നിലവിലുള്ള ഗവ: യു.പി. സ്ക്കൂൾ മീനാക്ഷിപുരം അരനൂറ്റാണ്ടിനു മുമ്പു തന്നെ രൂപം കൊണ്ടതാണ്. ഇന്ന് ഈ ഗ്രാമപഞ്ചായത്തിൽ ഈ വർഷം മാത്രം പ്രവർത്തനം ആരംഭിച്ച ഹൈസ്ക്കൂൾ ഉൾപ്പെടെ 8 വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളത്. എങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിമിതി എടുത്തു പറയേണ്ട ഒന്നാണ്.

വിളയോടി, മീനാക്ഷിപുരം, അയ്യപ്പൻകാവ് എന്നിവടങ്ങളിലായി 3 വായനശാലകളാണുള്ളത്.. ഇതിൽ ഏറ്റവും പഴക്കം ചെന്നത് വിളയോടി ഗ്രാമീണ വായനശാലയാണ്. കൂടാതെ സാംസ്കാരിക നവോത്ഥാനത്തിനു വഴിയൊരുക്കിയ കാരിക്കുളം യുവ സംഘം ആർട്സ് ക്ലബ്ബ്, ശിൽപ്പി സ്പോർട്സ് ക്ലബ്ബ്, ഫ്രൺൺട്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് പുതുശ്ശേരി, ദർശിനി ആർട്സ് ക്ലബ്ബ് നമ്പൂരിചള്ള, മൂലത്തറ വില്ലേജ് യൂത്ത് ക്ലബ്ബ്, വിജയൻ മെമ്മോറിയൽ സ്പോട്സ് ക്ലബ്ബ് കന്നിമാരി, കുഞ്ഞിമുത്തു മെമ്മോറിയൽ ക്ലബ്ബ് കാളിമേനോൻ ചള്ള തുടങ്ങിയ കലാകായിക സമിതികളും നിലവിലുണ്ട്.

വനിതാ സംഘടനകളിൽ ഇന്നു നിലനിൽക്കുന്നത് വിളയോടിയിലെ അരുണാ മഹിളാ സമാജമാണ്. കൂടാതെ പഞ്ചായത്തിലെ അംഗനവാടികൾ മുഖേന 29 മഹിളാസമാജങ്ങൾ നാമമാത്രമായി പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് ഹിന്ദുമതക്കാരാണ്. നാമാത്രമായി ക്രിസ്തു മതക്കാരും ചെറിയ ഒരു ശതമാനം മുസ്ലീം മത വിഭാഗക്കാരും ഉണ്ട്. മതപരമായ സംഘട്ടനങ്ങളിൽ നിന്ന് ഈ പഞ്ചായത്ത് വിമുക്തമാണ്.

മുൻകാലത്ത് പഞ്ചായത്തിലെ പ്രബല രാഷ്ട്രീയ കക്ഷി സോഷ്യലിസ്റ്റ് പർട്ടി ആയിരുന്നു. എന്നാൽ ഇന്ന് ജനതാദൾ, സി.പി.എം, കോൺഗ്രസ്സ് എന്നീ രാഷ്ട്രീയ കക്ഷികൾക്കു പുറമെ മുസ്ലീം ലീഗ്, ബി.ജെ.പി, കേരളകോൺഗ്രസ്സ് സി.പി.ഐ എന്നീ രാഷ്ട്രീയ പാർട്ടികളും പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിൽ മൂലത്തറ വില്ലേജ് യൂത്ത് ക്ലബ്ബും നെഹ്റു യുവകേന്ദ്രയും സംയുക്തമായി രക്തനിർണ്ണയ ക്യാമ്പുകളും നേത്ര ചികിത്സാ ക്യാമ്പുകളും സംഘടിപ്പിച്ചിരുന്നു. കൂടാതെ നെല്ലിമേട് അംഗൻവാടി കെട്ടിടം പുനർ നിർമ്മിക്കുകയും ചെയ്തു. അതുപോലെ കാരിക്കുളം യുവസംഘം ആർട്സ് ക്ലബ്ബും നെഹ്റു യുവകേന്ദ്രയും ചേർന്ന രക്തനിർണ്ണയ ക്യാമ്പുകളും നേത്ര ചികിത്സാ ക്യാമ്പുകളും നടത്തിയിരുന്നു. കൂടാതെ വർഷം തോറും ശിശുദിനാഘോഷ പരിപാടികളും നടത്തി വരുന്നു.പഞ്ചായത്തിൽ പല ക്ലബ്ബുകളുടേയും പ്രവർത്തന ഫലമായി കലാകായിക താരങ്ങളെ വളർത്തികൊണ്ടു വരുവാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും നല്ല പരിശീലനം നൽകാൻ ക്ലബ്ബുകൾക്ക് കഴിയുന്നില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ 1,6,10 വാർഡുകളിലൊഴിച്ച് മറ്റൊരു വാർഡിലും ഗ്രന്ഥശാലയോ വായനശാലയോ ഇല്ല. 6-ാം വാർഡിൽ മീനാക്ഷിപുരത്തെ വായനശാല പ്രവർത്തനരഹിതമാണ്.
2. കലാസാഹിത്യാഭിരുചിയുള്ള വ്യക്തികൾക്ക് വേണ്ട വിധത്തിൽ പ്രോത്സാഹനം ലഭിക്കുന്നില്ല.
3. നിലവിലുള്ള ക്ലബ്ബുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
4. സാമ്പത്തിക പരാധീനതകളും സമൂഹത്തിന്റെ താൽപര്യമില്ലായ്മയും കലാക്കായിക രംഗത്തെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു.
5. നാടൻ കലകൾക്ക് വേണ്ട വിധത്തിൽ ഇന്ന് പ്രോത്സാഹനം ലഭികുന്നില്ല.
6. അജ്ഞതയും അന്ധവിശ്വാസവും പഞ്ചായത്തിൽ നില നിൽക്കുന്നു.
7. സ്കൂളുകളിൽ പാഠ്യേതര ഗ്രന്ഥശേഖരങ്ങൾ കുറവാണ്.
8. പഞ്ചായത്തിൽ ഇൻഫർമേഷൻ സെന്ററുകൾ ഇല്ല.

നിർദ്ദേശങ്ങൾ

1. ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക. പ്രവർത്തനരഹിതമായ വായനശാല പ്രവർത്തനക്ഷമമാക്കുക.

2. കലാസാഹിത്യാഭിരുചിയുള്ളവരെ കണ്ടു പിടിച്ച് പ്രോത്സാനം നൽകുക.

3. നിലവിലുള്ള ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാകുക.

4. പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട കേന്ദ്ര കായിക സമിതിയുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായിക മേളകൾ സംഘടിപ്പിക്കുക.

5. അവധികാല സമയങ്ങളിൽ വിവിധ കോച്ചിംഗ് ക്യാമ്പുകൾ പ്രഗത്ഭരെ പങ്കെടുപ്പിച്ച് നടത്തുക.

6. കേന്ദ്രകായിക സമിതിയുടെ ആഭിമുഖ്യത്തിൽ സ്ഥിരം കോച്ചിംഗ് സെന്റർ സ്ഥാപിക്കുക

7. നാടൻ കലകളെയും കളികളെയും പ്രോത്സാഹിപ്പിക്കുക.

8. അജ്ഞതയ്ക്കും അന്ധവിശ്വാസത്തിനുമെതിരെ ബോധവല്ക്കരണം നടത്തുക.

9. പത്രമാസികകളുടെ പ്രചാരം വിപുലീകരിക്കുക.

6.9

വനിത

സ്ത്രീയെ ശക്തിയുടെ പ്രതീകമായി ആദരിക്കുകയും ആരാധിക്കുകയും ചെയ്തിരുന്ന സംസ്ക്കാരം ഭാരതപൈതൃകമാണ്. പക്ഷേ പിന്നീട് വന്ന നാടുവാഴിത്തവും ഭൂവുടമാസമ്പ്രദായവും പുരുഷ്യമേധാവിത്വത്തിന് വഴിയൊരുക്കുകയും സ്ത്രീ ഒരു ഉപഭോഗവസ്തുവായി തരം താഴ്ത്തപ്പെടുകയും ചെയ്തു. ആധുനിക ചിന്തയും വിദ്യാഭ്യാസവും സാമൂഹിക നിയമങ്ങളും പുരുഷമേധാവിത്വത്തിൽ നിന്നും സ്ത്രീയെ മോചിപ്പിക്കുകയും അവൾക്കു തുല്യസ്ഥാനം നൽകുകയും ചെയ്തു. എന്നാലും വിദ്യാഭ്യാസത്തിന്റെയും സാമൂഹിക ബോധത്തിന്റെയും ധനത്തിന്റെയും കുറവ്, സ്ത്രീ സമൂഹത്തിന്റെ വലിയ ഒരു വിഭാഗത്തെ ഇന്നും പഴയ പാരതന്ത്ര്യത്തിൽ തടഞ്ഞുനിർത്തുന്നു.

വനിതാ പ്രസ്ഥാനങ്ങൾ എല്ലായിടവും സജീവമായി പ്രവർത്തനം കാഴ്ച വ്ക്കുന്ന ഈ കാലഘട്ടത്തിൽ പെരുമാട്ടിയിലെ സ്ത്രീകൾ വയലേലകളിലും അടുക്കളയിലും ഒതുങ്ങിക്കൂടുകയാണ് പതിവ്.

മുൻകാലങ്ങളിൽ ഇവിടത്തെ സ്ത്രീകൾ സാമൂഹ്യപ്രവർത്തന മേഖലകളിൽ ഒട്ടും തന്നെ ഇല്ലെന്നു പറയാം. ഇതിനു കാരണം സ്ത്രീ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയാണ്. ഇത് ഇന്നലെകളുടെ ചരിത്രത്തിലേക്ക് എത്തിനോക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ജന്മി കുടിയാൻ വ്യവസ്ഥിതി നിലനിന്നിരുന്നതിനാൽ ജന്മികളുടെ ആജ്ഞാനുവർത്തികളായി കഴിഞ്ഞിരുന്നവർക്ക് സ്ഥിരമായി ഇടമോ വീടോ ഉണ്ടായിരുന്നില്ല . തന്മൂലം വിദ്യാഭ്യാസം എന്ന സ്വപ്നം വളരെ അകലെയായിരുന്നു സമ്പന്നകുടുംബങ്ങളിലെ പെൺകുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടിയത്

എഴുത്തുപള്ളികളിലൂടെയും വീടുകളിൽ ആശാനെ വരുത്തിയുമായിരുന്നു. 1914ൽ തന്നെ പ്രാഥമികവിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകളുടെ ജോലി അടുക്കളയിലൊതുങ്ങി.

കേരളപ്പിറവിക്കു ശേഷം ഉണ്ടായ മാറ്റം, ഭൂപരിഷ്കരണനിയമം, സാർവത്രിക വിദ്യാഭ്യാസം എന്നീ കാരണങ്ങളാൽ ഇന്ന് വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകൾ മുൻപന്തിയിലാണ്. എന്നാൽ കാർഷിക മേഖലയൊഴിച്ചുള്ള എല്ലാ തൊഴിൽ സംരംഭങ്ങളും സ്ത്രീകൾ പിന്നിലാണ്. എങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷൻമാരെക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ. പഞ്ചായത്തിൽ 80 ശതമാനം കർഷകതൊഴിലാളികളാണ്. ഈ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് തുടർ വിദ്യാഭ്യാസം നേടാനുള്ള സാഹചര്യം കുറവാണ്. സാമൂഹ്യ പ്രവർത്തന മേഖലകളിലേക്ക് ഇന്ന് പുരുക്കും ചില വനിതകളേ വന്നു കാണുന്നുള്ളു. പൊതുരംഗത്ത് പ്രത്യക്ഷപ്പെടുന്ന സ്ത്രീകൾ പോലും എല്ലാ കാര്യത്തിലും പുരുഷന്മാർ പറയുന്നതിനു സമ്മതം മൂളുന്ന പതിവാണ് കണ്ടു വരുന്നത്.

ഈ പഞ്ചായത്തിൽ നാമമാത്രമായ മഹിളാസമാജങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനരംഗം നിർജീവമാണ്. ഇവിടെ ഒരു ബ്ലോക്ക് വനിതാ സൊസൈറ്റി ചെറിയ തോതിൽപ്രവർത്തിക്കുന്നു. 8 DWCRA യൂണിറ്റുകൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

സ്ത്രീകളുടെ ആരോഗ്യ നിലവാരം പൊതുവെ മോശമാണ്. പഞ്ചായത്തിൽ മൊത്തം 20 ശതമാനം സ്ത്രീകൾ കുടുംബം പുലർത്തുന്നവരാണ്. കർഷക തൊഴിലാളി മേഖലയിൽ പുരുഷന്മാരോടൊപ്പം തൊഴിൽ ചെയ്യുന്നതിനു പുറമെ കുടുംബഭാരം മുഴുവൻ സ്ത്രീകളിലാണ്. കുടുംബാസൂത്രണ മാർഗ്ഗം സ്ത്രീകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതും, പോഷകാഹാര കുറവും ആവശ്യത്തിന് വിശ്രമം ലഭിക്കാത്തതും ആരോഗ്യ സ്ഥിതി മോശമാകാനുള്ള കാരണങ്ങളാണ്

കാർഷിക മേഖലയിൽ ഒരേ തൊഴിലെടുക്കുന്ന പുരുഷനേക്കാൾ കുറവാണ് സ്ത്രീയുടെ വേതനം. സ്ത്രീകൾ മാത്രം പണിയെടുക്കുന്ന മേഖലകളിലെ വേതനം പൊതുവെ കുറവാണ്. സ്ത്രീയെ എല്ലാ നിലിയിലും ശക്തിപ്പെടുത്താതെ അവൾക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ പ്രതിശക്തികളെ തടുക്കാനാവില്ല.

സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങളും സ്ത്രീപീഡന കേസുകളും ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. സാക്ഷരതാ പ്രവർത്തനം ഒരു പരിധി വരെ സ്ത്രീ വിദ്യാഭ്യാസം ഉയർത്തിയിട്ടുണ്ടെങ്കിലും തമിഴ് നാടിനോടു തൊട്ടു കിടക്കുന്ന പ്രദേശമായ മൂലത്തറ വില്ലേജിൽ സാക്ഷരതാ പ്രവർത്തനം നടത്തിയിട്ടില്ല.

വാർഡ്	ജനസംഖ്യ സ്ത്രീ	പുരുഷൻ	മഹിളാ സമാജം	തൊഴിൽ യൂണിറ്റ്	വിദ്യാഭ്യാസം
I	1254	1300	ഉണ്ട്	ഡി.ഡബ്ളയൂ.സി.ആർ.ഏ യൂണിറ്റ് ഫൈബർ പ്രോഡക്ടസ് ഓടു നിർമ്മാണ യൂണിറ്റ്	മിതം
II	1773	1621	ഉണ്ട്	ഡി.ഡബ്ളയൂ.സി.ആർ.ഏ യൂണിറ്റ് ആടു വളർത്തൽ	മിതം
III	1722	1640	ഉണ്ട്	ഡി.ഡബ്ളയൂ.സി.ആർ.ഏ യൂണിറ്റ് പുൽപ്പായ നെയ്ത്ത്, അകർബത്തി യൂണിറ്റ്, നൂൽനൂൽപ്പ്നെയ്ത്തും, ബാംബൂ സൊസൈറ്റിയും	പിന്നിൽ
IV	1297	1397	ഉണ്ട്	ഇല്ല	പിന്നിൽ
V	1399	1243	ഉണ്ട്	തുന്നൽ പരിശീലന കേന്ദ്രം	പിന്നിൽ
VI	1879	1939	ഉണ്ട്	ഇല്ല	പിന്നിൽ
VII	1112	1178	ഉണ്ട്	ഡി.ഡബ്ളയൂ.സി.ആർ.ഏ യൂണിറ്റ് നെല്ലുകുത്ത് കച്ചവടം, പാൽ ഉൽപ്പന്ന നിർമ്മാണ കേന്ദ്രം	മുന്നിൽ
VIII	1252	1314	ഉണ്ട്	ഇല്ല	മിതം
IX	987	931	ഉണ്ട്	ഇല്ല	പിന്നിൽ
X	1189	1237	ഉണ്ട്	ഡി.ഡബ്ളയൂ.സി.ആർ.ഏ യൂണിറ്റ് പുൽപ്പായ യൂണിറ്റ്	മിതം
XI	876	1118	ഉണ്ട്	ഡി.ഡബ്ളയൂ.സി.ആർ.ഏ യൂണിറ്റ് ആടു വളർത്തൽ	പിന്നിൽ

പ്രശ്നങ്ങൾ

1. തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവം. സാമാന്യ വിദ്യാഭ്യാസം ലഭിച്ചവർ പോലും അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അകപ്പെട്ടിരിക്കുന്നു.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യമില്ല.
3. വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ തൊഴിൽ സംരംഭങ്ങൾ നിലവിലില്ല.
4. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിലില്ല. തൊഴിൽ നിയമങ്ങളെ കുറിച്ചും, ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്ന മേഖലകളെ കുറിച്ചും സ്ത്രീകൾ പൊതുവെ അജ്ഞരാണ്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്.
5. കാർഷിക മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറയുന്നതു കൊണ്ടുണ്ടാകുന്ന സാമ്പത്തിക നഷ്ടം.
6. സ്വയം തൊഴിൽ പദ്ധതികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏൽപ്പിക്കാനുള്ള താൽപ്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്.
7. തൊഴിൽ മേഖലകളിൽ സ്ത്രീകൾ ചൂഷണംചെയ്യപ്പെടുന്നു.

8. തൊഴിൽ, വിദ്യാഭ്യാസം ആരോഗ്യം എന്നീ മേഖലകളിൽ പൊതുവെ പട്ടികജാതി പട്ടികവർഗ്ഗ വനിതകൾ ബോധവതികളല്ല.
9. ഉല്പാദനപരമായ തൊഴിൽ മേഖലകളിൽ സ്ത്രീ പങ്കാളിത്തമില്ല.
10. DWCRA യൂണിറ്റുകളുടെ പ്രവർത്തനക്ഷമത ഇല്ലായ്മ.
11. വനിതാ സംഘടനകളുടെയും വനിതാസഹകരണസംഘങ്ങളുടെയും അഭാവം.
12. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് സംവരണം ഇല്ല.
13. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല. അംഗനവാടികളിൽ ന്യായമായ വേതനം ലഭിക്കുന്നില്ല.
14. വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആവശ്യമായ സാഹചര്യം ഇല്ല.
15. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
16. വനിതകൾക്ക് ഒന്നിച്ചു കൂടുവാനും, ചർച്ചചെയ്യുവാനും പറ്റിയ വേദികൾ ഇല്ല.
17. പഞ്ചായത്തിൽ എവിടേയും ക്രഷ് ഇല്ല.
18. മദ്യത്തിനെതിരായ ബോധവത്ക്കരണം ഫലപ്രദമല്ല.

നിർദ്ദേശങ്ങൾ

1. സാക്ഷരതാ പ്രവർത്തനം ഒട്ടും നടത്താത്ത തമിഴ് മേഖലയിൽ സാക്ഷരതാ പ്രവർത്തനം നടത്തുകയും മറ്റു ഭാഗങ്ങളിൽ തുടർ സാക്ഷരതാ പ്രവർത്തനം തുടങ്ങുകയും വേണം.
2. വിദ്യാലയങ്ങളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുക.
3. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ബോധവത്ക്കരണം നടത്തുക.
4. വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ താത്പര്യമുള്ള വനിതകളെ കണ്ടെത്തി അവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനും, ധനസഹായം ലഭ്യമാക്കാനും ഒരു Womens Enterpreneur Development Cell പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.
5. തൊഴിൽ നിയമങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുക.
6. കാർഷിക മേഖലയിലെ സ്ത്രീതൊഴിലാളികൾക്ക് തൊഴിലില്ലാത്ത ദിനങ്ങളിൽ ചെയ്യാവുന്ന രീതിയിലുള്ള ചെറുകിട കുടിൽ വ്യവസായങ്ങൾ പരിശീലിപ്പിക്കുകയും സാമ്പത്തിക സഹായവും സാഹചര്യവും ഒരുക്കികൊടുക്കുകയും വേണം. (ഹോളോ ബ്രിക്സ്, വയർകട്ട്, കയർ നിർമ്മാണം എന്നിവയ്ക്ക് വനിതാ സഹകരണ സംഘങ്ങൾ വഴി ചെറിയ യൂണിറ്റുകൾ തുടങ്ങി തൊഴിൽ ദിനം വർദ്ധിപ്പിക്കുക.)
7. ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയിൽ സ്ത്രീകളെ ഉൾപ്പെടുത്തുവാനുള്ള തീവ്രയത്നം അത്യാവശ്യമാണ്. പൊതുരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് നികത്തുക.

8. പട്ടികജാതി പട്ടിക വർഗ്ഗ വനിതകൾക്ക് മാത്രമായി തൊഴിൽ പരിശീലനം നൽകുകയും ചെയ്യുക. വിദ്യാഭ്യാസം ആരോഗ്യം എന്നിവയെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും വേണം.

9. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വനിതാ സഹകരണസംഘം മുഖേന സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുകയും ഇതിനനുകൂലമായി സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുക. (തയ്യൽ, ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ സർവ്വീസിങ്ങ്, അസംബ്ലിങ്ങ്, കറിപൗഡർ നിർമ്മാണം etc.)

10. പ്രദേശത്തിനും അഭിരുചിക്കും അനുസരിച്ച DWCRA യൂണിറ്റുകൾ തുടങ്ങുകയും അവ മെച്ചപ്പെടുത്തന്നതിനാവശ്യമായ പരിശിലനം നൽകുകയും വിപണന സൗകര്യം ഉണ്ടാക്കുകയും വേണം. പ്രവർത്തനത്തിന്റെ കാര്യക്ഷമതയും മേൽനോട്ടവും മെച്ചപ്പെടുത്തുകയും ഉദ്യോഗസ്ഥന്മാർ കാലാകാലങ്ങളിൽ തിരിച്ചടവിനുള്ള പണപ്പിരിവ് വീടുകളിൽ ചെന്ന് നേരിട്ടു നടത്തുകയും വേണം.

11. സഹകരണ മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുകയും സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയും ചെയ്യുക. (വിവധോദ്ദേശ സഹകരണ സംഘങ്ങൾ തുടങ്ങുക)

12. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുക.

13. ഗ്രാമതലങ്ങളിൽ മഹിളാസമാജങ്ങൾ ഉള്ള സ്ഥലങ്ങളിൽ അവയെ സജീവമാക്കാനും ഇല്ലാത്ത സ്ഥലങ്ങളിൽ അവ തുടങ്ങുവാനും വേണ്ട ശ്രമങ്ങൾ നടത്തുക.

14. അംഗനവാടികൾ ആകർഷകമാക്കുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം ഏർപ്പെടുത്തുക യും വേണം.

15. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുക.

16. വിദ്യാലയങ്ങളിൽ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യുക.

17. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

18. അംഗനവാടികളിൽ സ്ത്രീകൾക്ക് ഒന്നിച്ചു കൂടുവാനും ചർച്ച ചെയ്യാനും പറ്റിയ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.

19. പഞ്ചായത്തിൽ കൂടുതലും കർഷകത്തൊഴിലാളികളായതിനാൽ അംഗനവാടികളോട് ചേർന്ന് ക്രെഷ് സ്ഥാപിക്കുക.

20. വാർഡ് തലത്തിൽ മദ്യത്തിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തുക.

21. സൈസൽ ഫൈബർ യൂണിറ്റ്, കളിപ്പാട്ട നിർമ്മാണം, കൂണും കൂൺ ഉൽപ്പന്നങ്ങളും കയർ ഡയിംഗ് യൂണിറ്റ്, പശു, കോഴി, ആട് എന്നിവ തുടങ്ങുവാനുള്ള സഹായം നൽകുക.

6.10

സഹകരണം

ജനാധിപത്യ സമ്പ്രദായത്തിന്റെ അടിക്കല്ലാണ് സഹകരണം. ഇപ്പോൾ സാമ്പത്തിക മേഖലയിൽ ഒതുങ്ങി നിൽക്കുന്ന സഹകരണ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായ ജനകീയ പ്രവർത്തനങ്ങളിലേക്ക് വികസിക്കേണ്ടതും, വ്യാപിക്കേണ്ടതുമാണ്. പൗരന്മാരുടെ ബഹുമുഖമായ ജീവിത വികാസത്തിന്, സഹകരണ സംഘങ്ങളുടെ നിസ്വാർത്ഥമായ പ്രവർത്തനം ഒഴിച്ചു കൂടാനാവില്ല. ധനം, വിഭവം, ഉൽപ്പാദനം, വിതരണം, വിപണനം, ആശയരൂപീകരണം, സാംസ്ക്കാരിക പ്രവർത്തനം എന്നീ മേഖലകളിലൊക്കെ സഹകരണത്തിന് പ്രസക്തിയുണ്ട്. കൂട്ടായ ചിന്തയും, കൂട്ടായ പ്രവർത്തനവും, കൂട്ടായ വിശകലനവും ഒക്കെ ജനാധിപത്യത്തിന്റെ ആവശ്യഘടങ്ങളാണ്.

സഹകരണം

1904-ൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് പ്രകാരം കർഷകരുടെ കടബാദ്ധ്യത യ്ക്ക് ആശ്വാസം പകരാനായി രൂപീകരിക്കപ്പെട്ട കാർഷിക വായ്പാ സഹകരണ സംഘങ്ങളാണ് സഹകരണ പ്രസ്ഥാനത്തിന് ഇന്ത്യയിൽ തുടക്കമിട്ടത്. എന്നാൽ 45 വർഷങ്ങൾക്കു ശേഷമാണ് പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ രൂപം കൊണ്ടത്. ഇതിൽ ആദ്യത്തെ സ്ഥാപനം പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്കാണ്. തുടർന്ന് ഈ പഞ്ചായത്തിൽ ചെറുതും വലുതുമായി 9 സഹകരണ സംഘങ്ങൾ രൂപംകൊണ്ടു. രണ്ട് ഹരിജൻ സൊസൈറ്റികളൊഴികെ എല്ലാം തന്നെ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു.

1. പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്ക്

ഈ ബാങ്കിന്റെ പ്രവർത്തനം 9.3.1949-ൽ 25 അംഗങ്ങളുമായി വിവിധ ഉദ്ദേശത്തോടുകൂടി ശ്രീ. സുബ്രഹ്മണ്യ മുതലിയാരുടെ നേതൃത്വത്തിൽ തുടങ്ങി. പഞ്ചായത്തിലെ കള്ള്

ചെത്തുകാരേയും, കർഷകരേയും സഹായിക്കുന്നതിനു വേണ്ടി തുടങ്ങിയതാണെങ്കിലും, തുടക്കത്തിൽ ചക്കര വ്യവസായത്തിനായിരുന്നു മുൻതൂക്കം നൽകിയിരുന്നത്. എന്നാൽ 1961-ൽ സർവ്വീസ് സൈസൈറ്റിയായും, 1963-ൽ സർവ്വീസ് സഹകരണ ബാങ്കായും ഉയർത്തപ്പെട്ടു. ഇതിന്റെ പ്രവർത്തന പരിധി പെരുമാട്ടി, വണ്ടിത്താവളം എന്നീ വില്ലേജുകളാണ്. കെ. ചാമി, വി. നാരായണൻ എന്നിവരുടെ നേതൃത്വത്തിലുള്ള ഭരണസമിതി നിലനിന്നിരുന്നു. 1970-നു ശേഷം കെ. കൃഷ്ണൻ കുട്ടിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് തുടർന്ന് വരുന്നത്.

'എ' ക്ലാസ്സ് മെമ്പർമാരുടെ എണ്ണം 4018 ഉം,'സി' ക്ലാസ്സ് മെമ്പർമാരുടെ എണ്ണം 13,833 ഉം ആണ്. ഒരു ഓഹരിയുടെ വില 5 രൂപയാണ്. 19,11,103 രൂപയാണ് അംഗീകൃത ഓഹരി മൂലധനം. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 19,11,103 രൂപയും, സർക്കാർ ഓഹരിയിൽ നിന്ന് 10,500 രൂപയും ലഭിച്ചിട്ടുണ്ട്. പരമാവധി കടം എടുക്കാവുന്ന തുക 3 കോടിയാണ്. പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച സ്ഥിരനിക്ഷേപം 3,76,01,902 രൂപയും ഹ്രസ്വകാല നിക്ഷേപം 59,98,681 രൂപയുമാണ്.

നൽകിയിട്ടുള്ള വായ്പകളുടെ വിവരം		
കാർഷിക വായ്പകൾ		
നമ്പർ	ഇനം	തുക
1	S.T.Loan	3930294
2	M.T.Loan	49800
3	L.T.Loan	-
മറ്റ് വായ്പകൾ		
1	NAMT	8581600
2	Gold	18959485
3	F.D. Loan,Household articles etc.	5214223
4	Non Agri.	903100
പ്രത്യേക വായ്പകൾ		
1	M.T.IRDP	9600
2	M.T. Housing	35000
3	Staff Loan	1132624

സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ			
നമ്പർ	സ്ഥാപനം	സ്വഭാവം	തുക
1	പാലക്കാട് ജില്ലാബാങ്ക്	S.T.Loan	6310889
2	"	M.T.Loan	-
3	"	L.T.Loan	-

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ		
നമ്പർ	വായ്പാ സ്വഭാവം	തുക
1	S.T.Loan	596370
2	M.T.Loan	141310
3	L.T.Loan	5400
4	Others	2333230

2. മുലത്തറ സർവ്വീസ് സഹകരണ ബാങ്ക്

ഈ ബാങ്കിന്റെ പ്രവർത്തനം 1963ൽ 326 അംഗങ്ങളുമായി തുടങ്ങി. ആദ്യത്തെ പ്രസിഡണ്ട് എസ്. വരദരാജ കൗണ്ടർ ആയിരുന്നു. ഇതിന്റെ പ്രവർത്തന പരിധി മുലത്തറ വില്ലേജ് ആണ്. ഇപ്പോഴത്തെ പ്രസിഡണ്ട് എൻ.സി. വേലപ്പൻ ആണ്.

'എ' ക്ലാസ്സ് മെമ്പർമാരുടെ എണ്ണം 2457 'സി' ക്ലാസ്മെമ്പർമാരുടെ എണ്ണം 3027 ഉം ആണ്. ഒരു ഓഹരിയുടെ വില 5 രൂപയാണ്. 1500000 രൂപയാണ്അംഗീകൃത ഓഹരി മൂലധനം. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 1405675 രൂപയും സർക്കാർ ഓഹരിയിൽ നിന്ന് കിട്ടിയ 241966 രൂപയും ലഭിച്ചിട്ടുണ്ട്.

പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച സ്ഥിരനിക്ഷേപം 20870509 രൂപയും ഹ്രസ്വകാല നിക്ഷേപം 3059422 രൂപയുമാണ്.

നൽകിയിട്ടുള്ള വായ്പകളുടെ വിവരം		
കാർഷിക വായ്പകൾ		
നമ്പർ	ഇനം	തുക
1	കടല	115705
2	നെല്ല്	44600
3	കരിമ്പ്	1343100
4	കപ്പ	3649566
5	വാഴ	152100
മറ്റ് വായ്പകൾ		
1	NAMT	5505920
2	NAST	1130860
3	Gold Loan	12503760
4	നിക്ഷേപ വായ്പ	1378523
പ്രത്യേക വായ്പകൾ		
1	IRDP	160165
2	House Roffing	3000
3	Employees Cash Credit	108199
4	PF Loan	1472250

സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ			
നമ്പർ	സ്ഥാപനം	സ്വഭാവം	തുക
1	പാലക്കാട് ജില്ലാബാങ്ക്	Crop Loan	3579150
2	"	L.T.Loan IRDP	93179
3	"	GICE	39705
4	"	NCDCL - KAP	146930

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ

നമ്പർ	വായ്പാ സ്വഭാവം	തുക
1	കടല	72090
2	നെല്ല്	44600
3	കരിമ്പ്	296800
4	കപ്പ	813630
5	IRDP - NAMT	1657705
6	Gold Loan	1407250

3. ചിറ്റൂർ ബ്ലോക്ക് വനിതാ സഹകരണ സംഘം

1985ൽ ചിറ്റൂർ ബ്ലോക്ക് വനിതാ സഹകരണ സംഘം പ്രവർത്തനമാരംഭിച്ചു. ആകെ അംഗങ്ങൾ 632 ഉം ഒരു ഓഹരിയുടെ വില 10 രൂപയുമാണ്. അംഗീകൃത ഓഹരി മൂലധനം 14410 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 14410 രൂപയുമാണ്. സർക്കാർ ഓഹരി മൂലധനം 15000 രൂപയും പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച സ്ഥിരം നിക്ഷേപം 7231 രൂപയുമാണ്.

വനിതകളുടെ ഉന്നമനത്തിനായി രൂപീകരിച്ച ഈ സംഘം സാമ്പത്തിക പരാധീനത മൂലം നല്ല രീതിയിൽ പ്രവർത്തനം നടത്താൻ ബുദ്ധിമുട്ടുകയാണ് ഇപ്പോൾ ഇവർ പാൽ ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നു.

4. പെരുമാട്ടി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം

1989ൽ പ്രവർത്തനമാരംഭിച്ചു. ആകെ അംഗങ്ങൾ 274 ഉം ഒരു ഓഹരിയുടെ വില 10 രൂപയുമാണ്. അംഗീകൃത ഓഹരി മൂലധനം 300000 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 5070 രൂപയുമാണ്. സർക്കാർ ഓഹരി മൂലധനം 18000 രൂപയും പരമാവധി കടം എടുക്കാവുന്ന തുക 200000 രൂപയുമാണ്.

നമ്പർ	ഇനം	തുക
1	NAMT	20,000
2	NAST	17,500

കാലാവധി കഴിഞ്ഞ് തിരിച്ചു കിട്ടാനുള്ള വായ്പാതുക 15968 രൂപയാണ്.

പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ ഉന്നമനത്തിനു വേണ്ടി രൂപീകൃതമായ ഈ സംഘം സാമ്പത്തിക ഞെരുക്കം അനുഭവിക്കുകയാണ്. ഇതിന്റെ പുരോഗമനത്തിനു വേണ്ടി സർക്കാർ സാമ്പത്തിക സഹായം നൽകി പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ഉയർച്ചയ്ക്കു വേണ്ടി പ്രവർത്തിക്കാവുന്ന തരത്തിലേയ്ക്ക് ഉയർത്തേണ്ടതാണ്.

5. വിളയോടി ക്ഷീരോൽപ്പാദന സഹകരണ സംഘം

പാൽ ഉല്പാദകരുടെ പാലിന് ശരിയായ വില ലഭിക്കാനും ഉല്പാദകന് വേണ്ട സൗകര്യം നൽകുക എന്ന ഉദ്ദേശത്തോടും കൂടി വിളയോടി ക്ഷീരോല്പാദക സഹകരണ സംഘം ആരംഭിച്ചു. 9 അംഗങ്ങളുടെ ബോർഡുരൂപീകരിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്കിന്റെ സഹായത്തോടെ ക്ഷീരകർഷകർക്ക് മൃഗങ്ങളെ വാങ്ങാൻ വായ്പ നൽകി വരുന്നു.

6. മൂലത്തറ ക്ഷീരോല്പാദക സഹകരണ സംഘം

മീനാക്ഷിപുരം കേന്ദ്രമായി മൂലത്തറ ക്ഷീരോല്പാദക സഹകരണ സംഘം പ്രവർത്തിച്ചു വരുന്നു. ഇതിൽ കൊഴുപ്പിന്റെ അടിസ്ഥാനത്തിൽ പാലിന് വില നൽകുന്നില്ല. ഇത് ഉല്പാദകന് സാമ്പത്തിക നഷ്ടം വരുത്തുന്നു.

7. വിളയോടി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഖാദി ബോർഡിന്റെ സഹായത്തോടെ ഈ സൊസൈറ്റി പ്രവർത്തിച്ചു വരുന്നു. ഇഷ്ടിക, ഓട്,പൂച്ചട്ടി, പുകയില്ലാത്ത അടുപ്പ് എന്നിവ നിർമ്മിക്കുന്നു. സഹകരണ സംഘത്തിന് സാമ്പത്തിക പരാധീനതമൂലം ഇതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടത്താൻ കഴിയാതെ വരുകയും സ്വകാര്യ വ്യക്തിക്ക് ലീസിനു കൊടുക്കുകയും ചെയ്തു. ഇപ്പോൾ ഇതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു.

8. ബാംബൂ സൊസൈറ്റി

1994ൽ ഖാദി ബോർഡിന്റെ സഹായത്തോടെ കരയ്ക്കൽ കൊളംമ്പ് എന്ന സ്ഥലത്ത് സ്ഥാപിതമായി. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നിൽ നിൽക്കുന്ന കവറ

സമുദായക്കാരെ ഉയർത്തികൊണ്ടു വരുന്നതിനു വേണ്ടി സ്ഥാപിതമായി. ഈ സൊസൈറ്റി സാമ്പത്തിക പരാധീനതമൂലം പ്രവർത്തനം നിലച്ചരിക്കുകയാണ്.

9. വേമ്പക്ഷീരോല്പാദക സഹകരണ സംഘം

ഈ അടുത്ത കാലത്തായി വേമ്പയിൽ ഒരു ക്ഷീരോൽപ്പാദക സഹകരണ സംഘം സ്ഥാപിതമായി.

ചിറ്റൂർ കാർഷിക വികസന ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു. കൃഷി വികസനത്തിനും കിണർ കുഴിക്കാനും, മറ്റു കാർഷിക അനുബന്ധ പ്രവർത്തനത്തിനും വായ്പ നൽകുന്നു.

ചിറ്റൂർ കാർഷിക വികസന ബാങ്ക് നൽകിയ വായ്പകളുടെ വിവരം (പട്ടിക)

നമ്പർ	വായ്പതുക ലഭിച്ചവരുടെ എണ്ണം	ഇനം	തുക
1	78	കാർഷിക വായ്പ	4500000
2	184	കിണർ കുഴിക്കുന്നതിന്	4800000
3	36	പ്ലാന്റേഷൻ	1200000
4	13	ട്രാക്ടർ, ടില്ലർ	2600000
5	25	മൃഗസംരക്ഷണം	1600000
6	34	കാർഷികേതര വായ്പ	1300000
7	46	ഹൗസിങ്ങ്	3500000

	പ്രശ്നങ്ങൾ	നിർദ്ദേശങ്ങൾ
1.	പ്രധാനവിളയായ നെല്ലിന് ശരിയായ വില കർഷകന് ലഭിക്കുന്നില്ല.	സർവ്വീസ് സഹകരണ ബാങ്കുകളുടെ മേൽനോട്ടത്തിൽ മോഡേൺ റൈസ് മിൽ സ്ഥാപിച്ച് നെല്ല് സംഭരണവും സംസ്കരണവും വിപണനവും നടത്തണം.
2.	രണ്ടാമത്തെ പ്രധാന കാർഷിക വിള നാളികേരമാണ്. ഉൽപ്പാദകന് ശരിയായ വില ലഭിക്കുന്നില്ല.	നാളികേര കോംപ്ലക്സ് സ്ഥാപിക്കുക.
3.	വ്യവസായങ്ങൾ തുടങ്ങാൻ കഴിവും പ്രാപ്തിയുമുള്ളവർക്ക് നാഷണലൈസ്ഡ് ബാങ്കുകൾ വായ്പ നൽകാൻ വിമുഖത കാണിക്കുന്നു.	ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സർവ്വീസ് സഹകരണ ബാങ്കുകൾ വഴി വായ്പകൾ അനുവദിക്കുകയും കെട്ടിടത്തിന്റെയും മിഷനറിയുടെയും ഈടിൽ പണം നൽകുകയും വേണം
4.	പെരുമാട്ടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വണ്ടിത്താവളം, വിളയോടി എന്നീ ഓഫീസുകളിൽ നിന്ന് വളം, കീടനാശിനി എന്നിവ കൊണ്ടു വരുവാൻ നറണി, കല്യാണപേട്ട, കൊരിയാർ ചള്ള, അടുക്കത്ത് ചള്ള എന്നീ സ്ഥലങ്ങളിലുള്ളവർക്ക് വളരെ ദൂരം യാത്ര ചെയ്യേണ്ടി വരുന്നു.	വളം, കീടനാശിനി എന്നിവയുടെ വിൽപ്പന കേന്ദ്രം കല്യാണപ്പേട്ട കേന്ദ്രീകരിച്ച് തുടങ്ങണം.
5.	ഭൂമി പണയപ്പെടുത്തി ലോൺ നൽകുന്നതിൽ ന്യായമായ വില നിർണ്ണയിക്കപ്പെടുന്നില്ല.	ഭൂമി പൊന്നും വിലക്കെടുക്കുന്നതിന്റെ തോതടിസ്ഥാനത്തിൽ വില നിശ്ചയിച്ച് ലോൺ നൽകേണ്ടതാണ്.
6.	ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ല.	ഉപഭോക്തൃസഹകരണ സംഘം രൂപീകരിക്കുക വഴി ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ കഴിയും.
7.	നോട്ടുബുക്ക്, ലെഡ്ജറുകൾ എന്നിവ ദൂരസ്ഥലങ്ങളിൽ നിന്ന് കൊണ്ട് വരുന്നതു കാരണം സാമ്പത്തിക നഷ്ടം നേരിടുന്നു.	തമിഴ്നാട്, കുന്നംകുളം, കഞ്ചിക്കോട് എന്നിവടങ്ങളിൽ നിന്നാണ് നോട്ട്ബുക്ക്, ലെഡജർ എന്നിവ വാങ്ങുന്നത്. ഖാദി ബോർഡിന്റെ നേതൃത്വത്തിൽ സഹകരണാടി സ്ഥാനത്തിൽ നോട്ട് ബുക്ക്, ലെഡ്ജർ നിർമ്മിക്കുന്ന ഒരു യൂണിറ്റ് തുടങ്ങുക.

8.	ക്ഷീരകർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ, ക്ഷീര സൊസൈറ്റികൾ സംഭരിച്ച് പാലക്കാട് മിൽമയിലേക്ക് നൽകുന്നു. അവിടെ നിന്ന് സംസ്കരിച്ച് ഇവിടെ വിപണനം നടത്തുന്നു. ഇതു കൊണ്ട് കർഷകന് വില കുറയുന്നു.	ഇവിടെയുള്ള മൊത്തം പാൽ ശേഖരിച്ച് പഞ്ചായത്തിൽ മിൽമയുടെ മേലനോട്ടത്തിൽ സംസ്കരിച്ച് വിപണനം ചെയ്യണം.
9.	പഞ്ചായത്തിൽ പല ഭാഗങ്ങളിലും ഇറച്ചിക്കോഴി വളർത്തുന്നുണ്ടെങ്കിലും ലാഭകരമല്ല.	ഇറച്ചിക്കോഴി ഉൽപ്പാദനവും മുട്ടക്കോഴി ഉൽപ്പാദനവും പഞ്ചായത്തിൽ സഹകരണ മേഖലയിൽ ആരംഭിക്കണം. ഇത് കൃഷി ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടു കൂടിയായിരിക്കണം.
10.	കാർഷിക മേഖലയിൽ തൊഴിൽ ദിനം കുറയുകയും തൊഴിൽ ചെയ്യാൻ വിമുഖത കാണുകയും ചെയ്യുന്നു.	വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ ഉറപ്പു വരുത്താനും സ്വയം തൊഴിൽ നൽകാനും പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കുക.
11.	പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് സ്ഥിരം വരുമാന മാർഗ്ഗങ്ങൾ ഇല്ല.	ഖാദി വ്യവസായ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ ഈ വിഭാഗക്കാർക്ക് സഹകരണാടിസ്ഥാനത്തിൽ ഇലക്ട്രോണിക് ഉപകരണ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക. (ഫാൻ, ക്ലോക്ക്, സ്റ്റെപ്പപ്പ്, എമർജൻസി ലൈറ്റ് തുടങ്ങിയവ)
12.	പഞ്ചായത്തിൽ തയ്യൽ പരിശീലനം കഴിഞ്ഞ തൊഴിൽ രഹിതരായ വനിതകൾ ഉണ്ട്.	ഖാദി വ്യവസായ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിലൊ ബോർഡ് നേരിട്ടോ നടത്തണം.
13.	പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഇഷ്ടിക നിർമ്മാണത്തിനു പറ്റിയ മണ്ണും ഇഷ്ടിക നിർമ്മാണം അറിയുന്ന ധാരാളം തൊഴിലാളികളും ഉണ്ട്. ഇവരുടെ തൊഴിൽ ഉറപ്പു വരുത്താൻ ഇപ്പോൾ സ്ഥിരം സംവിധാനങ്ങളൊന്നുമില്ല.	ഖാദി ബോർഡിന്റെ മേൽനോട്ടത്തിൽ സഹകരണാടിസ്ഥാനത്തിൽ വയർകട്ട് ഇഷ്ടിക നിർമ്മാണ യൂണിറ്റ് തുടങ്ങുക. സിമന്റ് ഉപയോഗിച്ച് കട്ടിള, ജനൽ മുതലായവ നിർമ്മിക്കുന്ന യൂണിറ്റും തുടങ്ങുക.

14.	നെല്ലും നാളികേരവും പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്നു. മറ്റു നിത്യോപയോഗ സാധനങ്ങളെല്ലാം തമിഴ്നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു.	പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ തൊഴിൽ സാദ്ധ്യതക്കും പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക നഷ്ടം പരിഹരിക്കുവാനും ഗുണ നിലവാരമുള്ള കറിപൗഡർകൾ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്ന ഒരു യൂണിറ്റ് ഖാദി ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലോ ഖാദിബോർഡിന്റെ സഹായത്തോടു കൂടി സഹകരണ സംഘം വഴിയോ രൂപീകരിക്കണം.
15.	ഖാദി ബോർഡിന്റെ നിയന്ത്രണത്തിൽ രൂപീകരിച്ച പെരുമാട്ടി പഞ്ചായത്ത് ബാങ്കു സൊസൈറ്റി പ്രവർത്തനരഹിതമായികിടക്കുന്നു.	പെരുമാട്ടി ബാങ്കു സൊസൈറ്റിക്ക് പ്രവർത്തന മൂലധനം നൽകിയും മാനേജ്മെൻറ് പ്രവർത്തനം ഉറപ്പുവരുത്തിയും പ്രവർത്തനക്ഷമമാക്കണം, പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ തൊഴിൽ സാദ്ധ്യതക്കും പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക നഷ്ടം പരിഹരിക്കുവാനും ഗുണനിലവാരമുള്ള കറിപൗഡർകൾ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്ന ഒരു യൂണിറ്റ് ഖാദിബോർഡിന്റെനേരിട്ടുള്ളനിയന്ത്രണത്തിലോ ഖാദി ബോർഡിന്റെ സഹായത്തോടു കൂടി സഹകരണ സംഘം വഴിയോ രൂപികരിക്കണം.

6.11

പട്ടികജാതി - പട്ടികവർഗ്ഗം

പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ള പഞ്ചായത്തുകളിലൊന്നാണ് പെരുമാട്ടി. മണ്ണിനും മനുഷ്യനും വേണ്ടി ചരിത്രാതീതകാലം മുതൽ കൈമെയ് മറന്ന് പണിയെടുക്കാൻ വിധിക്കപ്പെട്ട നിസ്സഹായരായ പട്ടിജാതി പട്ടിക വർഗ്ഗ സമൂഹം കാലമേറെ ചെന്നിട്ടും അശരണരും ആലംബഹീനരുമായി നരകതുല്യം ജീവിച്ചു പോരുന്നു. പദ്ധതികളനവധി ഇവരുടെ ഉദ്ധാരണത്തിനുവേണ്ടി ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അജ്ഞതയും അപകർഷതാബോധവും കൊണ്ട് ഇവരിപ്പോഴും സമൂഹത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടതു പോലെ നിൽക്കുന്നു.

പട്ടികജാതി

1991-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ 4698 പട്ടികജാതിക്കാരാണുള്ളത്. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 16.96% ആണ്. ഇതിൽ പുരുഷൻമാർ 2338-ഉം സ്ത്രീകൾ 2360 ആണ്. പുരുഷൻമാരേക്കാൾ സ്ത്രീകളുടെ എണ്ണം കൂടുതലാണ്. പഞ്ചായത്തിലെ സ്ത്രൂപുരുഷാനുപാതം അനുസരിച്ച് പുരുഷൻമാരാണ് കൂടുതൽ. ചെറുമൻ, ചക്ലിയൻ, കണക്കൻ, പറയൻ, പുലയൻ, കവറ, പാണൻ എന്നീ വിഭാഗങ്ങളിൽ പെട്ടവരാണ് പഞ്ചായത്തിലുള്ളത്.

തൊഴിൽമേഖല

കുറവ വിഭാഗക്കാർ കുലത്തൊഴിലായി ഓട്, മുള എന്നിവയുപയോഗിച്ച് കുട്ട, വട്ടി, പരമ്പ് മുതലായവ ഉണ്ടാക്കിയും, പാണൻ കുട കെട്ടലും, മുടി വെട്ടലും, പറയൻ കരിമ്പനയുടെ ഈറ എടുത്ത് ചതച്ച് നാരാക്കി കയറും, ചവിട്ടിയും ഉണ്ടാക്കലും, ചക്ലിയൻ തുകൽ പണിയും, ചെറുമനും കണക്കനും കൃഷി പണിയുമാണ് ചെയ്തിരുന്നത്. ഇതിൽ കുറവ അവരുടെ പരമ്പരാഗത തൊഴിലും പാണൻ മുടി വെട്ടലും തുടർന്നു വരുന്നു. ചെറുമൻ, ചക്ലിയൻ, കണക്കൻ, പുലയൻ എന്നീ വിഭാഗക്കാർ കൃഷി പണിയിലും ഏർപ്പെട്ടിരിക്കുന്നു. മറ്റുള്ളവരുടെ പരമ്പരാഗത തൊഴിലുകൾ നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കാർഷിക മേഖലയിലെ തൊഴിൽ വർഷത്തിൽ 100 ദിവസം മുതൽ 150 ദിവസം വരെ മാത്രമേ ഇവർക്കു ലഭിക്കുന്നുള്ളു. ബാക്കി കൂടുതൽ സമയവും ഇവർ തൊഴിൽ രഹിതരാണ്. പ്രതിവർഷം ലഭിക്കുന്ന വരുമാനം നിത്യചെലവിന് പോലും തികയാറില്ല. ഇത് ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തേയും, ആരോഗ്യത്തേയും കാര്യമായി ബാധിക്കുന്നു. സ്ഥിരമായി തൊഴിലില്ലാത്തതു കൊണ്ട് തൊഴിലിനോടു തന്നെ വിമുഖത ഉണ്ടാകുന്നു. സ്ഥിര വരുമാനം ഇല്ലായ്മ ദാരിദ്രത്തിന്റെ ദുഷിത വലയത്തിൽ ഇക്കൂട്ടരെ എത്തിക്കുന്നു. ഈ സാഹചര്യം മൂലം സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ഇവർക്കു കഴിയുന്നില്ല. IRDP പോലുള്ള പദ്ധതികളും, ബാങ്കിൽ നിന്നും എടുത്ത വായ്പകളും തിരിച്ചടവും പരിശോധിച്ചാൽ ഇത് വ്യക്തമാകും.

പ്രീ-പ്രൈമറി തലം മുതലുള്ള വിദ്യാഭ്യാസം ഗുണകരമായ രീതിയിൽ ചിട്ടപ്പെടുത്തുകയും, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും, ഇവരുടെ താൽപ്പര്യങ്ങൾക്കനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്താൽ മാത്രമേ വികസനം സാദ്ധ്യമാവൂ. (പട്ടിക കാണുക).

കൃഷി

പട്ടികജാതിക്കാർക്കായി ഇന്നു നടപ്പിലാക്കി വരുന്ന പദ്ധതികൾ അവരുടെ താൽപര്യമോ കൈവശ ഭൂമിയുടെ വിസ്തീർണ്ണമോ നോക്കാതെയാണ്. വളരെ കുറച്ച് ആൾക്കാരുടെ കൈവശം മാത്രമേ കൃഷിഭൂമിയുള്ളു. മേൽക്കാണിച്ച ഘടകങ്ങൾ കണക്കിലെടുത്ത് പദ്ധതികൾ പുനക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

മൃഗസംരക്ഷണം.

ആടുമാടു വളർത്തലിന് അനുയോജ്യമായ സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ വിഭാഗക്കാർക്ക് ധനസഹായം നൽകുന്നത് പ്രയോജനകരമായിരിക്കും. തൊഴിലില്ലായ്മയ്ക്ക് ഒരു

പരിധിവരെ പരിഹാരം കണ്ടെത്താനും, കുടുംബങ്ങളുടെ വരുമാനം മെച്ചപ്പെടുത്താനും ഇത് സഹായകരമാണ്. സൗകര്യപ്രദമായ പരിധിയിൽ ക്ഷീര വിപണന സംഘങ്ങളും ഉണ്ട്.

വിദ്യാഭ്യാസം

പഞ്ചായത്തിലെ നല്ലൊരു വിഭാഗം പട്ടികജാതിക്കാരും തമിഴ് മേഖയിലാണ്. വയോജന വിദ്യാഭ്യാസവും തമിഴ്മേഖലയിലുള്ള സാക്ഷരതാ പ്രവർത്തനങ്ങളും ഉദ്ദേശിച്ച നേട്ടം കൈവരിച്ചിട്ടില്ല. ഇവരിലെ ദാരിദ്ര്യം കുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്നു. വിദ്യാകേന്ദ്രങ്ങളിൽ തുടർച്ചയായി പോകാതിരിക്കുന്നതും അധ്യയനവർഷത്തിന്റെ ഇടയ്ക്കുവെച്ച് നിർത്തുന്നതും സാധാരണമാണ്. ദാരിദ്ര്യം നിമിത്തം ബാല്യത്തിൽ തന്നെ ചെറിയ ചെറിയ തൊഴിലുകൾ തേടിപ്പോകുന്ന സംഭവങ്ങളും അപൂർവ്വമല്ല. ഉദ:- ആടുമാടു മേയ്ക്കൽ, വീട്ടു ജോലികൾ എന്നിവ. കുടുംബവരുമാനം ഉറപ്പുവരുത്തി തൊഴിലവസരം സൃഷ്ടിച്ചാൽ ഒരു പരിധിവരെ ഇത് പരിഹരിക്കാൻ കഴിയും. ഇവരുടെ വിദ്യാഭ്യാസത്തിന് പ്രീ-പ്രൈമറിതലം മുതൽ പ്രേരണയും ശ്രദ്ധയും അനിവാര്യമാണ്.

കുടിവെള്ളം

തമിഴ് മേഖലയിൽപ്പെട്ട കോളനികളിൽ മാത്രമേ കുടിവെള്ള പ്രശ്നം നേരിടുന്നുള്ളു. മൂലത്തറ ഡാമിന് സമീപം ചെക്ക്ഡാം കെട്ടി വെള്ളം സംഭരിച്ച് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയാൽ പഞ്ചായത്തിലെ മുഴുവൻ കുടിവെള്ള പ്രശ്നങ്ങളും പരിഹരിക്കപ്പെടും.

ഊർജ്ജം

വിറകുപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്നതുമൂലം വരുമാനത്തിന്റെ നല്ലൊരു ഭാഗം നഷ്ടപ്പെടുന്നു. ഇത് കുറയ്ക്കാൻ അനർട്ട് പോലുള്ള ഏജൻസികളുടെ സഹായം ഉറപ്പുവരുത്തുക.

പാർപ്പിടം

എല്ലാവർക്കും വാസയോഗ്യമായ വീടുകൾ ഇല്ല. സർക്കാർ ധനസഹായം ഉപയോഗിച്ചാണ് കൂടുതൽ പേരും വീടുകെട്ടിയിട്ടുള്ളത്. ദാരിദ്ര്യവും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും മൂലം

ഭവന നിർമ്മാണത്തന് സർക്കാർ അനുവദിക്കുന്ന തുക കൊണ്ട് വാസയോഗ്യമായ വീട് നിർമ്മിക്കാൻ ഇവർക്ക് കഴിയുന്നില്ല. ഇപ്പോൾ നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുകയോ നിർമ്മിതി പോലുള്ള സ്ഥാപനങ്ങൾ മുഖേനയോ ചെയ്തുകൊടുക്കുക.

സംസ്ക്കാരം

കോളനികളിൽ വായനശാലയോ വിശ്രമസമയ വിനോദത്തിനുപറ്റിയ സാഹചര്യങ്ങളോ ഇല്ല. ഓരോ സമുദായങ്ങൾക്കും വ്യത്യസ്തമായ നാടൻ കലാ രീതികൾ ഉണ്ട്. ഇതെല്ലാം തന്നെ ജാതിപരമായ ഉച്ചനീചത്വങ്ങളെയും സാമ്പത്തിക-സാമൂഹിക രംഗത്തെ തെറ്റുകളേയും എടുത്തു കാണിക്കുന്നവയും ആണ്. കോളനി നിവാസികൾക്ക് വായിക്കാനും, വിശ്രമ സമയത്തുള്ള വിനോദ രീതികൾക്കും പറ്റിയ തരത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ ഉണ്ടായാൽ മാത്രമേ ഇതിനൊരു പരിഹാരമുണ്ടാവുകയുള്ളൂ.

വനിതാക്ഷേമം

പഞ്ചായത്തിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. ഇവരിൽ കവറ സമുദായക്കാർ ഒഴികെയുള്ളവർ കൃഷിമേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. തമിഴ് മേഖലയിൽ ഉള്ളവരുടെ ജനസംഖ്യയിൽ ചെറിയ ശതമാനം മാത്രമേ സാക്ഷരരായിട്ടുള്ളു. പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളിലാണ് ആരോഗ്യപരമായ കുഴപ്പങ്ങൾ കാണുന്നത്. കുടുംബത്തിലുള്ള ഭാരിച്ച ഉത്തരവാദിത്തവും സാമ്പത്തികകുറവും കാരണം പോഷകാഹാരം ലഭ്യമല്ല; തന്മൂലം ആരോഗ്യകുറവും സംഭവിക്കുന്നു. ഇവരിൽ കൂടുതലും കണ്ടുവരുന്നത് ഗർഭപാത്ര സംബന്ധമായ രോഗങ്ങളും, വാതരോഗവുമാണ്. പരിസരശുചിത്വമില്ലായ്മ മൂലം ധാരാളം രോഗങ്ങളും കണ്ടുവരുന്നു. പരിസര ബോധവൽക്കരണം നടത്തുകയും സ്ഥിര വരുമാന മാർഗ്ഗമുണ്ടാക്കുകയും ചെയ്താൽ ഒരു പരിധിവരെ ഇതിനു പരിഹാരം ആകും.

സഹകരണമേഖല

പഞ്ചായത്തിലുള്ളവരിൽ ട്രൈസം മുതലായ പദ്ധതികൾ അനുസരിച്ച് തൊഴിൽ പരിശീലനം ലഭിച്ച പെൺകുട്ടികളെ സംഘടിപ്പിച്ച് ഉൽപ്പാദന വിപണനമേഖലയിൽ സഹകരണ സംഘങ്ങൾ തുടങ്ങേണ്ടതാണ്.

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനികളുടെ പേര്	താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം	കുടി വെള്ളം	വെളിച്ചം
1	I	വിളയോടി	14	ഉണ്ട്	ഇല്ല
2	I	പുതുശ്ശേരി	13	ഉണ്ട്	ഉണ്ട്
3	II	ആലുമടകൊളംമ്പ്	10	ഇല്ല	ഉണ്ട്
4	II	വയലുകുളം	10	ഉണ്ട്	ഇല്ല
5	III	കരയ്ക്കലകൊളുംമ്പ്	25	ഉണ്ട്	ഉണ്ട്
6	IV	മുതലാംതോട്	12	ഉണ്ട്	ഇല്ല
7	V	പ്ലാച്ചിമട	19	ഉണ്ട്	ഉണ്ട്
8	V	സുന്ദർനഗർ	14	ഉണ്ട്	ഇല്ല
9	VI	കരിപ്പെട്ടിതുറക്കാട്	15	ഇല്ല	ഇല്ല
10	VI	മാമരത്ത്ക്കാട്	12	ഇല്ല	ഇല്ല
11	VI	കൈകാട്ടി	12	ഉണ്ട്	ഇല്ല
12	VI	സ്രാമ്പി	13	ഇല്ല	ഇല്ല
13	VIII	നറണി	15	ഉണ്ട്	ഇല്ല
14	II	അണ്ണാക്കോട്	15	ഇല്ല	ഉണ്ട്
15	IX	എല്ലക്കാട്	14	ഇല്ല	ഇല്ല
16	IX	മീനാക്ഷിപുരം	15	ഉണ്ട്	ഉണ്ട്
17	XI	കുഞ്ചുമേനോൻപതി	13	ഉണ്ട്	ഇല്ല
18	XI	ശരളിപ്പതി	13	ഉണ്ട്	ഇല്ല
19	XI	നെല്ലിമേട് നമ്പൻ 1	10	ഇല്ല	ഉണ്ട്
20	XI	നെല്ലിമേട് നമ്പർ 2	10	ഇല്ല	ഉണ്ട്
21	II	മണിയാട്ടുകൊളുംമ്പ്	30	ഉണ്ട്	ഉണ്ട്

ഗ്രാമസഭയിൽനിന്നും വന്ന നിർദ്ദേശങ്ങൾ

1. ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കു നൽകുന്ന ആനുകൂല്യം വീട്ടിൽ നിന്നും പോയിവരുന്നവർക്കും നൽകുക.
2. വീടില്ലാത്തവർക്ക് വീടും, സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടും നൽകുക.
3. കക്കൂസില്ലാത്തവർക്ക് കക്കൂസും നൽകുക. ഇതിന് ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്നും തുക കണ്ടെത്താം.
4. എല്ലാ കോളനികൾക്കും വൈദ്യുതി നൽകുക.
5. പുറമ്പോക്കിൽ താമസിക്കുന്ന സ്ഥലം പതിച്ചു നൽകുക.
6. കലാകാരന്മാർക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകുക.
7. കോളനികളിൽ ക്രഷുകൾ സ്ഥാപിക്കുക.
8. കൂലിതൊഴിലുകൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുവാൻ ധനസഹായം നൽകുക.
9. താമസ യോഗ്യമല്ലാത്ത വീടുകൾക്ക് അറ്റകുറ്റ പണികൾ ചെയ്യാനും, വയറിങ് ചെയ്യാനും, മേൽപുര പുതുക്കിപ്പണിയാനും സാമ്പത്തിക സഹായം അനുവദിക്കുക.
10. പുൽപ്പായ, പ്ലാസ്റ്റിക് കൊണ്ടുള്ള ഗൃഹോപകരണങ്ങൾ എന്നിവ ഉണ്ടാക്കുന്ന ഉപകരണ സംഘങ്ങൾ സ്ഥാപിക്കുക.
11. പശു, ആട് എന്നിവ വളർത്തുവാൻ ധന സഹായം നൽകുക.
12. പഞ്ചായത്തിലെ 20 കുടുംബങ്ങളിൽ കൂടുതൽ താമസിക്കുന്ന കോളനികളെ I.H.D.P. കോളിനികളായി പ്രഖ്യാപിക്കുക.
13. മരുതൻപാറയിലെ ബാംബു സൊസൈറ്റിയിൽ ചൂരൽ കൊണ്ടുള്ള ഗൃഹോപകരണങ്ങൾ നിർമ്മിക്കാനുള്ള സംവിധാനം ഉൾപ്പെടുത്തി പരിഷ്കരിക്കുക.
14. കയർ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുക.
15. തുടർ സാക്ഷരതാ പ്രവർത്തനം തുടങ്ങുക.
16. തമിഴ് വിദ്യാർത്ഥികൾക്ക് 8-ാം ക്ലാസ്സ് മുതൽ തുടർന്നു പഠിക്കാൻ പഞ്ചായത്ത് സ്ക്കൂളിൽ തമിഴ് വിഭാഗം തുടങ്ങുകയും സമീപത്ത് ഹോസ്റ്റൽ സ്ഥാപിക്കുകയും ചെയ്യുക.
17. സ്ത്രീ കർഷക തൊഴിലാളികൾക്ക് 3 മാസത്തെ പ്രസവാനുകൂല്യം നൽകുക.
18. എല്ലാ കോളനികളിലും ടി.വി. സ്ഥാപിക്കുക.

പട്ടികവർഗ്ഗം

1991-ലെ സെൻസസ് പ്രകാരം 1750 പട്ടിക വർഗ്ഗക്കാരുണ്ട്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 5.9 ശതമാനമാണ്. പുരുഷൻമാർ 909-ഉം സ്ത്രീകൾ 841-ഉം ഉണ്ട്. മലയൻ, എറവാളൻ എന്നീ വിഭാഗക്കാരാണ് പഞ്ചായത്തിലുള്ളത്.

വിദ്യാഭ്യാസ സമൂഹിക മേഖലകളിൽ ഇക്കൂട്ടർ വളരെ പിന്നിലാണ്. ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നതിനുശേഷമാണ് ഇവർക്ക് സ്വന്തമായി കുടികിടപ്പും, മിച്ചഭൂമിയും ലഭിച്ചത്. ലഭിച്ച

മിച്ചഭൂമിയിൽ കൃഷിചെയ്യുന്നതിൽ യാതൊരു താൽപ്പര്യവും ഇവർ പ്രകടിപ്പിക്കുന്നില്ല. നാമമാത്രമായ സംഖ്യ കൈപ്പറ്റി കൃഷി ചെയ്യുവാൻ മറ്റുള്ളവർക്കു വിട്ടു കൊടുക്കുന്ന പ്രവണതയും കണ്ടുവരുന്നു. ഇവരിൽ കൂടുതലും കൂട്ടായി താമസിക്കാനാണ് ഇഷ്ടപ്പെടുന്നതെങ്കിലും ഒറ്റപ്പെട്ടു കഴിയുന്ന സ്ഥലങ്ങളും ഉണ്ട്. തമിഴ് മേഖലയിൽ താമസിക്കുന്നവർ ഇപ്പോഴും ഉച്ച-നീചത്വത്തിൽ നിന്ന് മുക്തരായിട്ടില്ല. മറ്റു ഭാഗങ്ങളിൽ ഇതിന് പ്രത്യക്ഷമായ മാറ്റമുണ്ട്. സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതിക-ളെക്കുറിച്ചും അജ്ഞരായതിനാൽ മറ്റുള്ളവരുടെ ചൂഷണത്തിൽ ഇവർ വിധേയമാവുക സാധാരണ-മാണ്. ഇതുമൂലം സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ഇവർക്കു കഴിയുന്നില്ല. ആരോഗ്യ പരിപാലനത്തിൽ ഇവർ പൊതുവെ ശ്രദ്ധാലുക്കളല്ല. ഇവരുടെ വിവാഹരീതി മറ്റു ഹിന്ദു സമുദായക്കാരുടെ വിവാഹരീതിയോട് സാമ്യമുള്ളതാണ്.

പൊതുവെ നിരക്ഷരർ വളരെ കൂടുതലാണ്. കാരണം ഇവരുടെ വീടുകളിൽ നിന്നു വിദ്യാ കേന്ദ്രങ്ങളിലേയ്ക്ക് വളരെയധികം ദൂരവും, ഭൂരിപക്ഷം ജനങ്ങൾ കൃഷിത്തൊഴിലുമായി ബന്ധപ്പെട്ടു കഴിയുന്നവരുമാണ്. വിദ്യാഭ്യാസപരമായ പുരോഗതിയ്ക്കുവേണ്ടി ഇവരുടെ കോളനികൾക്കു സമീപം ഏകാധ്യാപക വിദ്യാലയം സ്ഥാപിക്കുന്നത് നന്നായിരിക്കും.

തൊഴിൽ

ഭൂരിപക്ഷം ആളുകളും കാർഷിക മേഖലയിൽ പണി ചെയ്യുന്നവരാണ്. ഈ മേഖലയിൽ 100 ദിവസം മുതൽ 120 ദിവസം വരെ മാത്രമേ തൊഴിൽ ലഭിക്കാറുള്ളൂ. തൊഴിലിൽ നിന്ന് ലഭിക്കുന്ന വരുമാനം ഇവരുടെ നിത്യവൃത്തിയ്ക്കു പോലും തികയാറില്ല. കൃഷി പണിയില്ലാത്ത അവസരങ്ങളിൽ ഇവർ പുഴയിൽ നിന്ന് മീൻ പിടിക്കുകയും മുയൽ, കീരി, അണ്ണാൻ, തവള എന്നിവയെ പിടിച്ച് വിറ്റ് ഉപജീവനം കഴിക്കുകയാണ് ചെയ്യുന്നത്. സ്ഥിരമായി തൊഴിൽ ഇല്ലാത്തതുകൊണ്ട് ഇവിടെ ദാരിദ്ര്യം നിലനിൽക്കുന്നു. ഇവർക്കു നൽകുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ഇക്കാരണങ്ങളാൽ കഴിയുന്നില്ല.

ഭൂപരിഷ്കരണ നിയമമനുസരിച്ച് ഇവരിൽ കുറെ ആളുകൾക്ക് ഭൂമി ലഭിച്ചിട്ടുണ്ട്. സ്വന്തം ഭൂമിയിൽ അദ്ധ്വാനിക്കുന്നതിന് ഇവരുടെ ഭാഗത്തുനിന്നും താൽപ്പര്യം കാണിക്കുന്നില്ല. താമസ-സ്ഥലത്തുനിന്നും വളരെയകലെ മിച്ചഭൂമി ലഭിച്ചതുകൊണ്ടും സ്വന്തമായി കൃഷി ചെയ്യാനുള്ള സാമ്പത്തിക സഹായം ഇല്ലാത്തതുകൊണ്ടും പതിച്ചു കിട്ടിയ കൃഷി ഭൂമിയിൽ നല്ലൊരു ശതമാനം തരിശായി കിടക്കുന്നു.

മൃഗസംരക്ഷണം

ഇവരിൽ വളരെ ചുരുക്കം കുടുംബങ്ങളിൽ ആട് വളർത്തി വരുന്നു. അങ്ങിങ്ങായി പശു വളർത്തുന്നവരും ഉണ്ട്. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കൊണ്ട് പശുവിനെ വാങ്ങിയാൽ തന്നെയും കുറച്ച് ദിവസം സംരക്ഷിച്ചതിനു ശേഷം വിൽക്കുകയാണ് പതിവ്. ഇവരുടെ അലസതയാണ് ആടുമാട് വളർത്താത്തതിന്റെ പ്രധാന കാരണം.

ഭൂരിപക്ഷം കോളനികളിലും കുടിവെള്ളം എത്തിയിട്ടില്ല. പഞ്ചായത്തിലെ മൂലത്തറ വില്ലേജിലാണ് കൂടുതൽ കോളനികൾ ഉള്ളത്. വരൾച്ച ബാധിച്ച പ്രദേശമായതിനാൽ കിണറുകളിലും ചില കോളനികളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറുകളിലും സ്ഥിരമായി വെള്ളം ലഭിക്കാറില്ല.

ഇവർക്ക് താമസയോഗ്യമായ വീടുകൾ കുറവാണ്. സ്വന്തമായി വീടില്ലാത്തവർ ധാരാളം ഉണ്ട്. ദാരിദ്ര്യവും നിർമ്മാണ സാമഗ്രികളുടെ വിലകയറ്റവും കാരണം സർക്കാർ അനുവദിക്കുന്ന ധനസഹായം ഉപയോഗിച്ച് വാസയോഗ്യമായ വീടുകൾ നിർമ്മിക്കാൻ കഴിയുന്നില്ല.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. തമിഴ് മേഖലയിൽ സാക്ഷരതാ പ്രവർത്തനം നടന്നിട്ടില്ല. കുട്ടികൾ സ്ക്കൂളിൽ പോകുന്നില്ല. ഹോസ്റ്റൽ സൗകര്യമില്ല.
2. കാർഷിക മേഖലയിൽ തൊഴിൽ അവസരങ്ങളുടെ കുറവ്.
3. സ്വന്തമായി സ്ഥലവും വീടും ഇല്ല. വീടു വെയ്ക്കാനുള്ള ധനസഹായം പര്യാപ്തമല്ല.
4. കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ഇല്ല.
5. കൈവശമുള്ള ഭൂമികൾക്ക് പട്ടയം ലഭിച്ചിട്ടില്ല.
6. ചികിത്സയ്ക്ക് ആനുകൂല്യം ലഭ്യമല്ല.
7. തയ്യൽ പരിശീലന കേന്ദ്രത്തിൽ, പരിശീലനം ലഭിച്ചവർക്ക് തുടർപരിപാടികൾക്ക് സൗകര്യമില്ല.
8. എല്ലാ വീടുകൾക്കും വയറിംഗ് ചെയ്തിട്ടില്ല.
9. വിധവ-വികലാംഗ-കർഷക തൊഴിലാളി പെൻഷനുകൾ അർഹതപ്പെട്ട എല്ലാവർക്കും ലഭിച്ചിട്ടില്ല.
10. ക്രഷുകൾ ഇല്ലാത്തതുമൂലം സ്ത്രീകൾക്ക് പണിക്കു പോകുവാൻ കഴിയുന്നില്ല.

സാദ്ധ്യതകൾ

1. തമിഴ് മേഖലയിൽ സാക്ഷരതാ പ്രവർത്തനം തുടങ്ങുക.
2. തൊഴിലില്ലാത്ത സമയങ്ങളിൽ പ്രദേശത്തിന് യോജിച്ച തൊഴിൽ സംരംഭങ്ങൾ തുടങ്ങുക.
3. വീടില്ലാത്തവർക്കു വീടും, സ്ഥലവും വീടും ഇല്ലാത്തവർക്ക് സ്ഥലവും വീടും അനുവദിക്കുക. കാലോചിതമായി വീട് വെയ്ക്കാനുള്ള ധനസഹായം ഉയർത്തുക.
4. പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചികിത്സാനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുക.
5. വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കുക.
6. സർക്കാരിന്റെ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
7. തയ്യൽ പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ വസ്ത്ര നിർമ്മാണ യൂനിറ്റ് തുടങ്ങുക.
8. വീടുകൾ വൈദ്യുതീകരിക്കുക.
9. എല്ലാ പെൻഷനുകളും അർഹതപ്പെട്ടവർക്കു ലഭ്യമാക്കുക.

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം	കുടിവെള്ളം	വൈദ്യുതി
1	V	ശിൽവാംപതി	7	ഇല്ല	ഇല്ല
2	V	മുള്ളൻതോട്	8	ഇല്ല	ഇല്ല
3	V	പ്ലാച്ചിമട	17	ഉണ്ട്	ഉണ്ട്
4	V	വിജയനഗർ	11	ഇല്ല	ഇല്ല
5	VI	സ്രാമ്പി 1	17	ഇല്ല	ഇല്ല
6	VI	സ്രാമ്പി 2	13	ഇല്ല	ഇല്ല
7	VI	കുട്ടുക്കാരൻകാട്	13	ഇല്ല	ഇല്ല
8	VI	പുരപ്പെട്ടിതുറക്കാട്	19	ഇല്ല	ഇല്ല
9	VI	മീനാക്ഷിപുരം	7	ഇല്ല	ഇല്ല
10	VI	ഇന്ദിരാനഗർ	8	ഉണ്ട്	ഇല്ല
11	VIII	മല്ലൻചള്ള	43	ഉണ്ട്	ഉണ്ട്
12	VIII	കാളിമേനോൻ ചള്ള	6	ഉണ്ട്	ഉണ്ട്
13	VIII	കരടികുന്ന്	9	ഇല്ല	ഇല്ല
14	VIII	മുല്ലകൽ ചള്ള	17	ഇല്ല	ഇല്ല
15	VIII	കന്നിമാരി	9	ഇല്ല	ഇല്ല
16	IX	രാമരപണ്ണ	13	ഉണ്ട്	ഇല്ല
17	IX	മുത്തുസ്വാമി പുതൂർ	11	ഇല്ല	ഇല്ല
18	XI	ചരളിപ്പതി	15	ഇല്ല	ഉണ്ട്
19	XI	കുഞ്ചുമേനോൻപതി	27	ഇല്ല	ഇല്ല
20	XI	വേലൂർ	9	ഇല്ല	ഇല്ല
21	IX	എല്ലിക്കാട്	23	ഇല്ല	ഇല്ല
22	XI	സൂരിപ്പാറ	11	ഉണ്ട്	ഇല്ല
23	XI	സർക്കാർപതി	130	ഉണ്ട്	ഉണ്ട്

6.12

വിഭവസമാഹരണം

കാർഷികാടിത്തറയിലുള്ള പെരുമാട്ടിയിലെ പ്രധാന വിഭവങ്ങൾ കാർഷികവിളകളാണല്ലോ. അവയുടെ ആസൂത്രിതവും ആരോഗ്യകരവുമായ സംഭരണം, വിതരണം, വിപണനം എന്നിവ വളരെ പ്രധാനമാണ്. ഗ്രാമത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുവാനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനമാണ് ആവശ്യം.

തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന പെരുമാട്ടി ഗ്രാമപഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. അതുകൊണ്ടുതന്നെ വ്യവസായ സംരംഭങ്ങൾ കാര്യമായി ഒന്നും തന്നെ ഇതുവരെ പഞ്ചായത്തിലുണ്ടായിട്ടില്ല. ഇതിനുള്ള പ്രധാന കാരണം വലിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് അനുയോജ്യമായ മേഖലയല്ല എന്നതാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും നെൽകൃഷിയുടെ തകർച്ചയും ഈ അവസ്ഥയ്കു ആക്കം കൂട്ടുന്നു. പഞ്ചായത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്നത് കൃഷി സ്ഥലങ്ങളുടെ വ്യാപനമാണ്. അതേസമയം കാർഷിക മേഖലയിലെ ആസംസ്കൃത വസ്തുക്കളായി നെല്ല്, നാളികേരം തുടങ്ങിയവയെ ആധാരമാക്കിയുള്ള വ്യവസായങ്ങൾക്ക് സാധ്യതകൂടുതലുണ്ട്. കാർഷിക മേഖല മാത്രമായതു കൊണ്ട് പഞ്ചായത്തിന്റെ തനതായ വരുമാനവും താരതമ്യേന കുറവാണ്.

കെട്ടിട നികുതി

കെട്ടിട നികുതി ചുമത്തുന്ന രീതി ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു നിലവിൽ കെട്ടിടങ്ങൾക്കു നികുതി ചുമത്തുന്നത് മതിപ്പുവില കണക്കാക്കിയാണ്. മതിപ്പുവില കണക്കാക്കുന്നതിന് കൃത്യമായി മാനദണ്ഡങ്ങൾ ഒന്നും തന്നെ ഇല്ലാത്തതുകൊണ്ട് നികുതി ഇനത്തിൽ കുറവ് സ്വാഭാവികമായും സംഭവിക്കുന്നുണ്ട്. ഇതിനു പകരം കെട്ടിടങ്ങളെ ടെറസ്സ്,

ഓടിട്ടത്, മറ്റുള്ളവ എന്ന രീതിയിൽ തരം തിരിച്ച് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ ഉപ യോഗിച്ചിരിക്കുന്ന സാധനങ്ങളുടെ അടിസ്ഥാനത്തിലും തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും ഓരോ സ്ലാബായി തിരിച്ച് നികുതി നിർണ്ണയിക്കാവുന്നതാണ്. മറ്റു വിഭാഗം കെട്ടിടങ്ങളിൽ ബലമുള്ള ചുമരുകളോടു കൂടിയ ഏതു തരം കെട്ടിടത്തേയും നികുതിനിർണ്ണയ ത്തിൽ ഉൾപ്പെടുത്തേണ്ടതും ചുമരുകളില്ലാത്ത ഓലമേഞ്ഞ കുടിലുകളെ മാത്രം നികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്. ആൾതാമസമില്ലാത്ത കെട്ടിടങ്ങൾക്കും നികുതി പൂർണ്ണമായും ബാധകമാകേണ്ടതാണ്.

നികുതി പിരിവിന്റെ കാര്യക്ഷമതയ്ക്കു വേണ്ടി ഗ്രാമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ബോധവൽക്കരണം നടത്തിയാൽ നികുതിപിരിവ് കൂടുതൽ ഫലപ്രദമാകും. കൂടാതെ വാർഡുകളിൽ നികുതിദായകരുടെ സൗകര്യാർത്ഥം നിശ്ചിതസ്ഥലങ്ങളിൽ ഇരുന്ന് നികുതി പിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നികുതി പിരിച്ചെടുക്കാൻ സഹായിക്കുന്നതിന് ഗ്രാമസഭയിൽ നിന്നും പഞ്ചായത്തു കമ്മറ്റി നിശ്ചയിക്കുന്ന 7 അംഗങ്ങളിൽ കവിയാത്ത ഒരു സമിതി വാർഡ് മെമ്പറുടെ നേതൃത്വത്തിൽ രൂപീകരിക്കാവുന്നതാണ്. ഇത്തരം സമിതി രൂപീകരിക്കാത്തതുകൊണ്ട് പഞ്ചായത്തിന്റെ വികസന പ്രക്രിയയുടെ ഭാഗമായ വിഭവസമാഹരണത്തിൽ ഒരു പങ്ക് ഗ്രാമസഭയ്ക്കും വഹിക്കാൻ സാധിക്കും.

സേവന പ്രവർത്തനങ്ങൾക്കോ പദ്ധതി പ്രവർത്തനങ്ങൾക്കോ അത്യാവശ്യമെന്ന് വരുന്ന പക്ഷം കെട്ടിട നികുതിയുടെ 10 ശതമാനം വരെ സർച്ചാർജ്ജായി പിരിക്കാനുള്ള അധികാരം പഞ്ചായത്തിനുണ്ടാവേണ്ടതാണ്.

തൊഴിൽ നികുതി

തൊഴിൽ നികുതി, സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്നവരിൽ നിന്നും ഏതാനും കൃഷിക്കാരിൽ നിന്നും മാത്രമെ ഇപ്പോൾ വസൂൽ ചെയ്യുന്നുള്ളൂ. ഇതിൽ ഉദ്യോഗസ്ഥന്മാർ ഒഴിച്ചുള്ളവരുടെ കൃത്യമായ കണക്ക് പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ളത് ശരിയല്ല താനും. പഞ്ചായ ത്തിലുള്ള വില്ലേജുകളിൽ സൂക്ഷിച്ചിട്ടുള്ള തണ്ടപ്പേര് കണക്ക് പരിശോധിച്ച് ഒരു ഹെക്ടറോ അതിൽ കൂടുതലോ ഭൂമി കൈവശമുള്ളവരുടെ പട്ടികയെടുത്ത് അങ്ങനെയുള്ള മുഴുവൻ ആളുകളുടെയും പേരിൽ തൊഴിൽ നികുതി ചുമത്തുന്നത് ഉചിതമായിരിക്കും. കൂടാതെ ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിന്റെ പരിധിയിൽപെടുന്ന തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

രജിസ്ട്രേഷനും വസ്തുകൈമാറ്റ നികുതിയും

ഭൂമിയുടെ കൈമാറ്റം നടക്കുമ്പോൾ ശരിയായ വിലകാണിക്കാതെയാണ് ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത്. പഞ്ചായത്ത് തലത്തിൽ വില നിർണ്ണയക്കമ്മിറ്റി രൂപീകരിക്കേണ്ടത് പ്രസ്തുത

കമ്മറ്റിയ്ക്ക് വില നിർണ്ണയിക്കാനുള്ള അധികാരം നിയമപരമായി നൽകുവാൻ നിയമഭേദഗതി വരുത്തേണ്ടതാണ്. ഈ കമ്മറ്റിയുടെ സർട്ടിഫിക്കറ്റോടു കൂടി ഭൂമിയും മറ്റു വസ്തുക്കളും രജിസ്റ്റർ ചെയ്യാനുള്ള രീതി നിയമപരമായി നിലവിൽ വരുത്തേണ്ടതാണ്.

നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൻമേലുള്ള സർചാർജ്ജ് രണ്ട് വിഭാഗമായി തിരിച്ചാണ് പഞ്ചായത്തിന് സർക്കാർ നൽകുന്നത്. അങ്ങനെയുള്ള രണ്ട് വിഭാഗങ്ങളെ ഏകീകരിച്ച് ഒന്നായി മാറ്റാവുന്നതാണ്. കൂടാതെ പ്രസ്തുത നികുതി സർക്കാർ നേരിട്ട് പിരിച്ചെടുത്ത് പഞ്ചായത്തുകൾക്ക് നൽകുകയാണ് പതിവ്. ഇത് കാലതാമസത്തിന് ഇടവരുത്തുന്നു. പഞ്ചായത്ത് രാജിൽ പറഞ്ഞിരിക്കുന്ന പ്രകാരം 5ശതമാനത്തിൽ അധികരിക്കാതെ ആകിൽ പധറഞ്ഞിരിക്കുന്ന ഇനങ്ങളിൻമേൽ ചുമതലപ്പെടുന്ന നികുതി നേരിട്ട് ബന്ധപ്പെട്ട രജിസ്ട്രേഷൻ വകുപ്പ് പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടയ്ക്കാൻ നിയമപരമായി സംവിധാനം ഉണ്ടാകേണ്ടതാണ്. 3 ശതമാനത്തിൽ അധികരിക്കാത്ത തുക ബന്ധപ്പെട്ട വകുപ്പിന് പിരിവ് കൂലി ഇനത്തിൽ സർക്കാർ അക്കൗണ്ടിലേയ്ക്ക് പഞ്ചായത്ത് മാറ്റി കൊടുക്കാവുതാണ്.

അടിസ്ഥാന നികുതി

പഞ്ചായത്തതിർത്തിക്കകത്തു നിന്നും പിരിച്ചെടുക്കുന്ന അടിസ്ഥാന നികുതി പഞ്ചായത്ത് രാജ് ആക്ടിൽ പറയുന്ന പ്രകാരം തൊട്ടടുത്ത മുൻവർഷത്തിൽ പിരിച്ചെടുക്കുന്ന മുറയ്ക്ക് തന്നെ പഞ്ചായത്ത് അക്കൗണ്ടിലടക്കാൻ നിയമഭേദഗതി കൊണ്ടു വരേണ്ടതാണ്. അവശേഷിക്കുന്ന തുക സർക്കാർ പ്രാദേശികമായും തുല്യമായും സാമ്പത്തികവർഷം അവസാനിക്കുന്ന മുറയ്ക്ക് ഓരോ പഞ്ചായത്തിനും വീതിച്ച് നൽകേണ്ടതാണ്.

ക്രമ നമ്പർ	ഇനം	1991 _ 92	1995 _ 96	വ്യത്യാസം
1	കെട്ടിട നികുതി	115178	225663	110485
2	തൊഴിൽ നികുതി	69645	91800	22155
3	ലൈസൻസ് ഫീസ്	12728	14000	1272
4	വിനോദ നികുതി	108894	130802	21908
5	ഉപാധിരഹിതഫണ്ട്	261900	389000	127100
6	ഗ്രാന്റ്	212158	470189	258031
7	ജെ.ആർ.വൈ	222600	515900	293300
8	മറ്റിനങ്ങൾ	565265	132589	432676
	ആകെ	1568368	1969943	401575

ഭൂവരി

നിലവിൽ പഞ്ചായത്ത് ഭൂവരി പിരിക്കുന്നില്ല. പഞ്ചായത്ത്‌രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിന് അതിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ഭൂവരി പിരിക്കാവുന്നതാണ്.

മറ്റ് ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്ത് അതിർത്തിക്കകത്തെ എല്ലാ പുറമ്പോക്ക് ഭൂമികളും പഞ്ചായത്തിൽ നിക്ഷിപ്തമല്ല. മറ്റു വകുപ്പുകളുടെ അധീനതയിലുള്ളതും കൂടി പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്. ഇവയിൽ കൃഷിക്കുപയുക്തമായ പുറമ്പോക്കു ഭൂമിയിൽ നിശ്ചിത സംഖ്യകൾ ഈടാക്കി നിലവിലുള്ള കൈവശക്കാരനോ അല്ലെങ്കിൽ പൊതുവായ ലേലത്തിൽ ആവശ്യമുള്ളവർക്കോ നൽകേണ്ടതാണ്.

നിലവിലുള്ള പുറമ്പോക്കുകളിൽ നിൽപ്പുള്ള ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം അനധികൃതമായി പലരും എടുക്കുന്നു. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ പുറമ്പോക്കുകളും റവന്യൂ വകുപ്പുമായി യോജിച്ച് പരിശോധിച്ച് അതിൽ നിൽപ്പുള്ള എല്ലാത്തരല വൃക്ഷങ്ങളും രേഖപ്പെടുത്തി മരങ്ങളിൽ നമ്പറിട്ട് ഇതിനായി രജിസ്റ്റർ സൂക്ഷിക്കുകയും, മരങ്ങളിലുള്ള ആദായം ലേലം ചെയ്ത് പഞ്ചായത്തിൽ മുതൽ കൂട്ടേണ്ടതാണ്.

നിലവിൽ പുഴമണൽ ലേലം റവന്യൂ വകുപ്പാണ് നടത്തുത്. പ്രസ്തുത ലേലം പഞ്ചായത്തിനു തന്നെ നേരിട്ടു നടത്താവുന്നതാണ്. അത്തരത്തിൽ മണൽ വാരുന്നത് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാത്ത രീതിയിൽ ശാസ്ത്രീയമായി നീരുറവയ്ക്കു കോട്ടം തട്ടാതെ ആയിരിക്കണം.

തമിഴ്നാട്ടിലെ പ്രസിദ്ധ ചന്തയായ പൊള്ളാച്ചിയിൽ നിന്നും അസംഖ്യം കന്നുകാലികൾ അതിർത്തിയോട് തൊട്ടുകിടക്കുന്ന നമ്മുടെ പഞ്ചായത്തിലൂടെ ശേരളത്തിലേക്ക് അടക്കുന്നുണ്ട്. ഒരു ഉരുവിന് ഒരു രൂപാ എന്ന നിരക്കിൽ അതിർത്തി കടക്കുന്ന എല്ലാ കന്നുകാലികൾകും പ്രവേശന നികുതി ചുമത്തി പിരിക്കുന്നതിന് പഞ്ചായത്തിനു അധികാരം ഉണ്ടായിരിക്കേണ്ടതാണ്.

പഞ്ചായത്ത് അതിർത്തിക്കകത്ത് ഉൽപ്പാദിപ്പിച്ച് പഞ്ചായത്തതിർത്തിക്കകത്തു തന്നെ വിൽക്കപ്പെടുന്നതും പഞ്ചായതിർത്തിക്കു പുറത്തേക്കു കൊണ്ടു പോകുന്നതുമായ ഓരോ ലിറ്റർ കള്ളിനും ഒരു രൂപാ നിരക്കിൽ സർചാർജ്ജ് ചുമത്തി ഈടാക്കാൻ പഞ്ചായത്തിന് അധികാ,രമുണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിലേക്ക് ബന്ധപ്പെട്ട വ്യക്തികൾ ആഴ്ചയിലൊരികൽ പഞ്ചായത്തിന് റിട്ടേൺസ് നൽകുന്നതിനോടൊപ്പം സർചാർജ്ജ് പഞ്ചായത്തിൽ നേരിട്ടടക്കാൻ അബ്കാരി നിയമത്തിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. കൂടാതെ കള്ളുഷാപ്പുകളിൽ വിൽക്കപ്പെടുന്ന കള്ളിന് ലിറ്റർ ഒന്നിന് പരമാവധി വില സർക്കാർ നിജപ്പെടുത്തേണ്ടതാണ്. സർവ്വോപരിയ ചെത്തുതൊഴിലിനും അബ്കാരി ഷാപ്പുകൾക്കും ലൈസൻസ് നൽകാനുള്ള അധികാരം നിയമം മൂലം പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

1996 ലെ ശേരളാ പഞ്ചായത്ത് രാജ് (ആപൽകരവും ആസഹ്യകരവുമാ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസിനത്തിൽ ചുമത്താവുന്ന തുക ഒരു ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളവരെ ഒറ്റ സ്ലാബായി ഉൾപ്പെടുത്തിയിരിക്കുകയാണ്. ഒരു ലക്ഷത്തിനു മുകളിൽ ഓരോ 5 ലക്ഷത്തിനും രണ്ടായിരം എന്ന തോതിൽ പുതുക്കി നിശ്ചയിച്ച് ചട്ടങ്ങൾ ഭേദഗതി ചെയ്താൽ പഞ്ചായത്തിന് ആ ഇനത്തിൽ ഉള്ള വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന ഗ്രാമസഭാസമിതി ഈ ചട്ടപ്രകാരം എല്ലാ. സ്ഥാപനങ്ങളും വ്യക്തികളും നിശ്ചിത ഫീസ് കൃത്യമായി അടയ്ക്കുന്നുഡെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഗ്രാന്റുകൾ

പഞ്ചായത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് വളരെ പരിമിതമാണ്. തസ്തികയിനത്തിൽ ചിലവു വരുന്നതുക പൂർണ്ണമായും സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ടതാണ് വെഹികിൾ ടാക്സ്, കോമ്പൻസേഷൻ വില്ലേജ് റോഡ് മെയിന്റനൻസ് എന്നീ ഇനങ്ങളിലുള്ള ഗ്രാന്റ് ഇന്നത്തെ വിഹിതത്തിൽ നിന്നും പത്ത് മടങ്ങായി എങ്കിലും വർദ്ധിപ്പിച്ചാൽ മാത്രമേ പ്രസ്തുത ഇനങ്ങളിലുള്ള കുറവ് പഞ്ചായത്തിന് നികത്താൻ സാധിക്കുകയുള്ളൂ.

ഉപാധിരഹിതഫണ്ട് ഇനത്തിൽ അനുവദിച്ച് ലഭിച്ചുകൊണ്ടിരിക്കുന്ന തുക വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് അപര്യാപ്തമാകയാൽ ഈ ഇനത്തിൽ സർക്കാർ അനുവദിക്കുന്ന തുക ഇന്നത്തെ നിരക്കിൽ നിന്ന് കുറഞ്ഞത് പത്ത് മടങ്ങെങ്കിലും വർദ്ധിപ്പിക്കേണ്ടതാണ്. കൂടാതെ പ്രത്യേക ആവശ്യങ്ങൾക്കായി പഞ്ചായത്ത് ആവശ്യപ്പെടുന്ന തുക പ്രത്യേക ഗ്രാന്റായി ആവുന്നത്ര പെടെന്ന് സർക്കാർ അനുവദിക്കുന്ന പക്ഷം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് അത് ആകം കൂട്ടും.

ക്രമ നമ്പർ	ഇനം	1991 _ 92	1995 _ 96	വ്യത്യാസം
1	ഭരണം	344155	495183	151028
2	പൊതുമരാമത്ത്	452287	569055	116768
3	പൊതുജനാരോഗ്യം	28953	213421	184468
4	തെരുവ് വിളക്കുകൾ	43308	47400	4092
5	ജെ.ആർ.വൈ	222600	125416	97184
6	മറ്റിനങ്ങൾ	386823	403879	17056
	ആകെ	1478126	1854354	376228

60.79 ച.കിമി. വിസ്തീർണ്ണമുള്ള പഞ്ചിയത്തിൽ പെതുമരാമത്തിനാണ് ചിലവുതുകയിൽ സിംഹഭാഗഭാഗവും വിനിയോഗിക്കപ്പെടുന്നത്. അതിൽത്തന്നെ റോഡു നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കുമാണ് ഏറിയ പങ്കും ചിലവു വരുന്നത്.

അടുത്ത പ്രധാന ഇനം ഭരണപരമായ ചിലവുകളാണ്. ഒന്നാം ഗ്രേഡ് പഞ്ചായത്താണിത്. പഞ്ചായത്തിൽ നിലവിൽ 17 സ്റ്റാഫ് അംഗങ്ങൾ ഉണ്ട്. കൂടാതെ പഞ്ചായത്ത് സമിതിയിലെ 11 അംഗങ്ങളും പുതിയ സംവിധാനം വരുന്നതോടു കൂടി ഭരണപരമായ ചിലവുകൾ വർദ്ധിക്കുവാനാണ് സാദ്ധ്യത. അതിനൊത്തു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

അടുത്ത പ്രധാന ഇനം കുടിവെള്ള വിതരണവും തെരുവുവിളക്കുകൾ സ്ഥാപിക്കലുമാണ്. കുടിവെള്ള വിതരണ മേഖലയിൽ ഒരു ഭാരിച്ച സംഖ്യ ഇന്ന് കേരളാ വാട്ടർ അതോറിട്ടിക്ക് കുടിശ്ശികയായി നിൽക്കുന്നുണ്ട്. പ്രസ്തുത കുടിശ്ശിക എഴുതിതള്ളാൻ വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ച് പ്രസ്തുത ബാദ്ധ്യത ഇല്ലാതാക്കേണ്ടതാണ്. പുതിയ സംവിധാന പ്രകാരം കുടിവെള്ള വിതരണ മേഖല പഞ്ചായത്തിനെ ഏൽപ്പിക്കുന്നത് സ്വീകാര്യമായിരിക്കും. വൈദ്യുതി വിതരണം അനുബന്ധ പ്രവർത്തനങ്ങളും പഞ്ചായത്തിന്റെ ചുമതലയിൽ വന്നാൽ ഇന്ന് വൈദ്യുതി വിതരണ മേഖലയിൽ കണ്ടു വരുന്ന അപാകതകൾ പരിഹരിക്കാൻ കഴിയും.

മേൽ പട്ടിക പരിശോധിച്ചാൽ ചിലവഴിക്കുന്ന സംഖ്യയിൽ ഭൂരിഭാഗവും സേവനമേഖലയിലേക്കാണ് വിനിയോഗിച്ചിരിക്കുന്നത് എന്ന് കണാം. നേരേ മറിച്ച് പ്രത്യുല്പാദനപരമായ മേഖലയിൽ ഒരോ വാർഷവും 40 ശതമാനം എങ്കിലും തുക വിനിയോഗിക്കാൻ പദ്ധതികൾ. തയ്യാറാക്കാവുന്നതാണ്.

പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിനാവശ്യമായ വിഭവത്തിന്റെ കുറവ്.
2. നികുതി നിർണ്ണയത്തിലേയും പിരിവിലേയും അപാകതകൾ.
3. പ്രകൃതി വിഭവങ്ങളെ ശാസ്ത്രീയമായി ചൂഷണം ചെയ്ത് ഉപയോഗിക്കാതിരിക്കൽ.
4. മനുഷ്യ വിഭവത്തെ നേരായ രീതിയിൽ ഉപയോഗിക്കാതിരിക്കൽ.
5. കാർഷിക മേഖലയിലെ മാന്ദ്യത.
6. വ്യവസായിക വല്ക്കരണത്തിന്റെ മുരടിപ്പ്.
7. വില്പനനികുതി പിരിവിലെ ചോർച്ച.
8. വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടുമ്പോൾ വസ്തുക്കൾക്കു നിർണ്ണയിക്കപ്പെടുന്ന വിലയിലെ കുറവ്.
9. ദേശീയ സമ്പാദ്യ പദ്ധതി നടപ്പാക്കുന്നതിൽ ജനപങ്കാളിത്തത്തിന്റെ കുറവ്
10. ഓരോ നിയോജകമണ്ഡലത്തിന്റെയും ആവശ്യങ്ങളെല്ലാം നിറവേറ്റുന്നതിന് വിഭവക്കുറവു മൂലം പഞ്ചായത്തിന് സാധിക്കുന്നില്ല.

സാദ്ധ്യതകൾ

1. ഗവൺമെൻറ് ഗ്രാൻറുകൾ യഥാസമയം ലഭ്യമാക്കുക
2. പദ്ധതി വിഹിതയിനത്തിൽ 35-40 ശതമാനം തുക കൃത്യമായും പഞ്ചായത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
3. നികുതി പിരിവ് കാര്യക്ഷമമാകാൻ ഗ്രാമസഭാടിസ്ഥാനത്തിൽ 7 ൽ കവിയാത്ത അംഗങ്ങൾ ഉൾപെടുന്ന ഒരു സമിതി മെമ്പറുടെ അധ്യക്ഷതയിൽ നിയമപരമായി രൂപീകരിക്കുക.
4. പുറമ്പോക്കു ഭൂമികൾ അളന്നു തിട്ടപ്പെടുത്തി കാര്യക്ഷമമായി ഉപയോഗിക്കുക.
5. തരിശു ഭൂമികളിലും, പുഴ പുറമ്പോക്കുകളിലും തൊഴിൽ രഹിതരായ യുവതീയുവാക്കളുടെ നേതൃത്വത്തിൽ ഫല വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുക.
6. ചെത്തുതൊഴിലിലുള്ള ലൈസൻസ്സ് പഞ്ചായത്ത് നൽകുക.
7. ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
8. വൈദ്യുതി, ജലസേചനം എന്നിവ യഥാസമയം ലഭ്യമാക്കിയാൽ വ്യവസായ സ്ഥാപനങ്ങളും കൃഷിയും കൂടുതൽ കാര്യക്ഷമമാക്കാം.
9. പഞ്ചായത്തതിർത്തിക്കകത്തെ കുളങ്ങളിൽ മീൻ വളർത്തൽ പ്രോത്സാഹിപ്പിക്കുക.
10. ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങൾ സഹകരണ സംഘ്ങ്ങൾ വഴി സമാഹരിച്ച് വിപണനം നടത്തുക.
11. ദേശീയ സമ്പാദ്യ പദ്ധതി, മഹിളാ സമൃദ്ധി യോജന തുടങ്ങിയ പദ്ധതികൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമാക്കുക. അതു മുഖേന വിഭവസമാഹരണം വർദ്ധിപ്പിക്കാൻ സാധിക്കും.
12. വിൽപ്പന നികുതി, രജിസ്ട്രേഷൻ ഫീസ് ഇവയുടെ വിഹിതം പഞ്ചായത്തിനു നൽകുന്നത് ഉയർത്തുക.
13. വിൽപ്പനനികുതി പിരിച്ചെടുക്കാനുള്ള അധികാരം പഞ്ചായത്തിനു ലഭ്യമായാൽ ഇന്ന് സർക്കാർ ഖജനാവിൽ എത്തുന്നതിന്റെ പതിന്മടങ്ങ് വരുമാനം ഉണ്ടാകും.
14. ഏകാംഗ ട്രഷറി പഞ്ചായത്തിൽ സ്ഥാപിക്കുക.

6.13

ടൂറിസം

ഒരു പ്രധാനപ്പെട്ട സംസ്ഥാന ഹൈവേ കടന്നു പോകുന്ന പഞ്ചായത്താണിതു്. പറമ്പിക്കുളം, മലമ്പുഴ, പഴനി, കൊടൈക്കാനാൽ, ശബരിമല എന്നിവടങ്ങളിലേക്ക് ധാരാളം ടൂറിസ്റ്റുകളും, ഭക്തജനങ്ങളും പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. തൃശ്ശൂർ വഴി വരുന്ന ഇത്തരക്കാർക്ക് വിശ്രമസങ്കേതങ്ങൾ ഒന്നും തന്നെയില്ല.

പഞ്ചായത്തിൽ സേറ്റ്റ്റ് ഹൈവേയോടും ശോകനാശിനി പുഴയോടും ചേർന്ന് കമ്പാലത്തറ ഡാമും, വെങ്കലക്കയം ഡാമും സ്ഥിതി ചെയ്യുന്നു. ഇതിൽ ഇപ്പോൾ വെള്ളം കയറാത്ത കുറേ സ്ഥലം ഒഴിഞ്ഞു കിടക്കുന്നു. ഈ സ്ഥലത്ത് ടൂറിസ്റ്റുകൾക്ക് താമസ്സൗകര്യം ഏർപ്പെടുത്തുകയും ഡാമിൽ മത്സ്യം വളർത്തുകയും ചെയ്യാം.

കമ്പാലത്തറ ഡാം 89.0049 ഹെ., വെങ്കലക്കയം 66.8935 ഹെ. വിസ്തീർണ്ണമുള്ളതുമാണ്. ഇതിൽ എല്ലാ ഭാഗത്തും ഇന്നു വരെ വെള്ളം കയറ്റി നിലനിർത്തിയിട്ടില്ല. ഏതാനം ഭാഗം ഉയർന്നു നിൽക്കുന്നതാണ് ഇതിനു കാരണം. ഈ സ്ഥലം മോടി പിടിപ്പിച്ച് ടൂറിസത്തിനുപയോഗിക്കാവുന്നതും ഇതുകൊണ്ട് പഞ്ചായത്തിന് വരുമാനം വർദ്ധിക്കുകയും തൊഴിൽരഹിതരായ കുറച്ചു പേർക്കെങ്കിലും തൊഴിൽ ലഭ്യമാവുകയും ചെയ്യും.

7

ഉപസംഹാരം

ഡിപ്പാർട്ട്മെൻറലിസമായി അധഃപതിച്ച് ജനവിരുദ്ധവും കേന്ദ്രീകൃതവും അശാസ്ത്രീയവുമായ ഒരു ആസൂത്രണ സമീപനമാണ് നിലവിലുള്ളത്. വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലത്ത സ്കീമുകൾ തയ്യാറാക്കലായി ആസൂത്രണം അധഃപതിച്ചു. വികേന്ദ്രീകൃത ആസൂത്രണ പ്രക്രീയയിലൂടെ ഈ പോരായ്മകൾ പലതും പരിഹരിക്കാൻ കഴിയും. ഉൽപ്പാദന വികസനം നമ്മുടെ ക്ഴ്ചപ്പാടിൽ നിന്നും അകലെയാണ്. കാർഷിക വ്യവസായ വളർച്ചയിലൂടെ സേവന മേഖലയുടെ വികസനമാണ് ഇന്ന് നമ്മുക്കാവശ്യം. ജനപങ്കാളിത്തവും ജനശക്തിയും വളർത്തി ഈ രംഗം സജീവമാക്കണം. ഗ്രാമത്തിൻെറ ആവശ്യങ്ങൾ മനസ്സിലാകാതെ കേന്ദ്രത്തിൽ നിന്നനുവദിക്കുന്ന പദ്ധതി വിഹിതത്തിൻെറ ചെറിയൊരംശം മാത്രമെ ഇന്നു ഗ്രാമങ്ങളിൽ എത്തിചേരുന്നുള്ളൂ.

സാമ്പത്തിക വർഷത്തിൻെറ അവസാനം ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ ധൃതി പിടിച്ച് ഒരു രൂപവുമില്ലാതെ ചിലവാക്കലാണ് ഇപ്പോൾ നടക്കുന്നത്. ഇതിൽ ഏറ്റവുമധികം നഷ്ടം സഹിക്കുന്നത് പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. അവരുടെ ഉന്നമനത്തിനു വേണ്ടി വിനിയോഗിക്കേണ്ട സംഖ്യയുടെ ചെറിയ ഒരംശം മാത്രമെ പലപ്പോഴും ആവർക്കു ലഭിക്കുന്നുള്ളൂ.

പഞ്ചായത്തിൻെറ വികസനം കൃഷിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. വെള്ളവും വൈദ്യുതിയും ഇതിന് അത്യന്താപേക്ഷിതമാണ്. പറമ്പിക്കുളം ആലിയാർ കരാർ കാലാകാലങ്ങളിൽ പുതുക്കുവാനുള്ള സന്നദ്ധത സർക്കാർ പ്രകടിപ്പിക്കേണ്ടതാണ്.

ചിറ്റൂർ പുഴ ജലവിതരണ ഉപദേശക സമിതിയിൽ ഗ്രാമപഞ്ചാ ത് പ്രതിനിധിയെ ഉൾപ്പെടുത്തുകയും, പുഴയിൽ മഴക്കാലത്ത് പാഴായി ഒഴുകി പോകുന്ന വെള്ളം സംഭരി കൃഷിക്ക് ഉപയുക്തമാക്കുകയും, വൈദ്യുതി വിതരണച്ചുമതല പഞ്ചായത്തിന്റെ മേൽ ട്ടത്തിൽ കൊണ്ടുവരുകയും ചെയ്താൽ പഞ്ചായത്തിന്റെ വികസനം ലക്ഷ്യപ്രാപ്തി ലെത്താൻ കഴിയും.

വികസനം സാദ്ധ്യമാകണമെങ്കിൽ ധനം ആവശ്യമാണ്. പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ ഗ്രാമപഞ്ചായത്തിനു കഴിയണം. ഇതിനു സർക്കാരിനെ മാത്രം ആശ്രയിച്ചിട്ടു കാര്യമില്ല. മറ്റു സാമ്പത്തിക ഏജൻസികളെ കണ്ടുപിടിച്ച് പഞ്ചായത്തിലെ ജനങ്ങൾക്ക് ഗുണകരമായ പദ്ധതികൾ സമർപ്പിച്ച് ധനശേഖരണം നടത്താൻ ഇന്ന് ബുദ്ധിമുട്ടില്ല.

പദ്ധതികൾ നടപ്പാക്കുമ്പോൾ ക്രിയാത്മക സമീപനം പ്രായോഗികമാക്കണം. വിഭവഭൂപടങ്ങൾ, സർവ്വെ റിപ്പോർട്ടുകൾ എന്നിവ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഇവ നിർമ്മിക്കാനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർക്കേണ്ടിയിരിക്കുന്നു.

വികസനം, അതിന്റെ എല്ലാ അർത്ഥത്തിലും എത്തിക്കാൻ വികസന മാർഗ്ഗങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. ജനകീയവും, കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണന നിർണ്ണയിക്കാൻ.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ ഉപയോഗിച്ച് ചരിത്രപരമായ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി വസ്തുനിഷ്ഠമായി ചർച്ച ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം.

ഗ്രാമസഭകളുടെ ജനകീയ ശക്തിയിൽ ഗ്രാമ വികസനത്തിന്റെ വേലിയേറ്റം സൃഷ്ടിക്കാൻ നമ്മുക്ക് കഴിയും, കഴിയണം.

മഹത്തായ ഈ അഭിലാഷം നിറവേറ്റാൻ അടുത്ത കാലത്തു തന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ സമഗ്രവികസനരേഖ " പെരു ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിന്" മുമ്പാകെ വിശദമായ വിശകലനത്തിനും, ചർച്ചയ്ക്കും, നിരീക്ഷണത്തിനും വേണ്ടി സമർപ്പിക്കുന്നു.

കെ. ചെന്താമര
പ്രസിഡണ്ട്
പെരുമാട്ടി ഗ്രാമപഞ്ചായത്ത്.

With best compliments from :

The Perumatty Services Co-op Bank Ltd No. 757

Vandhithavalam
Br. Vilayodi

"A Class Bank"

President
K. Krishnankutty

Secretary
I.V. Krishnan B.Com

With best compliments from :

The Moolathara Service Co-op Bank Ltd No. 518

Meenakshipuram Ph : 334227

Br. Kannimary Ph : 332340

President
N.C. Velappan

Secretary
K. Sundarasamy